www.malankaralibrary.com

# ഐക്യദീപം

AIKYADEEPAM

SINCE 1976

വില 10 രൂപ  മെയ് 2023

## കേരള സഭാനവീകരണം
## 2022–2025

www.malankaralibrary.com




പായിപ്പാട് സെന്റ് ജോർജ് ഇടവകാംഗമായ പുനക്കുളത്ത് ജേക്കബ് മാത്യുവിന്റെയും ഷേർളി ജേക്കബിന്റെയും മകൻ **സച്ചിൻ ജേക്കബും** എറണാകുളം ഞാറയ്ക്കൽ ക്രിസ്തുരാജ ഇടവകാംഗമായ മയ്യാറ്റിൽ ജോസഫ് ഡാന്റിസിന്റെയും ജെസ്സി ലിനറ്റിന്റെയും മകൾ **ഗ്ലെന്റാ ഡാന്റിസും** തമ്മിലുള്ള വിവാഹം 2023 ഏപ്രിൽ 20 ന് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ആശീർവദിച്ചു.






നെടുമ്പ്രം അച്ചുതപറമ്പിൽ സജി എം. തോമസിന്റെയും ബെക്സി സജിയുടെയും മകൾ **ജ്യുവൽ മരിയ സജി**യുടെ ആദ്യകുർബാന സ്വീകരണം 2023 ഏപ്രിൽ 19 ന് നെടുമ്പ്രം സെന്റ് വിൻസെന്റ് ഡി പോൾ ദൈവാലയത്തിൽ വച്ച് ബഹു. ഏബ്രഹാം തൈപറമ്പിലച്ചന്റെ മുഖ്യ കാർമികത്വത്തിലും ബഹു. വർഗീസ് കണ്ടത്തിലച്ചന്റെ സഹകാർമികത്വത്തിലും നടത്തപ്പെട്ടു. നെടുമ്പ്രം അച്ചുതപറമ്പിൽ എം.എം. തോമസിന്റെയും പരേതയായ അന്നമ്മ തോമസിന്റെയും തടിയൂർ പനയ്ക്കാമണ്ണിൽ പരേതനായ ബേബി ചെറിയാന്റെയും റോസമ്മ ബേബിയുടെയും കൊച്ചുമകളാണ്.

www.malankaralibrary.com


# ഐക്യദീപം
aikyadeepam

പുസ്തകം 54 ലക്കം 5 2023 മെയ്

| രക്ഷാധികാരി | ചീഫ് എഡിറ്റർ | മാനേജർ | പ്രസാധകൻ | സർക്കുലേഷൻ മാനേജർ | ഓഫീസ് സ്റ്റാഫ് |
|---|---|---|---|---|---|
| മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ | ഫാ. വർഗ്ഗീസ് ചാമക്കാലായിൽ | ഫാ. മാത്യു പുനക്കുളം | തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്‌ക്കോപ്പാ | ഫാ. സിറിൾ പട്ടശ്ശേരിൽ | ചിന്നു എൽസ ഐസക് |

ഉപദേശക സമിതി

ഫാ. ഡോ. തോമസ്‌കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ, റവ. സി. അലീന എസ്.ഐ.സി., റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു, ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്


## ഉള്ളടക്കം
contents



4 എഡിറ്റോറിയൽ


5 ഇടയശബ്ദം













### സ്ഥിരം പംക്തികൾ

30. സുറിയാനി സഭാ പാരമ്പര്യം
ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ

37. ജാലകം
മെർലിൻ റ്റി. മാത്യു

40. സുറിയാനി ഭാഷാ പഠനം
ഫാ. ഡോ. രാജു പറക്കോട്ട്

42. ആരോഗ്യം
ഡോ. ടീന ജേക്കബ്

48. മല്പാനോട് ചോദിക്കാം



Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

www.malankaralibrary.com

# Editorial എഡിറ്റോറിയൽ



ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
ചീഫ് എഡിറ്റർ

നിന്റെ ആത്മീയതയുടെയും
വിശ്വാസത്തിന്റെയും
നെരിപ്പോടുകളിൽ തീ കെട്ട്
തുടങ്ങിയെങ്കിൽ...
നിന്റെ സ്നേഹത്തിന്റെ
കൽഭരണികൾ ശൂന്യമായി
തുടങ്ങിയെങ്കിൽ...
തീകൂട്ടുവാൻ ഇനിയും
സമയമുണ്ട്...
കൽഭരണികളിൽ
സ്നേഹത്തിന്റെ വീഞ്ഞ്
നിറയ്ക്കാൻ ഇനിയും
സമയമുണ്ട്...




നൈരന്തര്യം നവമാകേണ്ട അനുഭവമാണ് ജീവിതം. വിശ്വാസവും സ്നേഹവും ആത്മീയതയും ഒക്കെ, ജീവിതയാത്രയുടെ തിരക്കും ആകുലതയും സമയമില്ലായ്മയും കൊണ്ട് പൊടി മൂടിയെങ്കിൽ കൂടുതൽ ശോഭിതമാക്കുവാൻ... ഒന്നു തൊട്ടുണർത്തുവാൻ ഇതാ സമയമായിരിക്കുന്നു... കരിന്തിരി കത്തുന്ന നിലവിളക്കിൽ എണ്ണ ചാലിച്ച് തിരികൾ ഒരുക്കി പ്രകാശിതമാക്കാം... മറന്നുപോയ വഴികളിലേക്ക് തിരികെയെത്താം... നാം മറന്നുപോയവരുടെ അരികിലേക്ക് തിരിച്ചു നടക്കാം... തകർന്നുപോയ ബന്ധങ്ങളെ പടുത്തുയർത്താം...

കേരള കത്തോലിക്കാ സഭ നവീകരണത്തിന്റെ പാതയിൽ ഒരു പുതിയ തിരി തെളിയിക്കുകയാണ്... 2022 മുതൽ 2025 വരെ ഉള്ള കാലഘട്ടം ഇതിനായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു. സ്വയം നവീകരണം ആണ് യഥാർത്ഥ നവീകരണം. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് നമ്മെ ഓർമിപ്പിക്കുന്നുണ്ട്, "എന്റെ സഭ നന്നാകുവാൻ ഞാനാണ് ആദ്യം നന്നാകേണ്ടത്." ഇത് നാം ജീവിതത്തിൽ ആകമാനം പുലർത്തുവാനും പകർത്തുവാനും തയ്യാറാകേണ്ട പാഠമാണ്. എന്റെ സഭ... എന്റെ കുടുംബം... എന്റെ ജീവിതപങ്കാളി... എന്റെ ഇടവക... എന്റെ നാട്... എന്റെ രാജ്യം എല്ലാം നവമാകാൻ ഞാൻ മാറേണ്ടിയിരിക്കുന്നു. മാറ്റം നമ്മിൽ നിന്ന് തന്നെ തുടങ്ങാം. തന്നിൽ നിന്ന് തുടങ്ങുന്ന മാറ്റങ്ങൾക്ക് മാത്രമേ സ്ഥായിയായ നിലനിൽപ്പ് ഉള്ളൂ.

ആലസ്യത്തിന്റെ പടം പൊഴിച്ച് ആത്മീയ ഉണർവിന്റെ ഒരു പുറംകുപ്പായം ധരിക്കാം. നിന്റെ ആത്മീയതയുടെയും വിശ്വാസത്തിന്റെയും നെരിപ്പോടുകളിൽ തീ കെട്ട് തുടങ്ങിയെങ്കിൽ... നിന്റെ സ്നേഹത്തിന്റെ കൽഭരണികൾ ശൂന്യമായി തുടങ്ങിയെങ്കിൽ... തീകൂട്ടുവാൻ ഇനിയും സമയമുണ്ട്... കൽഭരണികളിൽ സ്നേഹത്തിന്റെ വീഞ്ഞ് നിറയ്ക്കാൻ ഇനിയും സമയമുണ്ട്... ഈ നവീകരണ കാലഘട്ടം നമുക്ക് പുതിയ അനുഭവം ആകട്ടെ; സഭയ്ക്ക് പുതുജീവൻ ലഭിക്കട്ടെ.

www.malankaralibrary.com



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)

# ഇടയശബ്ദം

# സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

കേരളകത്തോലിക്കാസഭ 2022 മുതൽ 25 വരെയുള്ള കാലഘട്ടത്തെ വിശുദ്ധീകരണ-നവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. 2022 ജൂൺ 5-ാം തീയതി ഉദ്ഘാടനം ചെയ്ത ഈ പദ്ധതി 2025 ലെ പെന്തക്കുസ്താദിനമായ ജൂൺ 8 വരെയുള്ള കാലഘട്ടത്തിൽ ആചരിക്കപ്പെടുന്നു. സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം (എഫേ. 2;20-22) എന്ന ദർശനമാണ് ഈ യാത്രയ്ക്ക് ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്നത്. പരി. മാർപ്പാപ്പ തിരുമേനി സിനഡാലിറ്റിയെക്കുറിച്ച് പഠിക്കണമെന്നും ആ ചിന്തയിൽ തന്നെ ഒരു സുന്നഹദോസ് കൂടുന്നു എന്നും പ്രഖ്യാപിച്ചുവല്ലോ. ഒരുമിച്ചുള്ള യാത്ര, പങ്കാളിത്വം, സാക്ഷ്യം ഈ 3 മേഖലകളാണ് നാം വിചിന്തനം ചെയ്യേണ്ടതും നവീകരണത്തിനു വിധേയമാക്കേണ്ടതും. സഭ ക്രിസ്തുവിന്റെ മണവാട്ടിയായിരിക്കുന്നതുകൊണ്ട് ക്രിസ്തു മനോഭാവം സഭയിൽ തിളങ്ങി വിളങ്ങണം. അതായത് "ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും സ്വന്തജീവൻ മോചനദ്രവ്യമായി നൽകുവാനും". കാൽ കഴുകൽ ശുശ്രൂഷയിൽ കർത്താവു പറഞ്ഞു ഞാൻ നിങ്ങളുടെ ഇടയിൽ പരിചരിക്കുന്നവനെപ്പോലെയായിരുന്നു എന്ന്. സഭയുടെ മുഖ മുദ്ര എളിമയും വിനയവുമാർന്ന ശുശ്രൂഷ എന്നതാണ്. അധികാരം പ്രയോഗിച്ച് ഒന്നാമനാകുവാനും മറ്റുള്ളവരെ ഞെരുക്കുവാനും ശ്രമിക്കുന്ന ശൈലി അല്ല. ക്രിസ്തുവിനുള്ളവർ : ഒന്നാമൻ എല്ലാവരുടെയും ദാസനാണ്. വിനയത്തിലും എളിമയിലുമാണ് ഒന്നാമൻ, അല്ലാതെ മുഖ്യസ്ഥാനങ്ങളിലല്ല. ഈ കാലഘട്ടത്തിൽ നാം പ്രാവൃത്തികമാക്കേണ്ട കാര്യവും ഇതുതന്നെ. എതിരാളികളെ തേജോവധം ചെയ്തും തന്ത്രങ്ങൾ മെനഞ്ഞ് ഒഴിവാക്കിയും പൊള്ളയായ വാഗ്ദാനങ്ങൾ ചെയ്ത് മനുഷ്യനെ വഞ്ചിച്ചും സ്വന്തം കാര്യം നേടുന്ന ശൈലിയല്ല. ആരുടേയും ഇടം എടുക്കുവാനാഗ്രഹിയ്ക്കാതെ ആർക്കും ഇടം നിഷേധിക്കാതെ സ്വയം കാലിത്തൊഴുത്തിൽ ഇടം കണ്ടെത്തിയ ദൈവപുത്രന്റെ മാതൃക നമുക്കാവേശമാണ്. സഭയും സഭാമക്കളും ഈ മാതൃക പിന്തുടരേണ്ടവരാണ്. വിനയവും വിശ്വാസവും സമർപ്പണവും ഒരുപോലെ വളരണം. നവീകരണം എന്നതുകൊണ്ടർത്ഥമാക്കുന്നതും ഇതുതന്നെയാണ്. ഭൂമിയിൽ സ്വർഗ്ഗരാജ്യം പണിയുവാൻ നിയോഗിക്കപ്പെട്ടവരാണു നാം. നമ്മുടെ വൈദികരും സന്യസ്തരും ദൈവജനവും ഈ അരൂപിയിൽ വളർന്നു വരണം. വൈദികരായ നാം ഏറെ ശ്രദ്ധയോടും അതിലുപരി ഔദാര്യത്തോടും ദൈവ

> സഭ ക്രിസ്തുവിന്റെ മണവാട്ടിയായിരിക്കുന്നതുകൊണ്ട് ക്രിസ്തു മനോഭാവം സഭയിൽ തിളങ്ങി വിളങ്ങണം. അതായത് "ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും സ്വന്തജീവൻ മോചനദ്രവ്യമായി നൽകുവാനും".
>
> സഭയുടെ മുഖ മുദ്ര എളിമയും വിനയവുമാർന്ന ശുശ്രൂഷ എന്നതാണ്. അധികാരം പ്രയോഗിച്ച് ഒന്നാമനാകുവാനും മറ്റുള്ളവരെ ഞെരുക്കുവാനും ശ്രമിക്കുന്ന ശൈലി അല്ല.

www.malankaralibrary.com



ജനത്തോട് പെരുമാറുകയും അവരുടെ ആവശ്യങ്ങളിൽ ചേർന്നു നിൽക്കുകയും വേണം. മനുഷ്യന്റെ വേദനകളിലും മുറിവുകളിലും സൗഖ്യത്തിന്റെ എണ്ണയും കരുതലിന്റെ കരങ്ങളും സ്നേഹത്തിന്റെ സ്പർശവും നൽകണം. ഈ മേഖലയിൽ നാം ഒരു വിചിന്തനത്തിനു തയ്യാറാവണം.

സ്നേഹത്തോടെ സഹഗമിക്കുന്ന സഭയാണ് സിനഡാത്മകസഭ. നാം ഒന്നാണ് എന്നും നാം സഹോദരങ്ങളുടെ കാവൽക്കാരുമാണെന്ന ബോദ്ധ്യത്തിൽ ജീവിക്കണം. ഒറ്റയാനകളുടെ സംസ്കാരം മാനവ സമൂഹത്തെ പിടിച്ചുലയ്ക്കുന്ന കാലഘട്ടമാണിത്. താൻ മാത്രം മതി എന്ന സെൽഫിയുടെ സംസ്കൃതി. പരസ്പര ബന്ധങ്ങളും കൂടിച്ചേരലുകളും ഇല്ലാതാക്കുന്നു. സ്വേച്ഛാധിപത്യത്തിന്റെ ഇരുണ്ട കാർമേഘങ്ങൾ പടർന്നു കയറുന്നു. പൊതുജനം ഭയത്തിന്റെ നീരാളിപിടുത്തത്തിലായിരിക്കുന്നു. ആരോ കല്പിക്കുന്നു – എതിർക്കാനോ നേരിടാനോ ശേഷിയില്ലാതെ ജനം അടിമത്വത്തിന്റെ നുകം പേറുന്നു. ഈ ഭീകരമായ അന്തരീക്ഷത്തിലാണ് നാമെല്ലാം സമന്മാരാണെന്നും നാം ഒരുമിച്ചു യാത്ര ചെയ്യുന്നവരാണെന്നുമുള്ള മഹത്തായ പാഠങ്ങൾ സഭ ലോകത്തെ പഠിപ്പിക്കുന്നത്. മനുഷ്യൻ ദൈവത്തെ അനുസരിച്ചാൽ എല്ലാം ശുഭമായി തീരും. ഇല്ലെങ്കിലോ അവൻ തിന്മയുടെ അടിമയായി എല്ലാവർക്കും തിന്മ സമ്മാനിക്കും. ദൈവത്തെ അനുസരിക്കുമ്പോഴും ധാർമ്മികത പിൻചെല്ലുമ്പോഴും നാം നന്മയും ജീവനും കെട്ടിപടുക്കുകയാണ്. ഇല്ലെങ്കിലോ നാം തിന്മയും നാശവും ഉണ്ടാക്കുകയാണ്. ഒരുവനും രണ്ട് യജമാനന്മാരെ സേവിക്കാൻ കഴിയില്ല; ദൈവത്തേയും മാമോനയും. ദൈവത്തെ സേവിച്ചാൽ നമ്മുടെ ജീവിതം സന്തുഷ്ടവും അനേകർക്ക് നന്മ ഉണ്ടാക്കുന്നതുമാവും. ദൈവത്തെ അനുസരിക്കുമ്പോൾ മനുഷ്യൻ യാഥാർത്ഥ്യ സ്വാതന്ത്ര്യം അനുഭവിക്കും. അല്ലെങ്കിൽ അവൻ തിന്മയുടെ കിരാതഹസ്തങ്ങളിൽ ബന്ധിക്കപ്പെടും. നാം സഹയാത്രികർ എന്ന നിലയിൽ എല്ലാവരേയും ചേർത്തു നിർത്തുവാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ കുടുംബങ്ങളിലും ദൈവാലയങ്ങളിലും ഔധത്യത്തിന്റേയോ തൻപോരിമയുടെയോ രീതികൾ ഉണ്ടാവരുത്. നമ്മുടെ കുടുംബവും ഇടവകയും ദൈവം തന്നതാണ്. അവിടെ നാം ശ്രദ്ധാലുവായ ഭവന വിചാരകരെപ്പോലെ പെരുമാറണം. ഉടമസ്ഥത ദൈവത്തിനുമാത്രമുള്ളതാണ്. നാം കാര്യവിചാരകർ മാത്രം. നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും ക്രമം (discipline) ആവശ്യമാണ്. അതു വളർച്ചയെ സഹായിക്കും. എന്നാൽ സ്വാതന്ത്ര്യത്തെയും വ്യക്തിത്വത്തെയും മനുഷ്യത്വത്തെയും മാനിക്കുന്ന തരത്തിലുള്ള സഹവർത്തിത്വവും ഡിസിപ്ലിനുമാണ് ആവശ്യം.

അനുരഞ്ജനപ്പെടേണ്ട ഒരന്തരീക്ഷം ഇന്നു സഭയിലും സമൂഹങ്ങളിലും രാഷ്ട്രത്തിലും നിലനിൽക്കുന്നു. നമ്മെ ഐക്യപ്പെടുത്തുന്ന എത്ര ശക്തമായ കാര്യങ്ങളെ അവഗണിച്ച് നിസ്സാരങ്ങളായ വ്യത്യാസങ്ങളെയും വ്യതിരക്തതകളെയും പർവ്വതീകരിച്ച് വിഘടനവും വിദ്വേഷവും വെറുപ്പും പകരുന്നു. മാനവ സമൂഹത്തിനാകമാനം ഇതു വലിയ വിപത്തായിരിക്കും സമ്മാനിക്കുക. ചേരിതിരിഞ്ഞ് ആക്രമിക്കുന്നതും പൊതുസമൂഹത്തെ അരാജകത്വത്തിലേക്കു തള്ളിവിടുന്നതുമായ അവസ്ഥാവിശേഷങ്ങൾ സഭയിൽ തന്നെ ഉണ്ടാകുന്നതു എത്ര സങ്കടകരം. വളരെ വിരളമാണവയെങ്കിലും സഭയും കുടുംബവും തികച്ചും ഭൗതികസംഘടനകളായും ക്ലബ്ബുകളായും കണക്കാക്കപ്പെടുന്നു. ഏതു രീതിശാസ്ത്രവും അവലംബിക്കുവാൻ മനുഷ്യനു മടിയില്ലാതാകുന്നു. തെരുവുകളിൽ തങ്ങളുടെ വാദഗതികൾ ഉയർത്തുവാൻ മൽസരിച്ച് കൂട്ടംകൂടി സഭയുടെ അന്തസത്ത നഷ്ടപ്പെടുത്തുന്ന പ്രവണതകൾ സഭയെ ഒരു രാഷ്ട്രീയ സംഘടനയായി മാറ്റുകയാണ്. സത്യവും നീതിയും



www.malankaralibrary.com



സഹിഷ്ണുതയും കാറ്റിൽ പറത്തി തങ്ങളുടെ ലക്ഷ്യത്തിനുവേണ്ടിയുള്ള ഈ തേരോട്ടം ക്രൈസ്തവ സഭാദർശനത്തെ വല്ലാതെ തകർക്കുകയും വിശ്വാസ്യത നഷ്ടമാക്കുകയുമല്ലേ? സമുദായ ചിന്ത നല്ലതാണെങ്കിലും സഭയുടെ മക്കൾ എന്ന നിലയിൽ ഒരുമയിൽ മുന്നേറുവാൻ കഴിയുന്നില്ലെങ്കിൽ വരും നാളുകളിൽ ക്രൈസ്തവസാക്ഷ്യം പൊതുസമൂഹത്തിൽ ഇല്ലാതാകും. പള്ളിയിലെ ആരാധന നമുക്കു വൈകാരിക സംതൃപ്തിയോ ചെറുപ്പകാലത്തു പഠിച്ചതിന്റെ യാന്ത്രിക ആവിഷ്കാരങ്ങളോ ആകരുത്. മറിച്ച് യഥാർത്ഥ ക്രിസ്തു ശിഷ്യനാകുവാനുള്ള രൂപീകരണ വേദിയാണ് അത്. അധരവ്യായാമമായി ആരാധന മാറിയാൽ നാം ക്രിസ്തുവിനെയും അവന്റെ സന്ദേശങ്ങളെയും തമസ്കരിക്കുന്നു. ഇടവകകളിലും കുടുംബങ്ങളിലും സംഘടനകളിലും സ്നേഹവും അനുരഞ്ജനവും ഊട്ടി വളർത്തണം. വിട്ടുകൊടുക്കുവാനും ക്ഷമിക്കുവാനും നമുക്കു സാധിക്കണം. ക്ഷമ കൊണ്ടേ നമുക്കു മറ്റുള്ളവരെ നേടാൻ കഴിയൂ. എന്തൊക്കെയോ നേടാനുള്ള തത്രപ്പാടിൽ നാം നഷ്ടപ്പെടുത്തുന്നത് ഏറ്റം സാരവത്തായ മൂല്യങ്ങളെയാണ് എന്നോർക്കണം. നമ്മുടെ ഇടവകകളിൽ സ്നേഹം ശക്തമാകണം. പരസ്പരമുള്ള ആദരവും ബഹുമാനവും വർദ്ധിക്കണം. നമ്മുടെ മാനസിക, വൈകാരിക, വിക്ഷോഭങ്ങൾക്കു ഇരകളാകേണ്ടവരല്ല കുടുംബാംഗങ്ങളും ഇതരമനുഷ്യരും.

ധീരമായ സാക്ഷ്യമാണ് ഈ സഹയാത്രകൊണ്ട് ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത്. ക്രൈസ്തവരായ നമ്മൾ ഏറെ മന്ദോഷ്ണരായി തീരുന്നു എന്ന് അനുഭവം. ഏറെ ചാഞ്ചാട്ടമുള്ള ഒരു വിഭാഗമായി നാം പരിണമിക്കുന്നു. പ്രായോഗിക സൗകര്യവും സുരക്ഷിത സമീപനവും നമ്മുടെ ഇടയിൽ വർദ്ധിക്കുന്നു. സ്ഥായിയായ ധർമ്മത്തിനും സനാതന മൂല്യങ്ങൾക്കും മനുഷ്യത്വത്തിനും നീതിയ്ക്കും സാഹോദര്യത്തിനും നിലനിൽക്കേണ്ടവരായ നാം വല്ലാതെ പരാജയപ്പെടുന്നു. ധീരമായ സാക്ഷ്യം അപകടമുണ്ടാക്കും. പക്ഷെ അതു തലമുറയ്ക്കു വേണ്ടിയുള്ള ത്യാഗമായി കണക്കാക്കണം. നമ്മെ അടയാളപ്പെടുത്തേണ്ട മാനദണ്ഡം ത്യാഗത്തിന്റെ അളവുകോലിൽ ആയിരിക്കണം. ദുർബല മനസിനു ത്യാഗം അവിഹിതമാണ്. തമസാണ് സുഖപ്രദം. വെളിച്ചം ദുഃഖവും. ഈ പശ്ചാത്തലത്തിൽ നമ്മുടെ ഇടയിലെ യുവജനങ്ങളെ നാം നേടിയെടുക്കുവാൻ ത്യാഗസന്നദ്ധരാവണം. കലവറയില്ലാത്ത പിന്തുണ നൽകി നാം അവരെ സ്വന്തമാക്കണം. അവരെ ദൈവവഴിയിൽ കൊണ്ടുവരുവാൻ ഏറെ ഔദാര്യവും ക്ഷമയും നാം പുലർത്തണം. യൗവ്വനത്തിന്റെ ചോരതിളപ്പിൽ അവർ പറയുന്നതും ചെയ്യുന്നതും നാം ഗൗരവമായി എടുക്കാതെ അതിന്റെ പിറകിലുള്ള അവരുടെ ദാഹങ്ങളും വിശപ്പുകളും തിരിച്ചറിയാൻ പരിശ്രമിക്കണം. പ്രത്യക്ഷത്തിൽ പറയുന്ന കാര്യങ്ങൾ അല്ല, മറിച്ച് കനൽമൂടി എന്നാൽ ഇനിയും കെട്ടിട്ടില്ലാത്ത അവരുടെ നീറ്റലുകളെ നാം കണ്ടറിയണം. ധൂർത്തപുത്രന്റെ ഉപമയിലെ അപ്പനെപ്പോലെ നമ്മുടെ കുഞ്ഞുങ്ങൾക്കു വേണ്ടി നാം കാത്തിരിക്കണം. അവരുടെ ചെറുഅനക്കത്തിന്റെ പിറകിലുള്ള അനുതാപത്തിന്റെ സൂചനകൾ നമുക്കു മനസിലാവണം.

ചുരുക്കത്തിൽ നവീകരണം ഓരോ വ്യക്തിയ്ക്കുമുള്ളതാണ്. എന്നാൽ മുതിർന്നവരും നേതാക്കളും എന്നുള്ള നിലയിൽ ഏറ്റം വലുത് നമ്മുടേതാണ്. വൈദികരായി, സന്യസ്തരായി, മാതാപിതാക്കളായി, മുതിർന്ന സഭാമക്കൾ എന്ന നിലയിൽ മറ്റുള്ളവരിൽ കാണാനാഗ്രഹിക്കുന്ന മാറ്റങ്ങൾ നമ്മിൽ കണ്ടുതുടങ്ങട്ടെ! ഒരു പുതിയ സംസ്കാരം അതിന്റേതാണ്. കുറ്റം പറഞ്ഞല്ല, ഉത്തരവാദിത്വം ഏറ്റെടുത്തു വളരുക, വളർത്തുക. “The funniest thing about the heart is that a soft heart is a strong heart and a hard heart is a weak heart”

## മലങ്കര മേജർ സെമിനാരി റെക്ടർ



**തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി റെക്ടറായി ചുമതലയേല്ക്കുന്ന**

**റവ. ഫാ. ഡോ. ഏബ്രഹാം ചരിവുപുരയിടത്തിലിന് അതിരൂപതയുടെ ആശംസകൾ**

ലേഖനം



www.malankaralibrary.com

# കേരള സഭാനവീകരണം 2022 - 2025



**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**

ഡെപ്യൂട്ടി സെക്രട്ടറി ജനറൽ
കെ.സി.ബി.സി

കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്. കഴിഞ്ഞ പെന്തക്കുസ്താദിന തിരുനാളിലാണ് കേരള സഭാ നവീകരണകാലഘട്ടം ആരംഭിച്ചത്. ഇതിന്റെ ഉദ്ഘാടനം കെ.സി.ബി.സി.യുടെ മൺസൂൺ സമ്മേളനത്തോടനുബന്ധിച്ച് 2022 ജൂൺ 7, ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലിയോടെ ആരംഭിച്ചു. 2025 ജൂൺ എട്ടിന് പെന്തക്കുസ്താ തിരുനാൾ വരെയാണ് നവീകരണകാലഘട്ടം.

## അനിവാര്യമായ നവീകരണം

"സഭ ക്രിസ്തുവിൽ പണിയപ്പെട്ടുക്കൊണ്ടിരിക്കുന്ന ഭവനം" എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോലിക്കാ സഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാനത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ (synod on synodality) പശ്ചാത്തലത്തിൽ കൂടിയാണ് കേരള സഭാനവീകരണം നടക്കുന്നത്. 2025-ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലി വർഷത്തിലേയ്ക്ക് പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തുകഴിഞ്ഞു. അതോടൊപ്പം, 2033-ാമാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർത്ഥപൂർണ്ണമാകുന്നത്. കേരള സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

## നവീകരണ മേഖലകൾ

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ മേൽനോട്ടത്തിൽ കേരളസഭാ നവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.

www.malankaralibrary.com





## കൂട്ടായ്മയിലേക്കുള്ള മാനസാന്തരം

കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കളുടെ കടമയാണ്.

## പ്രാർത്ഥനാ ജീവിതം

ക്രൈസ്തവ ആത്മീയ മേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധകുർബ്ബാന എന്നീ അടിസ്ഥാനവിഷയങ്ങളിൽ സഭാ പ്രേഷിതത്വം ഊന്നൽ നല്കണം.

## വിശ്വാസപരിശീലനം

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധന സംവിധാനങ്ങൾ പരിഷ്ക്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം.

## അനുരഞ്ജന മേഖലകൾ

മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവകതലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം.

## പ്രേഷിത മാനസാന്തരം

സ്വഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്ക്കരിക്കപ്പെടണം.

## വൈദിക – സന്ന്യസ്ത പ്രേഷിതത്വം

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടുതട്ടുകളിലല്ല. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വൈദിക-സന്ന്യസ്ത -അല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

## കുടുംബ പ്രേഷിത ശുശ്രൂഷ

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം.

www.malankaralibrary.com


### അല്മായ പ്രേഷിതത്വവും പങ്കാളിത്തവും

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്വത്തിനും യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്ക്കരിക്കപ്പെടണം. ക്രിസ്തുവിന്റെ പുരോഹിത-പ്രവാചക-രാജകീയ ധർമ്മങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പ്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായവിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണ നിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.

### ദരിദ്രരുടെ സഭ

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷ വിരുദ്ധമാകും.

### യുവജനശുശ്രൂഷ

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജനശുശ്രൂഷാ മേഖലകൾ നവീകരിക്കപ്പെടണം.

### പരിസ്ഥിതിപരമായ മാനസാന്തരം

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമ്മിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം.

### സംവാദത്തിന്റെ മേഖലകൾ

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

### കേരളസഭാ നവീകരണ നടപടികൾ

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. സംസ്ഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ (Lineamerta) തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ-ഇടവക തല നവീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. രൂപതാതലത്തിലുള്ള ഉദ്ഘാടനം ജൂൺ 26-ന് ദിവ്യബലിയോടെ സംഘടിപ്പിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. രൂപതാതലപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം ലഭ്യമാക്കും.

സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ-ഇടവകതലങ്ങളിലും നവീകരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതികൾ രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. അതതുരൂപതകളുടെ വികാരി ജനറൽമാരുടെ നേതൃത്വത്തിലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ പ്രസ്തുത സമിതിയുടെ നേതൃത്വത്തിലാണ് സംഘടിപ്പിക്കേണ്ടത്.

ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള ക്രൈസ്തവരുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണകാലം സഹായകരമാകും. ●

www.malankaralibrary.com





# കേരളസഭാ നവീകരണം ലക്ഷ്യവും പ്രസക്തിയും



**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

(മുഖ്യ വികാരിജനറാൾ, തിരുവല്ല അതിഭദ്രാസനം)

കേരള കത്തോലിക്കാസഭയുടെ 2021 ഡിസംബറിൽ ചേർന്ന മെത്രാൻ സമിതി (കെ.സി.ബി.സി) യുടെ നിർദ്ദേശപ്രകാരം 2022 പെന്തിക്കൊസ്തി പെരുന്നാൾ മുതൽ 2025 പെന്തിക്കൊസ്തി പെരുന്നാൾ വരെയുള്ള കാലയളവ് കേരള സഭാനവീകരണ കാലമായി ആചരിക്കുകയാണല്ലൊ. "സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" (എഫേ. 2:20–22) എന്ന ആപ്തവാക്യത്തെ മുൻനിർത്തിയാണ് മൂന്ന് വർഷക്കാലത്തെ നവീകരണ പ്രവർത്തനങ്ങൾ കേരള കത്തോലിക്കാസഭ ആസൂത്രണം ചെയ്തിരിക്കുന്നത്. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം എന്ന ആപ്തവാക്യത്തോടെ ആഗോള കത്തോലിക്കാസഭയ്ക്കായി ഫ്രാൻസിസ് മാർപ്പാപ്പ നിർദ്ദേശിച്ച 'ഒരുമിച്ചുള്ള യാത്ര' (സിനഡൽ സഭ) ലക്ഷ്യം വയ്ക്കുന്നതും സഭാ നവീകരണം ആണ്. അതിന്റെ പശ്ചാത്തലത്തിലാണ് കേരള കത്തോലിക്കാ മെത്രാൻസമിതി സഭാനവീകരണ കാലമായി (2022–2025) ആചരിക്കുവാൻ തീരുമാനമെടുത്തിരിക്കുന്നത്. സഭയുടെ ആത്മീയ-ആതുര-സാമൂഹിക-വിദ്യാഭ്യാസ-സാംസ്കാരിക

www.malankaralibrary.com

മേഖലകളുൾപ്പെടെ എല്ലാ തലങ്ങളിലും നവീകരണം ലക്ഷ്യം വച്ചുകൊണ്ടാണ് കെ.സി.ബി.സി. മൂന്ന് വർഷം നീളുന്ന സഭാനവീകരണ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. 'സഭ എന്റെ ഭവനം' എന്ന ബോധ്യത്തിൽ ഒരു പുത്തൻ പെന്തക്കൊസ്താനുഭവത്തിലൂടെ സഭയിൽ പുത്തൻ ഉണർവ്വും, എല്ലാവരുടെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയുമുള്ള പ്രവർത്തനങ്ങൾ സാധ്യമാകണമെന്ന ലക്ഷ്യവുമാണ് ഇതിന്റെ പിന്നിൽ. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന് കാതോർക്കുകയും പരിശുദ്ധാത്മ പ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നു. "എല്ലാം നന്നായി പോകുന്നുവെന്ന് പരിശുദ്ധാത്മാവ് പറയില്ല. പരിശുദ്ധാത്മാവ് നമ്മെ നിരന്തരം തിരുത്തലുകൾ നല്കി നയിക്കും. എല്ലാം നന്നായി പോകുന്നുവെന്ന് അശുദ്ധാത്മാവാണ് പറയുക. അത് നമ്മെ നശിപ്പിക്കുകയും ചെയ്യും".




## സഭാനവീകരണകാലമായി ആചരിക്കുന്നതിന്റെ അഞ്ച് പശ്ചാത്തലങ്ങൾ

1. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആപ്തവാക്യത്തോടെ സിനഡാത്മക സഭയെക്കുറിച്ചുള്ള ഫ്രാൻസിസ് മാർപ്പാപ്പയുടെ പ്രബോധനങ്ങൾ
2. കോവിഡാനന്തര പശ്ചാത്തലത്തിൽ കേരളസഭയുടെ ദൗത്യവും സാക്ഷ്യവും
3. സഭയിലുണ്ടായിക്കൊണ്ടിരിക്കുന്ന അപചയങ്ങൾ
4. 2025-ാമാണ്ടിൽ 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന ആപ്തവാക്യത്തോടെ ആഗോള കത്തോലിക്കാസഭ ആഘോഷിക്കുന്ന ജൂബിലിയും മെത്രാൻ സിനഡും
5. 2033 ലെ രക്ഷയുടെ മഹാജൂബിലി ആഘോഷം

## കേരള സഭാനവീകരണത്തന്റെ മൂന്ന് ഘട്ടങ്ങൾ

1. ശ്രവണവും ആസൂത്രണവും (2022-2023)
2. നവീകരണം നടപ്പിൽ വരുത്തൽ (2023-2024)
3. നവീകരണത്തിന്റെ വിലയിരുത്തലുകളും തുടർനടപടികളും (2024-2025)

## കേരളസഭാനവീകരണത്തിന്റെ ലക്ഷ്യങ്ങൾ

1. സഭയുടെ വിശ്വാസ യാത്രയിലെ വഴികൾ വിലയിരുത്തുക
2. സഭയുടെ വിശ്വാസ യാത്രയിലെ നന്മകൾ പരിപോഷിപ്പിക്കുക
3. സഭയുടെ വിശ്വാസ യാത്രയിലെ തെറ്റുകൾ/ വീഴ്ചകൾ തിരുത്തുക
4. സഭയിലെ കാലാനുസൃതമായ മാറ്റങ്ങൾ സഭയുടെ അടിസ്ഥാന ദർശനത്തിന് അനുസരിച്ച് നടപ്പിൽ വരുത്തുക
5. വിശകലനം, വിലയിരുത്തൽ, തുടർ നടപടികൾ എന്നിവ കൈക്കൊള്ളുക

### സഭാനവീകരണത്തിന്റെ മേഖലകൾ

1. ദൈവജനത്തിന്റെ കൂട്ടായ്മാവേദികൾ
2. പ്രേഷിത സംഘടനകളുടെ ശുശ്രൂഷകൾ
3. പ്രാർത്ഥനാജീവിതം
4. വിശ്വാസ പരിശീലനം (കുട്ടികൾക്കും മുതിർന്നവർക്കും)
5. അനുരഞ്ജനം
6. ദരിദ്രർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കുമായിട്ടുള്ള സേവനങ്ങൾ
7. വൈദിക-സന്യസ്ത പ്രേഷിതത്വം
8. കുടുംബ പ്രേഷിതത്വം/വിവാഹ ജീവിതം
9. അല്മായ ശുശ്രൂഷ
10. യുവജന ശുശ്രൂഷ
11. പരിസ്ഥിതി സൗഹൃദ ശുശ്രൂഷകൾ
12. സംവാദത്തിന്റെയും സഹകരണത്തിന്റെ മേഖലകൾ
13. സ്ത്രീശാക്തീകരണം
14. ദേശാന്തരവാസം (migration)

## സഭാനവീകരണവും പ്രവർത്തനതലവും

സിനഡാത്മക സഭ എന്ന ആശയത്തിന്റെ പശ്ചാ

www.malankaralibrary.com



ത്തലത്തിൽ കേരളസഭയുടെ സഭാനവീക രണ പ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ താഴെ പറയുന്ന വയാണ്:

* സഭയിൽ എല്ലാവരോടും ഒപ്പമുള്ള യാത്ര – എല്ലാവരെയും കേൾക്കുവാനുള്ള സന്നദ്ധത – എല്ലാവരെയും ചേർത്തു പിടിക്കുവാനുള്ള മനസ്സ്
* യേശുവും ശിഷ്യന്മാരും ജനസമൂഹവും ഒന്നിച്ചു നടന്നതുപോലെ, ആദിമ ക്രൈസ്തവസമൂഹം ഒന്നിച്ച് സഞ്ചരിച്ചതുപോലെ, ഏകമനസ്സോടും ഹൃദയത്തോടും പെരുമാറിയിരുന്നതുപോലെ, ഇന്നിന്റെ സഭയും ഏവരേയും ഒരുമിപ്പിച്ച് കൂട്ടായി യാത്ര ചെയ്യണം. അതിന് തടസ്സമായവ മാറ്റിക്കള യണം.
* ആടുകളോടൊപ്പം നടക്കുന്ന ഇടയന്മാരുടെ നേതൃത്വം കൂടുതലായി സഭയിൽ ഉണ്ടാകണം.
* സഭയ്ക്കുള്ളിലും പുറത്തുമുള്ള വിഭാഗീയത, സഭ യിൽ സംഭവിക്കുന്ന ധാർമ്മികച്യുതി, വിശ്വാസ കാര്യങ്ങളിലുള്ള താല്പര്യ കുറവ്....ഇവയ്ക്ക് പരി ഹാരം കണ്ടെത്തുക
* ഇതര സഭകളും മതങ്ങളുമായുള്ള ബന്ധം ശക്ത മാക്കുക
* കുടുംബങ്ങളിലെ ആത്മീയത, വിശ്വാസജീവിതം, സാക്ഷ്യജീവിതം ശക്തിപ്പെടുത്തി ഓരോ കുടും ബവും തിരുക്കുടുംബമായി രൂപപ്പെടുക.
* സുവിശേഷ മൂല്യങ്ങൾക്ക് അനുസരിച്ചുള്ള ജീവിതശൈലിയും സഭാജീവിതവും രൂപപ്പെ ടുത്തുക
* തകർന്ന കുടുംബങ്ങളെ അനുരഞ്ജനപ്പെടുത്തു വാനും കുടുംബാന്തരീക്ഷം കൂടുതൽ മെച്ചപ്പെട്ട താക്കാനും ശ്രമിക്കുക
* സഭാ പ്രബോധനങ്ങൾ പഠിക്കുവാനും വിശ്വാസ സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുവാനു മുള്ള അവസരങ്ങൾ സൃഷ്ടിക്കുക
* കത്തോലിക്കാ കുടുംബങ്ങളിൽ അവിവാഹിത രായ യുവതിയുവാക്കളുടെ എണ്ണം വർദ്ധിക്കുന്ന തിനും, കുടുംബങ്ങളിൽ മക്കൾ കുറയുന്നതിനും ഇടയാകുന്ന സാഹചര്യങ്ങൾ പഠനവിഷയമാക്കു കയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുക.
* പഠനവും ജോലിയും തേടി അന്യദേശത്തേക്ക് കുടിയേറി പോകുന്ന ചെറുപ്പക്കാരുടെ സാഹച ര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുക
* സഭയുടെ നിലപാടുകളും ആശയങ്ങളും പങ്കുവ യ്ക്കുവാനും സുവിശേഷ ചൈതന്യം വളർത്തു വാനും ഇടയാകുന്ന വിധത്തിൽ സാമൂഹിക മാദ്ധ്യമങ്ങൾ വിനിയോഗിക്കുക
* 'എന്റെ ഇടവക എന്റെ ഭവനം – എന്റെ രൂപത എന്റെ ഭവനം' എന്ന ബോധ്യത്തിൽ വളരുന്നതിന് ആവശ്യമായ അവബോധം ഓരോ പ്രേഷിത സംഘടനയും ആവി ഷ്ക്കരിക്കുക
* അല്മായർക്ക് രാഷ്ട്രീയരംഗത്ത് വളർന്നു വരാൻ പ്രോത്സാഹനം നല്കുക
* സഭയിൽ കൂട്ടായ്മയുടെ അരൂപി വളർത്തുക, പ്രേഷിതദൗത്യത്തിൽ ഏവരും ക്രിയാത്മകമായി പങ്കുകൊള്ളുക, ഓരോരുത്തരു ടെയും കഴിവുകളും ആത്മാവിന്റെ കൃപാവരവും അതിനായി വിനിയോഗിക്കുക
* അധികാരം സേവനത്തിനായി വിനിയോഗിക്ക ണമെന്ന ക്രിസ്തുദർശനം ഉൾക്കൊള്ളുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
* തുറന്ന ചർച്ചകളും സംവാദങ്ങളും, ആത്മാർത്ഥ മായ ശ്രവണവും, പരിശുദ്ധാത്മാവ് സമ്മാനി ക്കുന്ന മാറ്റങ്ങളും, പുത്തൻ ഉണർവ്വിലേക്കും പുതിയ പെന്തക്കൊസ്താ അനുഭവത്തിലേക്കും, അതിലൂടെ സഭാനവീകരണത്തിലേക്കും നമ്മെ നയിക്കും. ഓരോ വ്യക്തിയുടെയും ആന്തരിക നവീകരണമാണ് സഭാനവീകരണത്തിന്റെ അടി സ്ഥാന മാർഗ്ഗം.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് സഭയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങൾ മന സ്സിലാക്കി സഭാശുശ്രൂഷകൾ കാലികമാക്കുകയും സഭയുടെ പ്രേഷിതദൗത്യത്തെ നവീകരിക്കുകയും ചെയ്യേണ്ടത് ഇന്നിന്റെ വലിയ ആവശ്യമാണ്. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് നാം കാതോർക്കുകയും ചെയ്യേണ്ടതുണ്ട്. സഭയെയും സമൂഹത്തെയും സംബന്ധിക്കുന്ന വിഷയങ്ങളെക്കു റിച്ച് ചർച്ച നടത്തുകയും പഠിക്കുകയും ചെയ്ത് നവീ കരണത്തിന്റെ അടിസ്ഥാന ഭാവങ്ങളായ കൂട്ടായ്മയും പ്രേഷിതാഭിമുഖ്യവും വളർത്തുകയും ചെയ്യണം. അതിലൂടെ സഭാസംവിധാനങ്ങളായ രൂപത, വൈദി കർ–സന്യസ്തർ, അല്മായർ, ഇടവക, കുടുംബം, യുവജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ, സഭാസ്ഥാപന ങ്ങൾ എന്നീ മേഖലകളിലെ പ്രവർത്തനങ്ങളും ശുശ്രൂ ഷകളും ശക്തിപ്പെടുത്തുകയും വേണം. വിശ്വാസി കൾ തങ്ങളുടെ പ്രവർത്തികളിലും വാക്കുകളിലും ഈ ലോകത്തിൽ ക്രിസ്തുവിന് സാക്ഷ്യം നല്കണം. ലളിതമായ ജീവിതശൈലിയിലൂടെയും മാതൃകാപര മായ ജീവിതത്തിലൂടെയും സഭയിൽ ഒരു പ്രേഷിത മാനസാന്തരം സംഭവിക്കേണ്ടതായും ഉണ്ട്. ദൈവജ നത്തിന്റെ കൂട്ടായ്മയും പങ്കാളിത്തവും വർദ്ധിപ്പിച്ച് മിഷനറി പ്രവർത്തനങ്ങൾ തീഷ്ണതയോടെയും ക്രിസ്തുമനോഭാവത്തോടെയും നിർവ്വഹിക്കുന്നതിന് സഭാനവീകരണ പ്രവർത്തനങ്ങൾ ഏറെ സഹായി ക്കും.

www.malankaralibrary.com


## സഭാനവീകരണവും സഭാപ്രബോധനങ്ങളും

സഭ എക്കാലവും നവീകരണ പാതയിലൂടെയാണ് മുന്നോട്ട് നീങ്ങുന്നത്. 2022 പെന്തക്കൊസ്തി മുതൽ 2025 പെന്തക്കൊസ്തി വരെ മൂന്ന് വർഷം നീളുന്ന കേരള സഭാനവീകരണ യജ്ഞവും, 2023 ഒക്ടോബർ മാസം റോമിൽ നടക്കുന്ന പതിനാറാം ആഗോള മെത്രാൻസിനഡും സഭാനവീകരണത്തിന് കൂടുതൽ ആക്കം നല്കുമെന്നതിന് സംശയമില്ല. സഭാശാക്തീകരണത്തിനായി ഫ്രാൻസിസ് മാർപ്പാപ്പയും, സഭാനവീകരണത്തിനായി കേരളസഭയും ആഹ്വാനം ചെയ്യുമ്പോൾ അതിന്റെ ലക്ഷ്യം വളരെ വ്യക്തമാണ്: ക്രിസ്തുവിനെപ്പോലെ എല്ലാവരെയും ചേർത്തുനിർത്തുന്ന സഭയ്ക്കു മാത്രമെ നവീകരണത്തിലേക്ക് മുഴുവനായും പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. അകന്നു നില്ക്കുന്നവരെയും, വഴി തെറ്റിയവരെയും, അന്ധകാരത്തിൽ കഴിയുന്നവരെയും, സമൂഹത്തിൽ ശബ്ദമില്ലാത്തവരെയും ചേർത്തു നിർത്തുമ്പോൾ, സഭ അതിന്റെ യഥാർത്ഥ പ്രേഷിതത്വത്തിൽ നിലക്കൊള്ളുകയും സഭയുടെ നവീകരണം സംഭവിക്കുകയും ചെയ്യും. ക്രിസ്തുവിൽ എല്ലാവരും ഒരു ശരീരമായി തീരുമ്പോഴാണ് സഭ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ സഭയായി തീരുന്നത് (1 കൊരി. 12:27).

സിനഡാത്മകത എന്ന പാതയിലൂടെ ചരിക്കുവാൻ ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നതിലൂടെ സഭയുടെ പ്രവർത്തന മേഖലകളിൽ കാതലായ മാറ്റമാണ് ലക്ഷ്യം വയ്ക്കുക - നിരന്തരം നവീകരിക്കപ്പെടുവാനുള്ള ആഹ്വാനമാണത്. 'സ്വപ്നങ്ങൾ നട്ടുപിടിപ്പിക്കുവാനും, പ്രത്യാശ തഴച്ചുവളരാനും, വിശ്വാസത്തെ പ്രചോദിപ്പിക്കുവാനും, മുറിവുകൾ വച്ചുകെട്ടുവാനും, ബന്ധങ്ങൾ തുന്നിച്ചേർക്കുവാനും, പ്രതീക്ഷയുടെ പുലരിയുണർത്തുവാനും, പരസ്പരം പഠിക്കുവാനുമുള്ള അവസരമാണത്'.

പോൾ ആറാമൻ മാർപ്പാപ്പയും അതുതന്നെയാണ് പറയുക: 'സുവിശേഷം പ്രഘോഷിക്കുവാനുള്ള പ്രസരിപ്പും കരുത്തും ശക്തിയും നിലനിർത്താൻ സഭ ആഗ്രഹിക്കുന്നെങ്കിൽ, അവൾ നിരന്തരം സുവിശേഷവത്ക്കരിക്കപ്പെടണം' (Evangelii Nuntiandi, no. 15). സുവിശേഷപരവും പ്രേഷിതപരവുമായ നവീകരണമാണ് ഇന്ന് സഭയ്ക്ക് ആവശ്യമെന്നും, എല്ലാം പരിവർത്തനം ചെയ്യിക്കാൻ കഴിവുള്ള ഒരു പ്രേഷിതത്വ പ്രചോദനം ഞാൻ സ്വപ്നം കാണുന്നുവെന്നും മേൽപറഞ്ഞ അപ്പസ്തോലിക പ്രബോധനത്തിൽ മാർപ്പാപ്പ പറയുന്നു (no. 27). അതിനാൽ സഭാനവീകരണം പ്രേഷിതപരമായ മാനസാന്തരത്തിലാണ് അടിത്തറ പാകുക. ക്രിസ്തുവിനെ അറിയുകയും അനുഗമിക്കുകയും ചെയ്യുന്നവർക്ക്,

## അതിരൂപത മാതൃസംഗമം



തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മാർച്ച് 25-ാം തീയതി നടത്തപ്പെട്ട അതിരൂപത മാതൃസംഗമം അതിരൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. ബഹു. സി. ഷീബ ഒ. എസ്. എസ്, ശ്രീമതി റോസ് മേരി, ബഹു. സി. സെറീന എസ്. ഐ. സി, ശ്രീമതി സൂസമ്മ തോമസ്, ശ്രീമതി റ്റിൻസി അനീഷ്, ശ്രീമതി ലിജി ഉലഹന്നാൻ, അതിരൂപത മുഖ്യവികാരി ജനറാൾ റവ. ഡോ. ഐസക് പറപ്പള്ളിൽ, അതിരൂപത മാതൃസമാജം ഡയറക്ടർ ഫാ. തോമസ് തോപ്പിൽക്കളത്തിൽ തുടങ്ങിയവർ സമീപം.

www.malankaralibrary.com



“അജപാലനപരവും പ്രേഷിതോന്മുഖവുമായ ഒരു മാനസാന്തരത്തിന്റെ പാതയിൽ മുന്നേറുവാൻ” കടമയുണ്ട് എന്ന് ഫ്രാൻസിസ് മാർപ്പാപ്പ തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ സൂചിപ്പിക്കുന്നു (Evangelii Gaudium, no. 25). പാവങ്ങളെ ചേർത്തു നിർത്തുന്നതിലൂടെ, സഭ എന്റെ വീടാണെന്ന് അവർക്ക് തോന്നണമെന്നും ദൈവരാജ്യത്തിന്റെ സുവിശേഷം ഏറ്റം ഫലപ്രദമായി പ്രഘോഷിക്കേണ്ടത് അങ്ങനെയാണെന്നും മാർപ്പാപ്പ വീണ്ടും ഇതേ അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നു (no. 199). “ഓരോരുത്തരും അവനവനുവേണ്ടിയാണ് എന്ന ചിന്ത എല്ലാ മഹാമാരികളെയുംകാൾ വലിയ ദുരന്തമാണെന്ന്” മറ്റൊരു ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നു (Fratelli Tutti, no. 36). “സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരാകണം” (ലൂക്കാ 6;36) എന്നത് ഓരോ സഭാംഗത്തിന്റെയും ദൗത്യവും വിളിയുമാണ്. ആദിമസഭ അപ്പം മുറിക്കൽ, അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ എന്നിവയിൽ സദാ ജാഗരൂകരായിരുന്നതുപോലെ, ആധുനിക സഭയിൽ ദൈവജനം സഭാപ്രവർത്തനങ്ങളിലും കൂട്ടായ്മകളിലും സജീവമാകണം എന്നതാണ് സഭാനവീകരണം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

## മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രേഷിത ശുശ്രൂഷകളും സഭാനവീകരണവും

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിവിധ കമ്മീഷനുകളും സംഘടനകളും പ്രേഷിത ശുശ്രൂഷകളും സഭാനവീകരണം ലക്ഷ്യംവച്ചുകൊണ്ട് സഭാതലത്തിലും ഭദ്രാസനതലങ്ങളിലും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു.

വിവിധ തലങ്ങളിൽ നടക്കുന്ന പഠന ക്ലാസ്സുകൾ, സെമിനാറുകൾ, സംഗമങ്ങൾ, നവീകരണ ധ്യാനങ്ങൾ, നവീകരണ ചിന്തകൾ പ്രദാനം ചെയ്യുന്ന പ്രസിദ്ധീകരണങ്ങൾ, പാസ്റ്ററൽ കൗൺസിൽ ചർച്ചകൾ, ഭദ്രാസന തലങ്ങളിൽ നടന്ന സിനഡുകൾ, മലങ്കര കാത്തലിക് ടിവിയിലൂടെയുള്ള പ്രക്ഷേപണങ്ങൾ... ഇവയെല്ലാം സഭാനവീകരണ പ്രക്രിയയ്ക്ക് കൂടുതൽ ശക്തി നല്കിയിട്ടുണ്ട്. ഇതിനു പുറമേ ഈ അടുത്ത കാലത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ സഭാനവീകരണം മുൻനിർത്തി ആരംഭിച്ച മൂന്ന് പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്:

### 1. സുവിശേഷസംഘം

സഭാനവീകരണം ലക്ഷ്യം വച്ചുകൊണ്ട് 2012 മുതൽ മലങ്കര സുറിയാനി കത്തോലിക്കാസഭ ആരംഭിച്ച സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ ഇന്ന് സഭാതലത്തിലും രൂപതാതലത്തിലും മേഖലാതലത്തിലും ഇടവകതലത്തിലും കുടുംബതലത്തിലും ഏറെ ശ്രദ്ധേയമായി മുന്നേറുന്നു. 2011 സെപ്റ്റംബർ 21 മുതൽ 23 വരെ നടന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ സഭാതല അസംബ്ലിയുടെ ചിന്താവിഷയമായ ‘സുവിശേഷകയായ മലങ്കര കത്തോലിക്കാസഭ’ എന്നതിനെ അടിസ്ഥാനമാക്കി



സുന്നഹദോസ് നിശ്ചയപ്രകാരം 2012 ജനുവരിയിൽ രൂപീകൃതമായതാണ് സുവിശേഷസംഘം. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നവോത്ഥാനത്തിനും നവീകരണത്തിനും ആത്മീയ വളർച്ചയ്ക്കും ശക്തി പകർന്നുകൊടുക്കുവാൻ വേണ്ടിയാണ് സുവിശേഷസംഘം രൂപീകൃതമായത്. സഭാതലത്തിലും രൂപതാതലത്തിലും മേഖലാതലത്തിലും ഇടവകതലത്തിലും സംഘാംഗങ്ങൾക്ക് പരിശീലനം നല്കി സഭയുടെ ആത്മീയ ജീവിതത്തിന് ശക്തി പകരുവാനും, സുവിശേഷം ജീവിക്കുകയും പങ്കുവയ്ക്കുകയും ആഘോഷിക്കുകയും ചെയ്ത് ഒരു സുവിശേഷ ജീവിതശൈലി കെട്ടിപ്പടുക്കുവാനും, അങ്ങനെ ഒരു ആദ്ധ്യാത്മിക ജീവിതശൈലി രൂപപ്പെടുത്തുവാനും ഈ പ്രസ്ഥാനത്തിലൂടെ കഴിയുന്നു. ഇന്ന്, ഈ പ്രസ്ഥാനം സഭയുടെ നവീകരണ പ്രസ്ഥാനവും

www.malankaralibrary.com

ആത്മീയ മുന്നേറ്റത്തിന് ഇടയാക്കുന്ന പ്രസ്ഥാനവുമായി ഏറെ വളർന്നു കഴിഞ്ഞു. സഭയുടെ ആത്മീയ മുന്നേറ്റത്തിന് യാമ പ്രാർത്ഥന, ആരാധന, വി. കുർബാനയിലുള്ള സജീവ പങ്കാളിത്തം, സാക്ഷ്യജീവിതം, മിഷൻ പ്രവർത്തനങ്ങൾ, കൂദാശാകേന്ദ്രീകൃതവും വചനാധിഷ്ഠിതവുമായ ജീവിതം എന്നിവയിലൂടെ ഈ നവീകരണ പ്രസ്ഥാനം മുന്നേറിക്കൊണ്ടിരിക്കുന്നു. അതിലൂടെ ഓരോ മലങ്കര സഭാംഗത്തിന്റെയും വിശുദ്ധീകരണവും നവീകരണവും ഈ പ്രസ്ഥാനം ലക്ഷ്യം വയ്ക്കുന്നു. സഭയുടെ നവീകരണ ശുശ്രൂഷകളിലൂടെ ഒരു പുതിയ പെന്തക്കൊസ്താനുഭവത്തിലേക്ക് സഭ യാത്ര ചെയ്യണം എന്നാണല്ലൊ പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയും ആഹ്വാനം ചെയ്യുന്നത്. ലോകം മുഴുവൻ, ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുവാനുള്ള ആഹ്വാനമാണ് സുവിശേഷസംഘം ലക്ഷ്യം വയ്ക്കുക. എല്ലാ വ്യക്തികളിലും കുടുംബങ്ങളിലും ഇടവകകളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും രൂപതകളിലും സഭയിലും സംഭവിക്കേണ്ട നവീകരണമാണ് ഈ പ്രസ്ഥാനം ലക്ഷ്യം വയ്ക്കുക. സ്വയം നവീകരിച്ച് സഭയെ വിശുദ്ധീകരിക്കുക എന്നതാണ് ആ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗം. സഭയുടെ വിശ്വാസത്തിലും പ്രബോധനങ്ങളിലും ആരാധനക്രമത്തിലും പാരമ്പര്യങ്ങളിലും അനുഷ്ഠാനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ച് സഭയുടെ എല്ലാ തലങ്ങളിലും ഒരു നവീകരണത്തിന് തുടക്കം കുറിക്കുക. അതോടൊപ്പം സഭയുടെ ആദ്ധ്യാത്മിക നവീകരണം, സുവിശേഷ പ്രഘോഷണം, പുനരൈക്യ ശുശ്രൂഷകൾ എന്നിവ കൂടുതൽ ഫലപ്രദമാകുവാനും ശക്തമാകുവാനും ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലൂടെ സഹായിക്കുന്നു. ആദിമസഭയിലെപ്പോലെ ഒരു പുത്തൻ പെന്തക്കൊസ്താനുഭവം വ്യക്തിപരമായും സഭയായും സ്വായത്തമാക്കി, ഒരു പുതിയ ആദ്ധ്യാത്മിക ജീവിതശൈലി രൂപപ്പെടുത്തി സുവിശേഷ ചൈതന്യത്തിൽ ജീവിച്ച് നവീകരണാനുഭവം സ്വന്തമാക്കുവാൻ ഈ പ്രസ്ഥാനത്തിലൂടെ ഇടയാകുന്നു.

**2. യുവകുടുംബങ്ങൾക്കായുള്ള പ്രേഷിതശുശ്രൂഷ** (Accompanying Young Families)

ഒട്ടേറെ വെല്ലുവിളികളും പ്രതിസന്ധികളും നേരിടുന്ന കുടുംബങ്ങളുടെ അജപാലനപരമായ ശുശ്രൂഷ ഫലപ്രദമാക്കുന്നതിനായി, 2019 ൽ നടന്ന സഭയുടെ ദ്വിതീയ അസംബ്ലിയിൽ തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിൽ Accompanying Young Families (AYF) എന്ന ഒരു പ്രേഷിതശുശ്രൂഷ 2023 മുതൽ ആരംഭിച്ചു. യുവകുടുംബങ്ങളുടെ അജപാലന പരിപാലനത്തിന് കൂടുതൽ ശ്രദ്ധ നല്കി, അവർക്ക് പ്രത്യേകമായി നല്കുന്ന പരിശീലനത്തിലൂടെ കുടുംബബന്ധങ്ങൾ ദൃഢമായി കാത്തുസൂക്ഷിക്കുന്നതിനും, മക്കളെ വിശ്വാസത്തിലും ധാർമ്മികതയിലും സഭയോടുള്ള ബന്ധത്തിലും വളർത്തുന്നതിനും, ഉത്തമ കുടുംബങ്ങളെ രൂപപ്പെടുത്തുന്നതിനുമായാണ് ഈ പ്രേഷിതശുശ്രൂഷ. കൂദാശകളുടെ യോഗ്യമായ സ്വീകരണത്തിനും, കൃപയിൽ ജീവിക്കുന്നതിനും, കുടുംബജീവിതത്തിൽ നേരിടേണ്ടി വരുന്ന വെല്ലുവിളികൾ

## എന്റെ പിഴ



ഫാ. പ്രേമാനന്ദ് പുരയ്ക്കൽ
ഒ.ഐ.സി.

വീഥിയിൽ കൂരിരുൾ വീണതല്ല
മിഴിയടച്ചിരുൾ ഞാൻ തീർത്തതാണേ
വഴിയടച്ചാരും പോയതല്ല
വേലി ഞാൻ സ്വയമേ തീർത്തതാണേ
നാവാരും പിഴുതു കളഞ്ഞതല്ല
വാപൂട്ടി ഞാൻ മിണ്ടാതിരുന്നതാണേ
ശ്രവണപുടങ്ങളടഞ്ഞതല്ല
കാതുകൾ കൊട്ടി ഞാനടച്ചതാണേ
കൈകളിൽ ചങ്ങല വീണതല്ല
കൈയ്യനക്കാതെ ഞാനിരുന്നതാണേ
കാൽകെട്ടിയാരും അകന്നതല്ല
കാലനക്കാതെ ഞാനിരുന്നതാണേ
അറിയുന്നു ഞാനെന്റെ അപരാധങ്ങൾ
പഴിയിനി ഒരുനാളും പറയുകില്ലേൽ
പുതുതായി ജീവിതം പണിതുയർത്താൻ
പരമപിതാവേ നീ കനിവാകണെ

www.malankaralibrary.com



ഏറ്റെടുക്കുന്നതിനും, യുവകുടുംബങ്ങളെ അജപാലനപരമായി അനുധാവനം ചെയ്യുന്നതിനുമാണ് ഈ ശുശ്രൂഷ ലക്ഷ്യം വയ്ക്കുന്നത്. യുവകുടുംബങ്ങളുടെ ആത്മീയ ജീവിതം ബലപ്പെടുത്തുന്നതിനും, കുടുംബജീവിതത്തിലെ ആശയവിനിമയം മെച്ചപ്പെടുത്തുന്നതിനും, മാനസികവും ആത്മീയവും അജപാലനപരവുമായ സഹായങ്ങൾ നല്കുന്നതിനും, ദമ്പതികളുടെ സഭാജീവിതത്തിലെ പങ്കാളിത്തം സജീവമാക്കുന്നതിനും വേണ്ടിയാണ് ഈ പ്രേഷിതശുശ്രൂഷ നടപ്പാക്കിയിരിക്കുന്നത്. ഇതിനായി സഭാതലത്തിലും രൂപതാതലത്തിലും മേഖലാതലത്തിലും ഇടവകതലത്തിലും ക്രിയാത്മക പദ്ധതികളും പരിശീലന പദ്ധതികളും ആവിഷ്ക്കരിച്ചുവരുന്നു. ദമ്പതികളെ ആത്മീയവും മാനസികവുമായി ബലപ്പെടുത്തുക, അവർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക, അതിനായി ധ്യാനം, കൗൺസിലിംഗ് എന്നിവ ക്രമീകരിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**3. വൈദികരുടെ തുടർപരിശീലന പദ്ധതി**

സഭാനവീകരണ യജ്ഞത്തിന്റെ ഭാഗമായി മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മുഴുവൻ വൈദികർക്കുംവേണ്ടിയുള്ള തുടർ പരിശീലന പരിപാടി 2023 ഫെബ്രുവരിയിൽ ആദ്യ ബാച്ചിന്റെ പരിശീലനത്തോടെ ആരംഭിച്ചു. 50 പേരടങ്ങുന്ന ഓരോ ബാച്ചിന്റെയും പരിശീലനം അഞ്ചു ദിവസങ്ങളിലായി വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചുകൊണ്ട് നടത്തപ്പെടുന്നു.

## സഭാനവീകരണത്തിനായി അതിഭദ്രാസനസിനഡിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ

2022 ഓഗസ്റ്റ് 13 ന് 246 പേർ പങ്കെടുത്ത അതിഭദ്രാസനസിനഡിലും, അതിന് മുമ്പും പിമ്പും നടന്ന രണ്ട് പാസ്റ്ററൽ കൗൺസിലിലും, വൈദിക സംഗമത്തിലും, സഭാനവീകരണത്തിനായുള്ള വിവിധ ചർച്ചകളിലും, സിനഡാത്മകസഭയെക്കുറിച്ച് ഉരുത്തിരിഞ്ഞ പ്രധാന കാര്യങ്ങൾ താഴെ പറയുന്നവയാണ്:

* കൂട്ടായ്മയിൽ, പങ്കാളിത്തത്തിൽ, പ്രേഷിത ദൗത്യത്തിൽ പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർത്ത് ഒരുമിച്ച് മുന്നേറാൻ സഭയെ ഒരുക്കുക. ഫ്രാൻസിസ് പാപ്പാ പറയുന്നതുപോലെ "കേൾക്കുക, വിവേചിച്ചറിയുക, അനുധാവനം ചെയ്യുക" എന്നതാകണം സഭയുടെ ശൈലിയും അജപാലന രീതിയും.

* സഭയിൽ ഒരു പ്രേഷിത മാനസാന്തരം ലക്ഷ്യം വച്ച്, വ്യക്തികളിലും, സംഘടനയിലും, സ്ഥാപനങ്ങളിലും, പ്രേഷിത ചൈതന്യവും, സുവിശേഷത്തിന്റെ സന്തോഷവും സ്നേഹത്തിന്റെ ആനന്ദവും അനുഭവിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുക.

* പരസ്പരം കേൾക്കുന്നതിലൂടെ കൂട്ടായ്മയുടെ ബന്ധം ഊട്ടിയുറപ്പിക്കുക.

* സഭയുടെ പ്രേഷിതദൗത്യത്തിൽ കൂട്ടായ്മയോടെ കൈകോർത്തു പ്രവർത്തിക്കുക. ഓരോ വിശ്വാസിയും പ്രേഷിതദൗത്യം സ്വയം ഏറ്റെടുക്കുക

* മറ്റുള്ളവയെ എങ്ങനെ മാറ്റാം എന്നല്ല, സ്വയം എങ്ങനെ മാറ്റത്തിന് വിധേയമാകാം എന്നതാണ് പ്രധാനം.
* കുടുംബങ്ങൾ പ്രാഥമിക മതബോധന കേന്ദ്രങ്ങളാകണം. ആഴ്ചയിലൊരിക്കൽ മാതാപിതാക്കൾ കുട്ടികളോടൊപ്പം മതബോധന വിഷയങ്ങൾ പഠിച്ച് കുടുംബങ്ങളിൽ വിശ്വാസപരിശീലനം നടത്തണം.
* വിശ്വാസപരിശീലനം കൂടുതൽ പ്രായോഗികവും കാലികവുമാകണം. 12-ാം ക്ലാസ് കഴിഞ്ഞവർക്കും പരിശീലനം ലഭ്യമാക്കണം.
* ജീവിതത്തിന്റെ ലക്ഷ്യമെന്ത് എന്ന് യുവജനങ്ങൾക്ക് ബോദ്ധ്യമുണ്ടാകണം. യുവജനസംഘടനകളുടെ പ്രവർത്തനങ്ങളിൽ ആത്മീയ പരിശീലനത്തോടൊപ്പം കരിയർ ഗൈഡൻസും നല്കപ്പെടണം.
* വൈദിക-സമർപ്പിത പരിശീലനത്തിലും രൂപീകരണത്തിലും കാലികമായ മാറ്റങ്ങൾ ആവശ്യം.
* നവമാധ്യമങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാൻ കഴിയണം.
* മേഖല പാസ്റ്ററൽ കൗൺസിലുകൾ ശക്തമാക്കണം.
* അജപാലന ശുശ്രൂഷകൾ കുടുംബ കേന്ദ്രീകൃതമാകണം.
* ആരാധനക്രമ പഠനത്തിനായി അതിരൂപതാ ടീം സജ്ജമാകണം.
* മതാദ്ധ്യാപകർക്ക് വിഷയം സംബന്ധിച്ചും ബോധനരീതികളിലും കൂടുതൽ പരിശീലനം ലഭ്യമാക്കണം.
* യുവജന ശുശ്രൂഷകൾ ശക്തിപ്പെടണം. അവർക്ക് മിഷൻ കേന്ദ്രങ്ങളിൽ പ്രവർത്തിക്കാൻ അവസരങ്ങൾ ഒരുക്കണം. യുവജനങ്ങളെ കേൾക്കാനുള്ള വേദികളും അവരുടെ നേതൃപാടവം വളർത്താനുള്ള ശ്രദ്ധയും ഉണ്ടാകണം. ഉന്നത വിദ്യാഭ്യാസരംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തും വളർന്നുവരാൻ യുവജനങ്ങൾക്ക് പ്രചോദനവും അവസരവും ഒരുക്കുക.
* വിശ്വാസപരവും സഭാപരവും ആരാധനാപരവുമായ സംശയങ്ങൾക്ക് മറുപടി നല്കാൻ

www.malankaralibrary.com

വെബ്സൈറ്റ് സജ്ജീകരിക്കണം.

* ആദ്യകുമ്പസാരവും, ആദ്യകുർബാന സ്വീകരണവും നടത്തുന്ന കുട്ടികൾക്ക് ഉത്തമ പരിശീലനം നല്കി, തീഷ്ണതയോടെ വളരാൻ സഹായിക്കുന്ന പുസ്തകം തയ്യാറാക്കണം.
* വിശ്വാസം ചില അറിവുകൾ മാത്രമാകാതെ ഒരു ജീവിതരീതിയാകണം. വിശ്വാസബോദ്ധ്യങ്ങൾ ജീവിതരീതിയും സംസ്കാരവുമായി മാറണം.
* എം.ബി.ഒ.സി. ക്യാമ്പുകൾ ഒരു മിഷനറി പരിശീലന പ്രക്രിയ കൂടിയാകണം.
* അല്മായർ പ്രേഷിതരാണെന്ന ബോധ്യത്തിൽ, പൊതുസമൂഹത്തിന്റെ വിവിധ തലങ്ങളിൽ മതേതര സാഹചര്യങ്ങളിൽ ജീവിക്കുമ്പോൾ ഇതര വിശ്വാസികളുമായുള്ള ബന്ധം ശക്തിപ്പെടുത്തുവാനും, അത്തരത്തിൽ ക്രിസ്തുവിന് സാക്ഷ്യം നല്കുവാനും ഇടയാകണം. വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കാൻ പ്രാപ്തരാക്കുകയും പ്രോത്സാഹനം നല്കുകയും വേണം.
* ജാഗ്രതാസമിതികൾ, അല്മായ വേദികൾ, റിസോഴ്സ് ടീമുകൾ രൂപീകരിക്കണം. അല്മായരുടെ അറിവും പ്രാപ്തിയും സഭയെ ശക്തിപ്പെടുത്താൻ ഉപയോഗിക്കണം.


## ഉപകാരസ്മരണ

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി, ആലംതുരുത്തി**


* സുവിശേഷവത്ക്കരണം അതിഭദ്രാസനത്തിന്റെ എല്ലാ സംവിധാനങ്ങളിലും സ്ഥാപനങ്ങളിലും നടക്കണം. വിനിയോഗിക്കപ്പെടാതെ പോകുന്ന കഴിവുകളും, സമർപ്പണവും പാഴായി പോകുന്നത് മനസിലാക്കണം.
* ആടുകളെ അറിയുന്ന, അനുധാവനം ചെയ്യുന്ന ക്രിസ്തുമാതൃക ഇടയന്മാർ പിൻചെല്ലണം.
* ഉപവി പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കപ്പെടണം.
* കുടുംബങ്ങളെ സഹായിക്കാൻ, ഓരോ ഇടവകയിലും വികാരിയോടൊപ്പം ഒരു ടീം ഉണ്ടാകണം.

## സഭാനവീകരണ പ്രവർത്തനങ്ങൾ അതിഭദ്രാസനതലത്തിൽ

രൂപതാതലത്തിലെ നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുവാൻ, അതിഭദ്രാസനത്തിൽനിന്നും പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട, പി.ഒ.സി.യിൽ പ്രത്യേകം പരിശീലനം നേടിയ പത്ത് അംഗസമിതി (വികാരി ജനറാൾ, ഫാ. ജോൺ കരപ്പനശ്ശേരിമലയിൽ, ഫാ. അലക്സ് കണ്ണമല, ഫാ. മാത്യു ചിറയിൽ, സി. ടെസ്സി പോൾ എസ്.ഐ.സി., സി. ലിറ്റിൽ തെരേസ് ഒ.എസ്.എസ്., ശ്രീ. കെ.സി. വർഗീസ്, ഡോ. ആനി തോമസ്, ശ്രീമതി റോസ്മേരി ജോർജ്, ശ്രീ. മോനു ജോസഫ്) പ്രവർത്തിക്കുന്നു. അതോടൊപ്പം സഭാനവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ കഴിഞ്ഞ വർഷത്തെ രണ്ട് പാസ്റ്ററൽ കൗൺസിലുകളിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾ അഭി. പിതാവിന്റെ നേതൃത്വത്തിൽ മേല്പ്പറഞ്ഞ ടീം ചർച്ചകൾ നടത്തി വിവിധ കർമ്മപദ്ധതികളെപ്പറ്റി ആലോചിച്ചു. എല്ലാ പ്രേഷിത സംഘടനകളും അവരുടെ അടുത്ത മൂന്ന് വർഷത്തെ കർമ്മപരിപാടികളിൽ സഭാനവീകരണവുമായി ബന്ധപ്പെട്ട പരിശീലന പദ്ധതികളും, ബോധവത്ക്കരണ ക്ലാസ്സുകളും ക്രമീകരിക്കുവാൻ നിർദ്ദേശിച്ചു. രൂപതാതലത്തിലെ പ്രവർത്തനങ്ങൾക്കു പുറമേ മേഖലാതലത്തിലും ഇടവകതലത്തിലും സഭാനവീകരണം എന്ന ലക്ഷ്യം മുൻനിർത്തി അടുത്ത മൂന്ന് വർഷം വിവിധ കർമ്മപദ്ധതികൾക്ക് രൂപം നല്കണമെന്നും നിർദ്ദേശമുണ്ടായി.

* വി. കുർബാന കേന്ദ്രീകൃതമായ നവീകരണത്തിന് ഊന്നൽ നല്കിക്കൊണ്ട് ദിവ്യകാരുണ്യ കോൺഗ്രസ്സ് ക്രമീകരിക്കുക.
* അതിരൂപതാദ്ധ്യക്ഷനും വൈദികരും തമ്മിലുള്ള കൂടിക്കാഴ്ചകളും സന്ദർശനവും ഊർജിതമാക്കുക.
* ദൈവവിളി പ്രോത്സാഹനത്തിനുള്ള നൂതന

www.malankaralibrary.com



മാർഗ്ഗങ്ങൾ കണ്ടെത്തുക.

* പ്രേഷിതോന്മുഖമായ വിശ്വാസ പരിശീലനം ആവിഷ്കരിക്കുക.
* ഓരോ പ്രേഷിത സംഘടനയും സഭാനവീകരണം എന്ന ലക്ഷ്യത്തോടെ വിപുലമായ സംഗമം നടത്തി നവീകരണാനുഭവം വളർത്തുവാൻ ആവശ്യമായ ബോധവത്ക്കരണ ക്ലാസ്സുകൾ ക്രമീകരിക്കുക.
* സഭാനവീകരണവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ പ്രസിദ്ധീകരിക്കുക.
* സാമൂഹിക വിഷയങ്ങൾ പഠിക്കുവാനും ഔദ്യോഗികമായി പ്രതികരിക്കുവാനുമുള്ള സംവിധാനങ്ങൾ ഒരുക്കുക.
* വൈദികർക്കുള്ള തുടർ പരിശീലന ക്ലാസ്സുകൾ ഒരുക്കുക.
* വൈദിക-സന്യസ്ത സംഗമവും സെമിനാറുകളും ക്രമീകരിക്കുക.

## മേഖലാതലത്തിലെ പ്രവർത്തനങ്ങൾ

* മേഖലയിലെ എല്ലാ പള്ളികളും ഒന്നുചേർന്ന് സൗകര്യപ്രദമായ ഏതെങ്കിലും സ്ഥലത്ത് ഒന്നിച്ചുകൂടി വി. കുർബാന, ബോധവത്ക്കരണ ക്ലാസ്സ് എന്നിവ സംഘടിപ്പിക്കുക.
* മേഖലാതലത്തിൽ വിവിധ പ്രേഷിത സംഘടനകളെ ശക്തമാക്കുന്നതിനായി ക്ലാസ്സുകളും, വിവിധ കർമ്മ പദ്ധതികളും ക്രമീകരിക്കുക.
* മദ്ബഹാ ശുശ്രൂഷകരുടെ പരിശീലന പദ്ധതികൾ ആവിഷ്ക്കരിക്കുക.
* ആരാധനക്രമ പഠനം ക്രമീകരിക്കുക.

## ഇടവകതലത്തിലെ പ്രവർത്തനങ്ങൾ

* പള്ളിമുറ്റം/സ്നേഹക്കൂട്ടായ്മ എന്ന പേരിൽ ഓരോ ഇടവകയിലും, മാസത്തിൽ ഒരിക്കലെങ്കിലും യുവജനങ്ങളെയും കുട്ടികളെയും കൂട്ടിച്ചേർത്ത് അവരെ കേൾക്കുവാനും വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ പ്രബോധനം നല്കുവാനും, സഭയോട് ചേർത്തുനിർത്തുവാനുമുള്ള ആകർഷകമായ പദ്ധതികൾ നടപ്പാക്കുക.
* വി. കുർബാനയിൽ വിശ്വാസ സമൂഹത്തിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
* ശനിയാഴ്ചകളിൽ, എല്ലാ ഭവനങ്ങളിലും, മാതാപിതാക്കളും മക്കളും ഒന്നിച്ച് 'മതബോധന മണിക്കൂർ' (catechism hour) എന്ന പേരിൽ വിശ്വാസ പരിശീലനത്തിനായി വൈകുന്നേരം ഒരു നിശ്ചിത സമയം ക്രമീകരിക്കുക.
* ഓരോ കുടുംബവും അവർക്ക് നിശ്ചയിച്ചിരിക്കുന്ന പ്രത്യേക ദിവസം (വികാരിയച്ചന്മാർ അതിനുള്ള ലിസ്റ്റ് മുൻകൂട്ടി പ്രസിദ്ധീകരിക്കണം) രാവിലത്തെ വി. കുർബാനയിലും സന്ധ്യാ പ്രാർത്ഥനയിലും പങ്കുചേരുക.
* വി. കുർബാനയുടെ ആരാധനയ്ക്കായി സൗകര്യപ്രദമായ ദിവസങ്ങൾ ക്രമീകരിക്കുക.
* കുടുംബ കൂട്ടായ്മകൾ/പ്രാർത്ഥനാകൂട്ടായ്മകൾ ശക്തിപ്പെടുത്തുക.
* കൂദാശകൾ, തിരുന്നാളുകൾ, മരിച്ചവരോടുള്ള പ്രാർത്ഥന, വിശുദ്ധരോടുള്ള വണക്കം, ആരാധനക്രമം, നോമ്പനുഷ്ഠാനം, സഭയുടെ പ്രബോധനങ്ങൾ എന്നിവ പഠിക്കുവാനുള്ള ക്രമീകരണം ചെയ്യുക.
* മറ്റ് ഇടവകകൾ സന്ദർശിക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക (parish to parish visit).
* ഇടവകയുടെ ചുറ്റുമുള്ള മറ്റ് ഇടവകകളുമായി സഹകരിച്ച് പ്രവർത്തിക്കുകയും സാധിക്കുമെങ്കിൽ ഒന്നിച്ചു കൂടുകയും ചെയ്യുക.
* നവീകരണ ധ്യാനങ്ങൾ ഒരുക്കുക. അല്മായരെയും വചനപ്രഘോഷണത്തിനായി (ഉദാ. സുവിശേഷ സംഘാംഗങ്ങൾ) പരിശീലിപ്പിക്കുക.
* കുടുംബ പ്രേഷിതശുശ്രൂഷ ഹോം മിഷൻ പദ്ധതിയോട് ചേർത്ത് ശക്തമാക്കുക.
* വികാരിയച്ചന്റെ കുടുംബസന്ദർശനം നിശ്ചിത കാലയളവിൽ ക്രമീകരിക്കുക. സാധിക്കുമെങ്കിൽ കമ്മിറ്റി അംഗങ്ങളും കുടുംബ സന്ദർശനം നടത്തുക.
* ജീവന്റെ സംസ്കാരത്തെ സംബന്ധിക്കുന്ന അറിവുകളും അവബോധവും പകർന്നു നല്കുക.

## ഉപസംഹാരം

2025 വരെ മൂന്ന് വർഷക്കാലം നീണ്ടുനില്ക്കുന്ന സഭാനവീകരണത്തിന്റെ ലക്ഷ്യം, പ്രേഷിത ചൈതന്യത്താൽ നവീകരിക്കപ്പെട്ട ഒരു സഭയെ കെട്ടിപ്പടുക്കലാണ്. സഭയിൽ ഒരു പുത്തൻ ഉണർവ്വും, ഒരു പുതിയ പെന്തക്കൊസ്താനുഭവം ഉണ്ടാകണമെന്നതാണ് അതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സഭാംഗങ്ങൾ എല്ലാവരുടെയും ഒരുമിച്ചുള്ള യാത്രയിലൂടെയാണ് ഒരു സമഗ്ര നവീകരണം സഭയിലുണ്ടാകുക. മുകൾ മുതൽ താഴെ വരെ നവീകരിക്കപ്പെടുന്നതിലൂടെയാണ് സഭാനവീകരണം യഥാർത്ഥത്തിൽ സംഭവിക്കുക. സഭയുടെ എല്ലാ പ്രേഷിത പ്രവർത്തനങ്ങളുടെയും ഫലം ദൃശ്യമാകുന്നത് ഇപ്രകാരമുള്ള ആന്തരിക നവീകരണത്തിലാണ്. സഭ മുഴുവനായി പ്രേഷിതയാകുമ്പോൾ മാത്രമാണ് സഭയുടെ നവീകരണവും പൂർണമായി സംഭവിക്കുന്നത്. ●

www.malankaralibrary.com





# മാർ ജോസഫ് പൗവ്വത്തിൽ ഒരു പാഠപുസ്തകം

സഭാചരിത്രത്തിൽ, വിശിഷ്യാ ഭാരതസഭയുടെ ചരിത്രത്തിൽ ഉന്നത ശീർഷരായ അനേകം സഭാപിതാക്കന്മാരുടെ പട്ടികയിലേക്ക് ഒരാളെ കൂടി അടയാളപ്പെടുത്തിയ ദിവസമാണ് 2023 മാർച്ച് 18. തന്റെ നാമഹേതുകനും അതിരൂപതയുടെ തന്നെ പ്രത്യേക മദ്ധ്യസ്ഥനുമായ വി. യൗസേപ്പിന്റെ തിരുനാളിന് തലേനാളാണ് ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ ആർച്ചു ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ 93-ാം വയസിൽ കാലം ചെയ്തത്.



ഫാ. ഡോ. തോമസ് കൊടിനാട്ടുകുന്നേൽ കോർഎപ്പിസ്ക്കോപ്പാ

## ജീവിതനാൾവഴി

1930 ഓഗസ്റ്റ് 14 ന് കുറുമ്പനാടം പൗവ്വത്തിൽ കുടുംബത്തിൽ ആണ് ജനനം. ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷമാണ് പൗവ്വത്തിൽ പാപ്പച്ചൻ എന്ന വി.ജെ. ജോസഫ് വൈദികനാകാൻ സെമിനാരിയിൽ എത്തിയത്. കുടുംബത്തിലെ മൂത്തമകൻ എന്ന നിലയിൽ കുടുംബ കാര്യങ്ങളിൽ ശ്രദ്ധിക്കുമെന്നാണ് വീട്ടുകാർ കരുതിയത്. ഈശോസഭാ വൈദികനാകുവാനാണ് താല്പര്യപ്പെട്ടതെങ്കിലും ദൈവിക നിശ്ചയം ഒരു ഇടവകപ്പട്ടക്കാരനാവുകയെന്നതായിരുന്നു. 1962 ഒക്ടോബർ 3 ന് പൂനെ സെമിനാരിയിൽ വച്ചാണ് പൗരോഹിത്യം സ്വീകരിച്ചത്. തുടർന്ന് ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ അദ്ധ്യാപകനായും ഹോസ്റ്റൽ വാർഡനായും നിയമിതനായി. പ്രശസ്തമായ എസ്.ബി. കോളജിൽ പഠിപ്പിച്ചുകൊണ്ടിരിക്കെയാണ് സ്കോളർഷിപ്പോടുകൂടെ ഓക്സ്ഫോഡിൽ ഉന്നത പഠനത്തിനായി പോയത്. 1970 ൽ തിരികെ എസ്.ബി.യിൽ വരികയും തുടർന്ന് അദ്ദേഹം 1972 ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി

www.malankaralibrary.com



നിയമിതനായി. അദ്ദേഹം 8 വർഷം കൊണ്ട് രൂപതക്ക് ദീർഘവീക്ഷണത്തോടുകൂടി അടിത്തറയിട്ടു. 1985 മുതൽ 2007 വരെ ചങ്ങനാശ്ശേരി അതിരൂപതയുടെ ആർച്ചുബിഷപ്പായി നേതൃത്വം നൽകി. ആ ജീവിത വഴിയിൽ നിർണ്ണായകമായ പല ചുമതലകളും അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി. 1990 മുതൽ 2013 വരെ ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ; 1993 മുതൽ 2007 വരെ ഓർത്തഡോക്സ് സഭയുമായുള്ള സഭൈക്യ ചർച്ചകളിലെ പൊന്തിഫിക്കൽ കമ്മീഷൻ അംഗം; 1993 – 1996 വരെ കെ.സി.ബി.സി. ചെയർമാൻ; 1993 – 2007 വരെ സീറോ മലബാർ സഭാ പെർമനന്റ് സിനഡംഗം; 1994 – 1998 വരെ സി.ബി.സി.ഐ. പ്രസിഡന്റ്; ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷന്റെ ചെയർമാനും സ്ഥാപകനും; നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ ചെയർമാൻ തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചുകൊണ്ട് അദ്ദേഹം സഭയ്ക്കും സമൂഹത്തിനും അത്യുജ്ജ്വലമായ നേതൃത്വം നൽകി.

## സഭയുടെ കിരീടം

ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയും പൗവ്വത്തിൽ പിതാവും വളരെ അടുത്ത സുഹൃത്തുക്കളായിരുന്നു. സഭയുടെ താത്വിക വിഷയങ്ങളിലും പൗരസ്ത്യസഭയുടെ വിശ്വാസപാരമ്പര്യ വിഷയങ്ങളിലും സജീവമായ ചർച്ചകൾ അവർ തമ്മിൽ നടത്തിയിരുന്നു. ക്രാന്തദർശിയായ സഭാസ്നേഹിയായിരുന്നു പൗവ്വത്തിൽ പിതാവ്. വിട്ടുവീഴ്ചയില്ലാതെ, സീറോ മലബാർ സഭയുടെ സ്വത്വബോധത്തിന്റെയും തനിമയുടെയും വീണ്ടെടുപ്പിന്റെ മുന്നണിപ്പോരാളിയായിരുന്നു വന്ദ്യ പിതാവ്. സീറോ മലബാർ സഭയുടെ ചരിത്രം, ആരാധനക്രമം, ആത്മീയത, ഭരണ സംവിധാനം തുടങ്ങിയ മേഖലകളിൽ ആധികാരികതയുടെ സ്വരം ആയിരുന്നു അദ്ദേഹത്തിന്റേത്. സീറോ മലബാർ സഭയുടെ വളർച്ചക്കുവേണ്ടി ചെയ്ത സേവനങ്ങളുടെ വെളിച്ചത്തിലാണ് അദ്ദേഹത്തെ "സീറോ മലബാർ സഭയുടെ കിരീടം" എന്ന് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ വിശേഷിപ്പിച്ചത്.

## വിദ്യാഭ്യാസ വിചക്ഷണൻ

എസ്.ബി. കോളജിൽ സോഷ്യൽ സയൻസിൽ ഒരു അദ്ധ്യാപകനായി ആരംഭിച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അറിവിന്റെ മേഖലയിലെ എല്ലാ സീമകളേയും കീഴടക്കുന്നതായിട്ടാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ നാം കാണുന്നത്. പത്തുവർഷക്കാലം മാത്രമേ കോളജിൽ അദ്ധ്യാപകനായും ഹോസ്റ്റൽ വാർഡനായും അദ്ദേഹം പ്രവർത്തിച്ചുള്ളൂവെങ്കിലും ആഴമായ പ്രതിബദ്ധത പുലർത്തുവാൻ അത് കാരണമായി. 'യുവദീപ്തി' എന്ന യുവജന സംഘടനയുടെ അമരക്കാരനായിരുന്നു പിതാവ്. പൗവ്വത്തിൽ പിതാവ് ഏതാണ്ട് രണ്ട് ദശാബ്ദക്കാലം കേരള കത്തോലിക്കാ മെത്രാൻമാരുടെ സമിതിയിൽ വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായിരുന്നു. ഓക്സ്ഫോഡ് യൂണിവേഴ്സിറ്റിയിൽ വികസനോന്മുഖമായ സാമ്പത്തിക ശാസ്ത്രത്തിൽ നടത്തിയ ഗവേഷണ പഠനങ്ങൾ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ സാമൂഹ്യ ദർശനങ്ങളെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഇന്റർ ചർച്ച് കൗൺസിൽ ചെയർമാനും സ്ഥാപകനുമായി എല്ലാ സഭകളെയും സഹകരിപ്പിച്ച് അദ്ദേഹം നടത്തിയ നീക്കങ്ങളും സേവനങ്ങളും എന്നും സ്മരണീയമാണ്. കേരളത്തിലെ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുൻ നിരയിൽ നിൽക്കുന്നവയാണ് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷന്റെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങൾ. 2006 ൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ പിന്തുണച്ച സ്വാശ്രയ-പ്രൊഫഷണൽ-വിദ്യാഭ്യാസ ബിൽ നീതിക്കും ജനാധിപത്യത്തിനും ന്യൂനപക്ഷ അവകാശങ്ങൾക്കും വിരുദ്ധമായി വിലയിരുത്തി അതിനെതിരെ രംഗത്തു വന്നത് വന്ദ്യ പിതാവിന്റെ നേതൃത്വത്തിലായിരുന്നു. ആ നിയമ പോരാട്ടത്തിൽ കോടതികൾ ആ നിയമം തന്നെ റദ്ദു ചെയ്തത് ചരിത്രമാണ്. മെറിറ്റും സാമൂഹ്യനീതിയും അംഗീകരിക്കുന്ന ഒരു വിദ്യാഭ്യാസ നയമാണ് അംഗീകരിക്കപ്പെട്ടത്. തിരുവല്ല അതിരൂപതയിൽ പുഷ്പഗിരി സ്ഥാപനങ്ങളുടെ വളർച്ചയിൽ വന്ദ്യ പിതാവ് ആ കാലത്ത് വഹിച്ച നേതൃത്വം ശ്രദ്ധേയമായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതയിൽ സ്വാശ്രയ വിദ്യാഭ്യാസ പദ്ധതിക്ക് അദ്ദേഹം ഊന്നൽ നൽകിയിരുന്നില്ല. നമ്മുടെ വിദ്യാർത്ഥികൾ മെറിറ്റിൽ വരണമെന്നും അതിനായി നാം അവരെ വളർത്തിയെടുക്കണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. തന്റെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപക നിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിനും സാമ്പത്തിക ഇടപാടുകളില്ലാത്ത മാനദണ്ഡങ്ങൾക്ക് അദ്ദേഹം രൂപം നൽകിയിരുന്നു. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകിയിരുന്നു.

മാധ്യമങ്ങളുടെ കരുത്തും ശക്തിയും അനിവാര്യതയും വ്യക്തമായി മനസ്സിലാക്കിയ ഒരു സഭ നേതാവായിരുന്നു പൗവ്വത്തിൽ പിതാവ്. മാധ്യമരംഗം പ്രബോധനരംഗമായിട്ടാണ് അദ്ദേഹം വീക്ഷിച്ചത്. ആശയവിനിമയത്തിന്റെ നൂതന മാർഗ്ഗങ്ങൾ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ചങ്ങനാശ്ശേരി കുരുശുംമൂട്ടിൽ അദ്ദേഹം സ്ഥാപിച്ച 'മീഡിയ വില്ലേജ്' ആ ദർശനത്തിന്റെ സാക്ഷാത്ക്കാരമാണ്.

## എക്യുമെനിസത്തിന്റെ അനിവാര്യ സ്വരം

ഇതര മതങ്ങളോടുള്ള അദ്ദേഹത്തിന്റെ ബന്ധവും അടുപ്പവും നമ്മുടെ പഠനത്തിന് വിഷയമാക്കേണ്ടതാണ്. വ്യക്തിബന്ധങ്ങളിലൂടെ രൂപപ്പെട്ട ഒരു ആത്മീയ അടിത്തറയാണ് മതങ്ങളെ തമ്മിൽ ചേർക്കുന്ന ഒരു

www.malankaralibrary.com


സമീപനം അദ്ദേഹത്തിൽ രൂപപ്പെടുത്തിയത്. സ്വാമി ആതുര ദാസ്, സുകുമാർ അഴീക്കോട്, സഹപാഠി ആയിരുന്ന എൻ.എസ്.എസ്. ജനറൽ സെക്രട്ടറി നാരായണപണിക്കർ തുടങ്ങിയുള്ള പരിഷ്കർത്താക്കളുടെ സംസർഗ്ഗം ഒരു ഇന്റർ റിലീജിയസ് ഫെലോഷിപ്പ് രൂപപ്പെടുത്തുവാൻ അദ്ദേഹത്തെ സഹായിച്ചു. മതങ്ങളുടെ കൂട്ടായ്മയേക്കാൾ അദ്ദേഹം ഹൃദയത്തോടു ചേർത്തുവച്ചത് സഭൈക്യ സംവിധാനമായ എക്യുമെനിക്കൽ പ്രസ്ഥാനത്തെയാണ്. തോമാശ്ലീഹായുടെ പൈതൃകവുമായി ബന്ധപ്പെട്ട് രൂപപ്പെട്ട സംഘർഷങ്ങളുടെ പശ്ചാത്തലത്തിലാണല്ലോ സഭകളുടെ ഐക്യത്തിന്റെ അനിവാര്യത ബോധ്യപ്പെട്ടത്. അങ്ങനെ കേരള സഭകൾക്ക് പൊതുവായ ഒരു ആരാധനാലയം നിലയ്ക്കലിൽ സ്ഥാപിതമായി. അദ്ദേഹം ഈ പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്നു. 1990 കളിലെ സഭാമേലധ്യക്ഷന്മാരായിരുന്ന ബസേലിയോസ് ദ്വിതീയൻ കാതോലിക്കാബാവ, ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, ബിഷപ്പ് എം.സി. മാണി, ഏബ്രഹാം മാർ ക്ലീമീസ് വലിയ മെത്രാപ്പോലീത്താ തുടങ്ങിയവർ ആ സംഘത്തിലെ പ്രമുഖരായിരുന്നു. മാർതോമ്മാശ്ലീഹായുടെ പൈതൃകത്തിലുള്ള സഭകളുടെ ഒരു കൂട്ടായ്മയായി ഈ ദൈവാലയം പ്രശോഭിക്കണം എന്നതായരുന്നു വന്ദ്യ പിതാവിന്റെ ദർശനം. സഭാചരിത്രത്തിൽ തന്നെ ആദ്യത്തെ ഒരു സംഭവമായിട്ടാണ് ഇത് വിലയിരുത്തപ്പെടുന്നത്.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ വിവേചിക്കുവാനും സഭയ്ക്കും സമൂഹത്തിനും ദിശാബോധം നൽകുവാനും നിയോഗം ലഭിച്ച് അത് പൂർണ്ണമായി സധൈര്യം നിർവ്വഹിച്ച വ്യക്തിത്വമായിരുന്നു മാർ ജോസഫ് പൗവ്വത്തിൽ പിതാവ്. എസ്.ബി. കോളജിൽ കുറെക്കാലം പഠിക്കുവാനും പഠിപ്പിക്കുവാനും എനിക്ക് അവസരം ലഭിച്ചത് വന്ദ്യ പിതാവിന്റെ കരുതലായിരുന്നു എന്ന് നന്ദിയോടെ സ്മരിക്കുന്നു. അദ്ദേഹം താമസിച്ചിരുന്ന അതേ മുറിയിൽ കുറെക്കാലം വാർഡനായി താമസിക്കുവാനും പ്രവർത്തിക്കുവാനും എനിക്ക് ഭാഗ്യമുണ്ടായി. വന്ദ്യ പിതാവിനെക്കുറിച്ച് ഇനിയും ഏറെ കാര്യങ്ങൾ പരാമർശിക്കപ്പെടേണ്ടതാണെങ്കിലും ലേഖനത്തിന്റെ പരിമിതി കൊണ്ട് അവസാനിപ്പിക്കുന്നു. അദ്ദേഹത്തെക്കുറിച്ചുള്ള അനുസ്മരണാക്കുറിപ്പുകളിൽ എന്നെ തട്ടി ഉണർത്തിയ ഏതാനും വരികൾ കുറിച്ചുകൊണ്ട് വന്ദ്യ പിതാവിന് നിത്യശാന്തി പ്രാർത്ഥിച്ച് ചുരുക്കുന്നു. “കാറ്റിലുലയുന്ന പരുത്തിക്കുപ്പായം പോലെ സ്തൂലമായ ശരീരം. പാദത്തെ താങ്ങി നിർത്തുന്ന മണ്ണിൽ നിന്നുവരെ ഇനിയുമേറെ പഠിക്കാനുണ്ടെന്ന പോലെ നമ്രമായ ശിരസ്സ്. പാദുകങ്ങൾക്കു പോലും നോവരുതേയെന്ന മട്ടിലെ ശാന്തമായ നടത്തം. ഇമ്പമേറിയ ആ വാക്കുകളിലെ ആശയങ്ങളുടെ കനവും കരുത്തും ആരെയും അതിശയിപ്പിച്ചു. മാനവിക മൂല്യങ്ങളിൽ വിശ്വസിച്ചു, വിശ്വസാഹോദര്യത്തിന്റെ അടിത്തറയിൽ നവലോകം കെട്ടിപ്പടുക്കാനാഗ്രഹിക്കുന്ന ഏതൊരാൾക്കും മാർ ജോസഫ് പൗവ്വത്തിൽ ഒരു പാഠപുസ്തകമായിരുന്നു.”

## 2023 MBOC ട്രെയിനിംഗ് ക്യാമ്പ്



*2023 MBOC ട്രെയിനിംഗ് ക്യാമ്പിൽ പങ്കെടുത്തവർ അതിരൂപത മുഖ്യവികാരി ജനറാൾ റവ. ഡോ. ഐസക് പറപ്പള്ളിൽ, അതിരൂപത സണ്ടേസ്കൂൾ ഡയറക്ടർ റവ. ഫാ. സന്തോഷ് അഴകത്ത്, സണ്ടേസ്കൂൾ സെക്രട്ടറി റവ. സി. എൽസ ഒ.എസ്.എസ്. എന്നിവരോടൊപ്പം.*

www.malankaralibrary.com



# ആഘോഷിക്കപ്പെടേണ്ട തൊഴിലിടങ്ങൾ അന്യമാകുമ്പോൾ



എട്ടു മണിക്കൂർ ജോലി എട്ടു മണിക്ക് വിശ്രമം എട്ടു മണിക്കൂർ വിനോദം എന്ന മുദ്രാവാക്യവുമായി ചിക്കാഗോ നഗരത്തിൽ പ്രക്ഷോഭം നടത്തിയ തൊഴിലാളികൾക്ക് നേരെ നടന്ന വെടിവെപ്പിൽ മരിച്ചു വീണവരുടെ സ്മരണയെ മുൻനിർത്തിയാണ് തൊഴിലാളി വർഗ്ഗ പാർട്ടികൾ മെയ്ദിനം കൊണ്ടാടുന്നത്. യൂറോപ്പിലെ പുരാതനമായ കാർഷിക അനുഷ്ഠാനങ്ങളിൽ നിന്നാകാം ഇത്തരം ഒരു ആഘോഷത്തിന്റെ ആവിർഭാവം. കേരളീയരുടെ വിഷു ആഘോഷത്തിന്റെ മറ്റൊരു രൂപമായ ഈ വസന്തോത്സവത്തിൽ മരങ്ങൾ, പച്ചമര പുഷ്പഹാരങ്ങൾ ഇവ കൂടാതെ ഒരു മെയ് മാസ രാജാവ് മെയ് മാസ രാജ്ഞി ഇവരെ അണിയിച്ചൊരുക്കി ഒരു മെയ്ദിന ദണ്ഡും പിടിപ്പിച്ച് ജനങ്ങൾ തെരുവിൽ നടത്തിയിരുന്ന വസന്തഘോഷയാത്രകൾ ആയിരുന്നു ഇന്നത്തെ മെയ്ദിന റാലികളുടെ പൂർവരൂപം. മെയ് ഒന്നിന് ലോക തൊഴിലാളി വർഗ്ഗത്തിന്റെ വിമോചന സ്വപ്നങ്ങളുടെ ആവിഷ്കാരം എന്ന നിലയിൽ ലോകമെങ്ങും ആഘോഷിക്കപ്പെടണമെന്ന തൊഴിലാളിവർഗ്ഗ സ്വപ്നം 1990 മെയ് ഒന്നു മുതൽ സാക്ഷാത്കരിക്കപ്പെട്ടു.

1955 ൽ കത്തോലിക്കാ സഭ മെയ് ഒന്നിന് 'ജോസഫ് ദ വർക്കർ' എന്ന പേരിൽ പ്രമേയം സമർപ്പിച്ചു. തൊഴിലാളികളുടെയും കരകൗശല തൊഴിലാളികളുടെയും രക്ഷാധികാരിയായി യൗസേപ്പിതാവിനെ സഭ വണങ്ങുന്നു. ഉൽപത്തി പുസ്തകത്തിന്റെ ഒന്നും രണ്ടും അദ്ധ്യായങ്ങളിലാണ് ദൈവത്തെ ഒരു തൊഴിലാളിയായി നാം കാണുന്നത്. തന്ത്രപ്രധാനമായ പദ്ധതികളുടെ ഡിസൈനറും, യന്ത്ര ശാസ്ത്രജ്ഞനും തുടങ്ങി പാഴ്വസ്തു സംസ്കാരകൻ വരെയായി മാറുന്ന ഒരു



**ഷിബു മാത്യു ചുങ്കത്തിൽ**
(MCA അതിരൂപത പ്രസിഡന്റ്)

www.malankaralibrary.com


ചിത്രമാണ്. അതുകൊണ്ടാണ് പോൾ മിനെയർ പറയുന്നത് 'ദൈവം ബൈബിളിൽ മുഖ്യമായും ഒരു തൊഴിലാളിയാണ്'. എല്ലാ തൊഴിലും ദൈവത്തിന്റെ ജോലിയിലുള്ള പങ്കുചേരലാണ് എന്നതിലാണ് യഥാർത്ഥത്തിൽ തൊഴിലിന് മഹത്വം വരുന്നത്. ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ മനുഷ്യാന്തസിൽ നിലനിർത്തുന്നത് അവന്റെ തൊഴിലാണ്.

എന്നാൽ തൊഴിൽ മേഖല അനിതരസാധാരണമായ പരിവർത്തനത്തിന് വിധേയമാകുന്ന നാളുകളിലൂടെയാണ് നാം സഞ്ചരിക്കുന്നത്. നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന ഏറ്റവും വലിയ സമസ്യകളിൽ ഒന്നാണ് തൊഴിലില്ലായ്മ. നാം കടന്നു പോയിക്കൊണ്ടിരിക്കുന്നത് 'നാലാം വ്യവസായ വിപ്ലവത്തിലൂടെയാണ്'. നാനാവിധത്തിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉത്പാദനത്തെ വിപ്ലവാത്മകമായി പരിവർത്തിപ്പിക്കാനുള്ള പദ്ധതിയാണിത്. സാധാരണ ജനങ്ങൾക്ക് ഗ്രഹിക്കാൻ ബുദ്ധിമുട്ടുള്ള 19 പുതിയ സാങ്കേതിക വിദ്യകളിലൂടെയാണ് ഈ വിപ്ലവം ചുരുളഴിയുന്നത്. വലിയ ഡാറ്റ വിശകലന ആപ്പുകളും ഇന്റർനെറ്റും ഉപയോഗിച്ചുള്ള വിപണിവ്യാപനം. വസ്തുക്കളുടെ ഇന്റർനെറ്റ്, മേഘ കമ്പ്യൂട്ടിംഗ്, ബ്ലോക്ക് ചെയിൻ ടെക്നോളജി, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ത്രീഡി പ്രിന്റിംഗ് മുതലായ അതി നൂതന വിദ്യകൾ ജോലിയുടെ സ്വഭാവം തന്നെ മാറ്റിമറിക്കുന്നു.

കംപ്യൂട്ടിംഗ് ശക്തിയുടെ അഭൂതപൂർവ്വമായ വളർച്ചയും വിലയിടിവുമാണ് തൊഴിൽ മേഖലയിലെ മനുഷ്യ സാന്നിധ്യം കുറയ്ക്കുന്നത്. റോബോട്ടൈസേഷൻ പലവിധ തൊഴിലുകളേയും ഇല്ലായ്മ ചെയ്യുന്ന അവസ്ഥയിലേക്ക് എത്തിക്കുന്നു. ഡ്രൈവറില്ലാത്ത കാറുകളും വാഹനങ്ങളും നഴ്സുമാരെ ഇല്ലാതാക്കുന്ന റോബോട്ടുകളും ഡെലിവറി ചെയ്യുന്ന മനുഷ്യർക്ക് പകരം ഡ്രോണുകളും കൂടുതൽ കൂടുതൽ തൊഴിലുകൾ ഇല്ലാതാക്കും. ഇന്റർനെറ്റിലൂടെയുള്ള 'സ്ട്രീമിംഗ്' (Streaming) വന്നതോടെ, സംഗീതത്തിന്റേയും സിനിമയുടേയും മറ്റും സി.ഡി. കളുടെ വ്യവസായം തകർന്നു. യന്ത്രങ്ങൾക്ക് ഒരിക്കലും ചെയ്യാൻ കഴിയില്ലെന്നു കരുതിയിരുന്ന പല തൊഴിലുകളും അവ താമസിയാതെ ഏറ്റെടുക്കും. 'ഉപഭോക്തൃ സേവനരംഗത്തും വൈദ്യശാസ്ത്രരംഗത്തും പല ജോലികളും ഏറ്റെടുക്കാൻ ഐ.ബി.എം. പോലുള്ള കമ്പനികൾ ടെക്നോളജി പാകപ്പെടുത്തിയെടുക്കുന്നുണ്ട്. ഇതുവരെ വൈദഗ്ധ്യം കുറഞ്ഞ തൊഴിലുകളാണ് യന്ത്രങ്ങൾ ഏറ്റെടുത്തിരുന്നതെങ്കിൽ, ഏറെ വൈദഗ്ധ്യമുള്ള തൊഴിലുകളും താമസിയാതെ അവ ഏറ്റെടുക്കും.

ഗൂഗിൾ, ആപ്പിൾ, ആമസോൺ, മൈക്രോസോഫ്റ്റ് എന്നിങ്ങനെ വിരലിലെണ്ണാവുന്ന ബഹുരാഷ്ട്ര കമ്പനികൾ നിയന്ത്രിക്കുന്ന 'കംപ്യൂട്ടർ സെർവർ പാടങ്ങൾ' അടങ്ങുന്നതും വലിയ ഡാറ്റ ഉൾക്കൊള്ളുന്നതുമായ നെറ്റ്വർക്കുകളുടെ ശൃംഖലയാണ് 'മേഘം' (Cloud) എന്ന പേരിലറിയപ്പെടുന്നത്; അവ സാധ്യമാക്കുന്ന ഭീമമായ പ്രവർത്തനശേഷിയെ 'ക്ലൗഡ് കംപ്യൂട്ടിംഗ്' എന്നും വിളിക്കുന്നു. ഈ നെറ്റ്വർക്കുകളിൽ ബന്ധിതമായ കോടിക്കണക്കിന് കംപ്യൂട്ടറുകൾ ലോകമാസകലമുണ്ട്; അവയിൽ കംപ്യൂട്ടർ ശാസ്ത്രജ്ഞർ വികസിപ്പിച്ച അത്യുഗ്രശേഷിയുള്ള ദശലക്ഷക്കണക്കിന് 'അൽഗോറിഥ' ങ്ങളുമുണ്ട് (Algorithm). ഈ സങ്കീർണ്ണ ശൃംഖലയിൽ ബന്ധിതമായ സഹസ്രകോടി മറ്റ് ഉപകരണങ്ങൾ വീടുകളും മൊബൈൽ ഫോണുകൾ മുതൽ കംപ്യൂട്ടർ നിയന്ത്രിതമായ ഭീമൻ യന്ത്രങ്ങൾ വരെ കൂടിച്ചേരുമ്പോൾ' വസ്തുക്കളുടെ ഇന്റർനെറ്റ്' (Internet of thing) രൂപപ്പെടുന്നു. ഓട്ടോമേഷന്റെ ആദ്യ കാലഘട്ടങ്ങളിൽ, അദ്ധ്വാനത്തെ യന്ത്രങ്ങൾക്കു കൈമാറിയെങ്കിലും അവയുടെ നിയന്ത്രണത്തിനു മനുഷ്യർ വേണമായി



www.malankaralibrary.com



രുന്നു. പുതിയ സാങ്കേതികവിദ്യയിൽ ഈ നിയന്ത്രണസംവിധാനങ്ങളും (Control system) ഓട്ടോമേഷനിലൂടെ പ്രവർത്തിപ്പിക്കാൻ കഴിയും. പിന്നെ മനുഷ്യരെ ആവശ്യമില്ല. വലിയ വൈദഗ്ധ്യമുള്ള യന്ത്രങ്ങളെ പ്രവർത്തിപ്പിക്കാൻ വൈദഗ്ധ്യമുള്ള മനുഷ്യരെ ആവശ്യമില്ല; വൈദഗ്ധ്യം (skill) യന്ത്രങ്ങളിൽത്തന്നെ ഉൾച്ചേർക്കാൻ കഴിയും. അങ്ങനെ വസ്തുക്കളുടെ ഇന്റർനെറ്റിന്റെ ഈ പുതിയ ഘടന സ്വയം നിയന്ത്രിതമാകുന്നു.

ഓട്ടോമേഷനും റോബർട്ടൈസേഷനും ലോകവ്യാപകമാകുമ്പോൾ തൊഴിലിടങ്ങൾ അശാന്തിയുടെ ഇടമായി മാറുന്നു. ജോലിസ്ഥലത്തെ സമ്മർദ്ദം താങ്ങാനാവാതെ മനുഷ്യർ കടുത്ത വിഷാദത്തിലേക്കും രോഗാവസ്ഥയിലേക്കും മാറ്റപ്പെടുന്നു. തൊഴിൽ അസ്ഥിരത വലിയ പ്രതിസന്ധിയായി നിലനിൽക്കുന്നു. റിട്ടയർമെന്റ് പ്രായം നിലവിൽ ലോകത്താകമാനം 60 വയസ്സിനടുപ്പിച്ച് നിൽക്കുമ്പോൾ പുതിയ ലോക ക്രമത്തിൽ 40 വയസ്സ് കഴിയുമ്പോഴേക്കും മത്സരക്ഷമത ഇല്ലാതായതിനാൽ ജോലി നഷ്ടപ്പെടുന്ന സ്ഥിതിയിലേക്ക് എത്തിച്ചേരുന്നു.

ഈ മെയ്ദിനവും തൊഴിലാളികളുടെ വിശുദ്ധനായ യൗസേപ്പിതാവിന്റെ തിരുനാളും തൊഴിൽ സംസ്കാരത്തിന്റെ ജീർണ്ണതയെ പരിഹരിക്കാനുള്ള ശ്രമം ആകണം. തൊഴിലിടങ്ങൾ സർഗ്ഗാത്മകതയുടെ ഇടമാകണം. തൊഴിലിൽ നിന്ന് ലഭിക്കുന്ന വേതനം പ്രധാനപ്പെട്ടതാണെങ്കിലും ആദ്യം തൊഴിലാളി ചിന്തിച്ചു തുടങ്ങേണ്ടത് താൻ ഏർപ്പെട്ട തൊഴിലിൽ തനിക്ക് ലഭിക്കാവുന്ന ആനന്ദത്തെക്കുറിച്ച് ആയിരിക്കണം. W. H. Auden പറയുന്നു 'സാധാരണയായി ആനന്ദം വെറുക്കുന്നവൻ അനീതി പ്രവർത്തിക്കുന്നു'. പണത്തിനായി മാത്രം തൊഴിലിടങ്ങൾ കാണുന്നവരുടെ ഇടയിൽ അനീതി, അഴിമതി, നോക്കുകൂലി എന്നിവ സാധാരണമാകും. തൊഴിലിന്റെ സംതൃപ്തി ഇല്ലാതാക്കുകയും ചെയ്യും.

മാറുന്ന ലോകത്ത് ഒരു തൊഴിൽ പ്രതിസംസ്കൃതി വളർത്തേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ മഡഗാസ്കർ പര്യടനത്തിന്റെ ഭാഗമായി മഹത്തദ്ധാനിയിലെ പാറമട സന്ദർശിച്ച് തൊഴിലാളികൾക്കായി നടത്തിയ പ്രാർത്ഥന ലോകശ്രദ്ധ ആകർഷിച്ചു. 17 നിയോഗങ്ങൾ ഉള്ള പ്രാർത്ഥനയിൽ ഉടനീളം തങ്ങളുടെ മക്കളെ വാത്സല്യത്തോടെ തലോടാനും അവരോടൊപ്പം വിനോദത്തിൽ ഏർപ്പെടാനും അദ്ധ്വാനഫലങ്ങൾ കുടുംബത്തിന് ലഭ്യമാകുവാനും പ്രാർത്ഥിക്കുന്നു. തൊഴിലിന്റെ ആനന്ദം പൂർണ്ണമാകാൻ അപ്പത്തിന്റെ പങ്കിടൽ നടത്താനും തൊഴിലിന്റെ സർഗാത്മകത നിലനിർത്താനും നീതി എല്ലാവർക്കും ലഭ്യമാകുവാനും പ്രാർത്ഥിക്കുന്നു. മാർപ്പാപ്പയുടെ ഈ പ്രാർത്ഥനയോട് ചേർന്ന് മെയ്ദിന ചിന്തകളിൽ ആനന്ദപൂർണ്ണമായി, പ്രതീക്ഷാനിർഭരമായി, ആഘോഷിക്കപ്പെടേണ്ട തൊഴിലിടങ്ങൾ നിലനിൽക്കാനും വളരാനും നമുക്ക് പ്രാർത്ഥിക്കാം. ●

## പൂർണ്ണ ശെമ്മാശപട്ടം സ്വീകരിച്ചു



*2023 ഏപ്രിൽ 21-ാം തീയതി ഇൻഫന്റ് മേരീസ് മൈനർ സെമിനാരി ചാപ്പലിൽ വച്ച് തിരുവല്ല അതിരൂപതയിലെ 6 ബ്രദേഴ്സ് (മാമ്മൻ ഇടത്തറ - തലവടി സൗത്ത്, മാത്യു മൂലയിൽ - മുണ്ടിയാക്കൽ, ജസ്റ്റിൻ ഓലിക്കൽ - നീരാട്ടുകാവ്, മാത്യു പുത്തൻ പീടികയിൽ - പൂഴിക്കുന്ന്, ജോൺ പാൽക്കുളം - പായിപ്പാട്, സെബാസ്റ്റ്യൻ കരിമ്പനയ്ക്കൽ - ചക്കുപള്ളം) അതിരൂപതാദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കൈവയ്പ്പാൽ പൂർണ്ണ ശെമ്മാശ്ശപട്ടം സ്വീകരിച്ചു.*

www.malankaralibrary.com






(മെയ് 12 അന്താരാഷ്ട്ര നഴ്സസ് ദിനം ആചരിക്കുന്നു. ഒച്ചയും ബഹളവും ആരവങ്ങളുമില്ലാതെ ആഗോളസഞ്ചാരം ആരംഭിച്ചവരാണ് മലയാളി നഴ്സുമാർ. ലോകത്തിന്റെ എല്ലാ ഭാഗത്തും അവരുടെ നിശബ്ദ സാന്നിദ്ധ്യമുണ്ട്. അവരാണ് കേരളത്തിലെ വലിയൊരു ജനതയെ പട്ടിണിയിൽനിന്നും കുടിയേറ്റത്തിൽ നിന്നും രക്ഷിച്ചത് എന്ന് പറയാം).

# എപ്പോഴും നിശബ്ദ സാന്നിദ്ധ്യമാകുന്ന നഴ്സുമാർ



**ജോബി ബേബി**
(കുവൈറ്റ് മിനിസ്ട്രി ഓഫ് ഹെൽത്ത്)

നഴ്സുമാരാണ് ആതുരശുശ്രൂഷ രംഗത്ത് രോഗിയുമായി ഏറ്റവും കൂടുതൽ ഇടപഴകേണ്ടി വരുന്ന വിഭാഗം എന്ന് നിസംശയം പറയാം. നഴ്സുമാരുടെ ആദ്യകാല ചരിത്രത്തെക്കുറിച്ച് പറയുമ്പോൾ ക്രൈസ്തവരാണ് ആദ്യകാലം മുതൽ തന്നെ ആതുരശുശ്രൂഷയിൽ സജീവമായിരുന്നത് എന്ന് കാണാം. പിന്നീട് കാലാകാലങ്ങളായി വന്ന ഓരോ നാഗരികതയിലും ആതുരശുശ്രൂഷ പ്രവർത്തകർ സേവനം ചെയ്തു പോരുന്നു. ആധുനിക നഴ്സിംഗ് ആരംഭിക്കുന്നതിനുമുമ്പ് യൂറോപ്പിൽ കത്തോലിക്കാ കന്യാസ്ത്രീകളും സൈന്യവും നഴ്സിംഗ് പോലുള്ള സേവനങ്ങൾ ജനങ്ങൾക്ക് നൽകിയിരുന്നു.

1850-ൽ നടന്ന ക്രീമീയൻ യുദ്ധപോരാളികളെ ശുശ്രൂഷിക്കാൻ സന്നദ്ധയായി മുന്നോട്ടുവന്ന ഫ്ളോറൻസ് നൈറ്റിഗേൽ എന്ന 'വിളക്കേന്തിയ വനിത' ആണ് ആധുനിക നഴ്സിംഗ് ശില്പിയായി അറിയപ്പെടുന്നത്. അവ

www.malankaralibrary.com



രുടെ ജന്മദിനമായ 'മെയ് 12' ആണ് അന്താരാഷ്ട്ര നഴ്സസ് ദിനമായി ആചരിക്കുന്നത്. സമൂഹത്തെ പരിചരിക്കുന്നതിന്റെയും പരിപാലിക്കുന്നതിന്റെയും പേരാണ് നഴ്സിംഗ്. ആരോഗ്യസംരക്ഷണ സംവിധാനത്തിൽ നഴ്സുമാർ മുഖ്യമായ പങ്കാണ് വഹിക്കുന്നത്. രോഗികൾക്ക് പരിചരണം നൽകുന്നതിനു പുറമേ അവർ ആശുപത്രികളിലും മറ്റ് ആരോഗ്യ സംവിധാനങ്ങളിലും നേതൃത്വം നൽകുകയും ചെയ്യുന്നുണ്ട്. എല്ലാവർക്കും മെച്ചപ്പെട്ട ആരോഗ്യസംരക്ഷണം ലഭിക്കാൻ വിദഗ്ധരായ നഴ്സുമാർ തന്നെ വേണം. ഇന്ത്യയിൽ ആരോഗ്യ സംരക്ഷണ സംവിധാനം സമൂലമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ജനസംഖ്യയിലെ മാറ്റം, മെഡിക്കൽ സാങ്കേതികവിദ്യയുടെ പുരോഗതി, ലാഭം നേടുക എന്ന മാനസികാവസ്ഥ, കുടിയേറ്റം, വിദ്യാഭ്യാസ-സേവന വിടവ്, സാമ്പത്തികമാന്ദ്യം തുടങ്ങിയവയാണ് അത്തരം മാറ്റത്തിന് കാരണമായിട്ടുള്ളത്.

നിലവിലെ ആരോഗ്യസംരക്ഷണ സംവിധാനത്തിൽ നഴ്സുമാർ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. ഇത് രോഗികൾക്ക് നിലവാരമുള്ള പരിചരണം ലഭ്യമാകുന്നതിന് തടസമാകുന്നു. ഈ വെല്ലുവിളികൾ മൂലം പലപ്പോഴും നഴ്സുമാർ തൊഴിൽ ഉപേക്ഷിക്കുവാനും കാരണമാകുന്നു. നഴ്സിംഗ് തെരഞ്ഞെടുക്കുന്ന വിദ്യാർഥികളുടെ എണ്ണം കുറയുന്നതുമൂലം പലയിടത്തും നഴ്സുമാരുടെ കുറവുണ്ടാകുന്നു. പ്രതിഫലം, മെച്ചപ്പെട്ട ഭൗതിക അന്തരീക്ഷം, അംഗീകാരം എന്നിവ കൂടുതലായി ലഭിക്കുന്ന വിദേശ രാജ്യങ്ങളിലേക്ക് നഴ്സുമാർ ആകൃഷ്ടരാകാനും അവിടങ്ങളിൽ ചേക്കേറാനുമുള്ള കാരണവും മറ്റൊന്നല്ല.



**സമൂഹത്തെ പരിചരിക്കുന്നതിന്റെയും പരിപാലിക്കുന്നതിന്റെയും പേരാണ് നഴ്സിംഗ്. ആരോഗ്യസംരക്ഷണ സംവിധാനത്തിൽ നഴ്സുമാർ മുഖ്യമായ പങ്കാണ് വഹിക്കുന്നത്. രോഗികൾക്ക് പരിചരണം നൽകുന്നതിനു പുറമേ അവർ ആശുപത്രികളിലും മറ്റ് ആരോഗ്യ സംവിധാനങ്ങളിലും നേതൃത്വം നൽകുകയും ചെയ്യുന്നുണ്ട്. എല്ലാവർക്കും മെച്ചപ്പെട്ട ആരോഗ്യസംരക്ഷണം ലഭിക്കാൻ വിദഗ്ധരായ നഴ്സുമാർ തന്നെ വേണം.**

## നഴ്സുമാർ നേരിടുന്ന വെല്ലുവിളികൾ

**1. മാനസിക അതിക്രമങ്ങൾ**

ജോലിഭാരവും ഉത്തരവാദിത്തങ്ങളും അധികൃതരുടെയും സമൂഹത്തിന്റെയും ഭാഗത്തുനിന്നുള്ള ഹൃദ്യമല്ലാത്ത പ്രതികരണങ്ങളും നഴ്സുമാരെ മാനസികാസ്വാസ്ഥ്യങ്ങളിലേക്ക് നയിക്കുന്നു. സേവന മികവിന്റെ കാര്യത്തിൽ മലയാളി നഴ്സുമാർ ലോകത്തിൽ

www.malankaralibrary.com



തന്നെ ഒന്നാം സ്ഥാനത്താണ്. സേവന രംഗത്ത് സ്വയം സമർപ്പിതരായി മുന്നോട്ടുവന്ന അവരിൽ പലർക്കും പ്രത്യേകിച്ച്, ഈ കോവിഡ് കാലത്ത് വിവാഹം പോലും നീട്ടി വെക്കേണ്ട സാഹചര്യം ഉണ്ടായത് നമ്മൾ കണ്ടു. എന്നാൽ അവർക്ക് ലഭിക്കേണ്ട അംഗീകാരം കേരളത്തിൽ പലപ്പോഴും കിട്ടാറില്ല. പലയിടങ്ങളിൽനിന്നും അപമാനം ഏറ്റുവാങ്ങേണ്ടി വരുന്ന സാഹചര്യവും നിലവിലുണ്ട്. മാത്രവുമല്ല, നഴ്സ് ആണ് എന്ന ഒരൊറ്റ കാരണം കൊണ്ട് വിവാഹം പോലും ദുഷ്കരമായി തീരുന്ന സാഹചര്യമാണ് പലയിടങ്ങളിലുമുള്ളത്. നഴ്സ് എന്നത് ഒരു ചീത്തപ്പേരായി ഗണിക്കുന്നവരും ഉണ്ട്. ഇവയെല്ലാം ആത്യന്തികമായി രോഗീപരിചരണത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നു.

**2. ഉദ്യോഗസ്ഥരുടെ കുറവ്**

മാനുഷിക വിഭവശേഷിയിലെ കുറവ് അമിത ജോലി ഭാരത്തിനും അസമത്വത്തിനും കാരണമാകുന്നു. ഉയർന്ന നഴ്സ്- രോഗി അനുപാതത്തിൽ പ്രവർത്തിക്കാൻ നഴ്സുമാർ നിർബന്ധിതരാകുമ്പോൾ രോഗി പരിചരണം വേണ്ട വിധം നടക്കാതെ വരുന്നു. നഴ്സ്-രോഗി അനുപാതം കൃത്യമാകേണ്ടത് ആരോഗ്യസംരക്ഷണ രംഗത്ത് അത്യാവശ്യമാണ്.

**3. ആരോഗ്യപരമായ അപകടങ്ങൾ**

ജോലി നിർവഹണത്തിനിടയിൽ നഴ്സുമാർ ജൈവശാസ്ത്രപരവും ശാരീരികവും രാസപരവുമായ അപകടങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നു. തൊഴിൽ സുരക്ഷ, ആരോഗ്യ പരിശീലനം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഇത്തരം അപകടങ്ങളെ ഒരു പരിധി വരെ തടയാനാവും.

**4. ദൈർഘ്യമേറിയ ജോലിസമയം**

ആരോഗ്യപരിപാലന യൂണിറ്റിലെ അപര്യാപ്തമായ ഉദ്യോഗസ്ഥ വിന്യാസം പലപ്പോഴും നീണ്ട ജോലി സമയത്തിന് കാരണമാകുന്നു. ഇത് നഴ്സുമാരുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. ക്ഷീണിച്ച മനസും ശരീരവുമായി കാര്യക്ഷമമായ നഴ്സിംഗ് പരിചരണം നൽകുന്നത് ഒരു നഴ്സിന് അസാധ്യമാണ്.

**5. ടീം വർക്കിന്റെ അഭാവം**

ആശുപത്രിയിൽ സംഭവിക്കുന്ന എല്ലാ അനിഷ്ട സംഭവങ്ങൾക്കും കാരണക്കാർ നഴ്സുമാരാണെന്ന ധാരണയും നിലനിൽക്കുന്നു. പരിചരണത്തിലെ അപര്യാപ്തത, ഫലപ്രദമല്ലാത്ത വൈദ്യസേവനം, ഡോക്ടർമാരുടെ ലഭ്യതക്കുറവ് തുടങ്ങി തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വരുന്ന എല്ലാ കാര്യങ്ങൾക്കും നഴ്സുമാർ ഉത്തരവാദികളാകേണ്ടി വരുന്നു.

**6. അംഗീകാരമില്ലായ്മ**

മിക്ക ആതുരാലയങ്ങളിലും നഴ്സുമാരുടെ സേവനങ്ങളെ മൂല്യനിർണയം നടത്താനുള്ള സംവിധാനങ്ങളില്ല. അതിനാൽ അവരുടെ സേവനങ്ങൾ അംഗീകരിക്കപ്പെടാറില്ല. നഴ്സിംഗ് അല്ലാത്ത ജോലി മിക്ക ആരോഗ്യസംരക്ഷണ മേഖലയിലും നഴ്സുമാർ അവരുടേതല്ലാത്ത ജോലി കൂടി ഏറ്റെടുക്കേണ്ടിവരുന്നു. ഇതോടെ അവരുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിന് സമയം തികയാതെ വരുന്നു. മറ്റു ജോലിയിൽ എന്തെങ്കിലും തകരാറുകൾ സംഭവിച്ചാൽ അതിന്റെ കുറ്റപ്പെടുത്തലും അവർ തന്നെ വഹിക്കേണ്ടി വരുന്നു.

**7. കള്ളനാണയങ്ങൾ**

നിലവാരം കൂടിയതും കുറഞ്ഞതുമായ പലതരം വിദ്യാഭ്യാസ യോഗ്യതകളുള്ള നഴ്സുമാരാണ് നില



വിലുള്ളത്. വിദ്യാഭ്യാസ യോഗ്യതകൾ ഒന്നുമില്ലാതെ പരിമിതമായ പരിചയം മാത്രം കൈമുതലാക്കിയ 'നഴ്സു'മാരും ഇക്കൂട്ടത്തിലുണ്ട്. ഒരു വെള്ള കോട്ട് ധരിച്ചാൽ നഴ്സ് ആയി എന്നാണ് സമൂഹത്തിന്റെ പൊതുധാരണ. നഴ്സിംഗ് പഠന നിലവാരവും യോഗ്യതയും ഏകീകരിക്കാനുള്ള സംവിധാനങ്ങളുടെ അഭാവം പൊതുജനാരോഗ്യ സംവിധാനത്തിന്റെ ഗുണനിലവാര തകർച്ചയിലേക്ക് നയിക്കുന്നു.

**8. തൃപ്തികരമല്ലാത്ത ജീവിതസാഹചര്യങ്ങൾ**

മിക്ക ആതുരാലയങ്ങളിലും, പ്രത്യേകിച്ച് സ്വകാര്യ സ്ഥാപനങ്ങളിൽ നഴ്സുമാർക്ക് ലഭ്യമാകുന്ന വേതനം വളരെ തുച്ഛമാണ്. സർക്കാർ സ്ഥാപനങ്ങളിലും താൽക്കാലിക-ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ വേതനം പലപ്പോഴും സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ആതുരാലയങ്ങളിൽ ഒരുക്കപ്പെടുന്ന താമസസൗകര്യങ്ങളും വളരെ അപര്യാപ്തമാണ്. ജോലി സമയത്തിലെ ദൈർ

www.malankaralibrary.com



ഘ്യം കാരണം പല നഴ്സുമാരുടെയും കുടുംബജീവിതം താളം തെറ്റുന്നു. മെച്ചപ്പെട്ട കുടുംബ ജീവിതം നയിക്കണമെന്ന് തോന്നുമ്പോൾ ചിലർ നഴ്സിംഗ് ജോലി ഉപേക്ഷിക്കുകയും ചെയ്യുന്നു.

## പരിഹാരമാർഗങ്ങൾ

**1. അനുകൂല ഔദ്യോഗിക അന്തരീക്ഷം**

നഴ്സുമാരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും പ്രാധാന്യം നൽകണം. ആരോഗ്യകരമായ തൊഴിൽ അന്തരീക്ഷം ഒരുക്കണം. നൈതിക മൂല്യങ്ങൾ നഴ്സുമാർക്ക് വകവെച്ചു കൊടുക്കുന്ന ഒരു തൊഴിലുടമ-തൊഴിലാളി സൗഹൃദ അന്തരീക്ഷം തൊഴിലിടങ്ങളിൽ സൃഷ്ടിക്കപ്പെടണം. പരസ്പര ബന്ധങ്ങളിലെ ഊഷ്മളതയും അർഹമായ ആനുകൂല്യങ്ങളും അവർക്ക് ലഭ്യമാക്കണം.



**2. ഉപകരണങ്ങൾ**

ഉപകരണങ്ങളുടെയും ഉപഭോഗ വസ്തുക്കളുടെയും ഗുണനിലവാരവും ലഭ്യതയും ഉറപ്പുവരുത്തുന്നത് തൊഴിൽ ദാതാവിന്റെ ഉത്തരവാദിത്വവും ആരോഗ്യ സംവിധാനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യവുമാണ്.

**3. കൂട്ടായ പ്രവർത്തനം**

ടീം വർക്കിന്റെ പ്രാധാന്യത്തെക്കുറിച്ച് രോഗീപരിചരണ മേഖലയിലുള്ളവരെല്ലാം മനസ്സിലാക്കണം. ഒരു മികച്ച ടീമിന് മാത്രമേ സംതൃപ്തവും മികച്ചതുമായ രോഗീപരിചരണം സാധ്യമാക്കിയെടുക്കാൻ കഴിയൂ.

**4. റിക്രൂട്ട്മെന്റ് / നിലനിർത്തൽ നയം**

മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി നിയമനവും അവരെ നിലനിർത്തുന്നതിനുമായി ആസൂത്രിതവുമായ ഒരു നയവും ആരോഗ്യ സംവിധാനത്തിൽ ഉൾപ്പെടുത്തണം.

**5. വിദ്യാഭ്യാസ യോഗ്യത മാനദണ്ഡങ്ങൾ ഏകീകരിക്കുക**

അംഗീകൃത കലാലയങ്ങളിൽനിന്ന് നേടിയ യോഗ്യത ഉള്ളവർക്ക് മാത്രം നിയമനം നൽകുക. ചികിത്സാരീതികളിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് നഴ്സുമാരുടെ അറിവും യോഗ്യതയും വികസിപ്പിക്കുന്നതിന് ആവശ്യമായ തുടർവിദ്യാഭ്യാസ പരിപാടികൾക്കും അവർക്ക് അവസരം നൽകണം. വിദ്യാഭ്യാസ സേവന വിടവ് നികത്തുക. പഠനകാലയളവിൽ പഠിപ്പിക്കുന്നതും അവ പ്രവൃത്തിയിൽ വരുത്തുന്നതിലുമുള്ള വ്യത്യാസം ഇല്ലാതാക്കുന്നതിൽ ശ്രദ്ധിക്കണം. ജോലി ഭാരം കുറയ്ക്കണം. ഓരോരുത്തർക്കും അവരുടേതായ ജോലികൾ തുല്യമായി വീതം വെക്കണം. ജോലിഭാരം സന്തുലിതമാക്കാൻ ശ്രമിക്കണം.

**6. സ്വതന്ത്ര സേവനം**

വിദേശ രാജ്യങ്ങളിലേതുപോലെ നഴ്സുമാർക്ക് സ്വതന്ത്രമായി സേവനം ചെയ്യാനുള്ള സാഹചര്യം ഇന്ത്യയിലും ഒരുക്കണം. നിശ്ചിത പ്രദേശങ്ങളിൽ (വാർഡ്/ മഹല്ല്/ ഇടവക) നഴ്സ് പ്രാക്ടീഷണർ, പാരിഷ് നഴ്സ് പോലുള്ള സ്വതന്ത്ര സേവനം നൽകാൻ പര്യാപ്തരായ യോഗ്യതയുള്ള നഴ്സുമാരെ നിയമിക്കുകയും ആ പ്രദേശങ്ങളുടെ ആരോഗ്യ സംരക്ഷണ ചുമതല അവരെ ഏൽപ്പിക്കുകയും ചെയ്താൽ വലിയൊരളവോളം നിലവിലുള്ള ആരോഗ്യ പ്രശ്നങ്ങളെ ചെറുക്കാനാവും.

**7. ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക**

നഴ്സുമാർക്ക് അവരുടെ ജോലിക്കും യോഗ്യതക്കും അനുസൃതമായ വിധത്തിൽ അംഗീകാരവും ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. മികച്ച വേതന വ്യവസ്ഥയിലൂടെ അവർക്ക് മെച്ചപ്പെട്ട ജീവിതം നയിക്കാനുള്ള സാഹചര്യമുണ്ടാകണം. യോഗ്യതാ മാനദണ്ഡങ്ങൾ, ജോലി സമയം, നഴ്സ്-രോഗി അനുപാതം, ആതുരാലയങ്ങളിലെ താമസസൗകര്യങ്ങൾ തുടങ്ങിയവ ഇന്ത്യൻ നഴ്സിങ് കൗൺസിലിന്റെ നിർദേശപ്രകാരമുള്ളതാക്കാൻ അധികൃതർ ശ്രദ്ധിക്കണം.

ആരോഗ്യ വിതരണ സംവിധാനം കുറ്റമറ്റ രീതിയിൽ നടപ്പാക്കേണ്ടതിന് നഴ്സിംഗ് മേഖലയിൽ സമൂലമായ പുരോഗമനാത്മകമായ മാറ്റങ്ങൾ അനിവാര്യമാണ്. അഭിമാനബോധമുള്ള ഊർജ്ജസ്വലരായ നഴ്സുമാരെ സമൂഹത്തിന് സംഭാവന ചെയ്യാനും, മിടുക്കരായ യുവതലമുറയെ ആതുരശുശ്രൂഷാ മേഖലയിലേക്ക് ആകർഷിക്കാനും ഇത് കാരണമാകും. അതുവഴി പൊതുജനാരോഗ്യം അഭിവൃദ്ധിപ്പെടുകയും ചെയ്യും. ●

www.malankaralibrary.com



# വി. കുർബാനയ്ക്ക് ഔഷധഗുണമുണ്ടോ?



## സുറിയാനി സഭാപാരമ്പര്യം

ഫാ. ഡോ. ജോസഫ് കളരിപറമ്പിൽ

അപ്പസ്തോലിക പാരമ്പര്യം പിന്തുടരുന്ന എല്ലാ ക്രിസ്തീയസഭകളിലും ആരാധനയുടെ കേന്ദ്രബിന്ദു വിശുദ്ധ കുർബാനയാണ്. സുറിയാനി പാരമ്പര്യത്തിൽ രക്ഷാകരചരിത്രത്തിന്റെ കേന്ദ്ര രഹസ്യമായാണ് വി. കുർബാനയെ മനസ്സിലാക്കുന്നത്. എല്ലാ കൂദാശകളും എല്ലാ ആരാധനയും വി.കുർബാന എന്ന കൂദാശകളുടെ കൂദാശയിലേക്ക് കേന്ദ്രീകരിച്ചിരിക്കുന്നു. പ്രത്യേകിച്ച്, മാമ്മോദീസാ എന്ന കൂദാശയിലൂടെ ഓരോ ക്രൈസ്തവനും വി. കുർബാനയിൽ പങ്കെടുക്കുവാൻ അർഹത ലഭിക്കുന്നു. സഭയെ രൂപപ്പെടുത്തുന്നതും ക്രിസ്തുവിന്റെ സ്നേഹത്തിൽ വിശ്വാസികളെ പരസ്പരം ഒന്നിപ്പിക്കുന്നതും വി. കുർബാനയാണ്. ക്രിസ്തുവിന്റെ കൂദാശാശരീരത്തിലൂടെ അവന്റെ സഭയിൽ അംഗങ്ങളായി വിശ്വാസികൾ വളരുന്നു. വി. കുർബാനയെ വിശേഷിപ്പിക്കുവാൻ സഭാപിതാക്കന്മാർ പല സംജ്ഞകളും ഉപയോഗിച്ചിട്ടുണ്ട്. സ്വർണനാവുകാരൻ എന്ന അപര നാമധേയത്തിലറിയപ്പെടുന്ന സഭാപിതാവായ ജോൺ ക്രിസോസ്തോം വി. കുർബാനയെ വിശേഷിപ്പിച്ചത് "അമർത്യതയുടെ ദിവ്യ ഔഷധം" എന്നാണ്. ഇതിന് സമാനമായി സുറിയാനി പാരമ്പര്യത്തിൽ സഭാപിതാക്കന്മാർ ഉപയോഗിച്ച സംജ്ഞ "വി. കുർബാന ജീവന്റെ ഔഷധം" (Medicine of Life) എന്നാണ്. തന്റെ പരസ്യജീവിതകാലത്ത് യേശു ഇപ്രകാരം പഠിപ്പിച്ചു: "ദൈവത്തിന്റെ അപ്പം സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന് ലോകത്തിനു ജീവൻ നൽകുന്നതത്രേ... ഞാനാണ് ജീവന്റെ അപ്പം" (യോഹന്നാൻ 6:33, 34). യേശു പഠിപ്പിച്ചതുപോലെ വി. കുർബാന ജീവൻ നൽകുന്ന അപ്പമാണ്, അതായത്, മരണത്തെ നീക്കിക്കളഞ്ഞ് നിത്യജീവൻ നൽകുന്ന ഔഷധമാണിത്. മരണം മാറ്റി നിത്യമായ ജീവനിലേക്ക് വി. കുർബാന ഒരു വിശ്വാസിയെ നയിക്കുന്നു.

എത്യോപ്യൻ ആരാധനക്രമത്തിൽ അനാഫൊറയുടെ ആഘോഷവേളയിൽ, പ്രധാന ശെമ്മാശ്ശൻ വായിക്കുന്ന പ്രാർത്ഥനയുടെ അവസാന വാചകം ആരാധനാ സമൂഹത്തോട് ഇപ്രകാരം ആഹ്വാനം ചെയ്യുന്നു:

www.malankaralibrary.com



"നിങ്ങളുടെ ഹൃദയങ്ങളെ ഉയർത്തുക. നമുക്ക് ജീവന്റെ ഔഷധത്തിനടുത്തെത്താം (Medicine of Life). കർത്താവിന്റെ ജ്ഞാനത്താൽ, അവന്റെ കൃപയാൽ നമുക്കു ലഭിച്ചിരിക്കുന്ന വിശുദ്ധി നമുക്ക് സ്വീകരിക്കാം."

വി. കുർബാന ജീവന്റെ ഔഷധമെന്ന ആശയം എപ്രകാരമാണ് സുറിയാനി സഭാപിതാക്കന്മാർ രൂപപ്പെടുത്തിയതെന്ന് ഈ ലേഖനത്തിലൂടെ പരിശോധിക്കാം. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവം തന്റെ ജനത്തെ മരണത്തിന്റെ വാതിലിൽ നിന്ന് രക്ഷപ്പെടുത്തിയ സംഭവങ്ങൾ കോർത്തിണക്കിയാണ് സുറിയാനിപാരമ്പര്യത്തിൽ വി. കുർബാന ജീവന്റെ ഔഷധമാണ് എന്ന ആശയം സഭാപിതാക്കന്മാർ രൂപപ്പെടുത്തിയത്.

## ജീവവൃക്ഷത്തിന്റെ ഫലം

ആദിമാതാപിതാക്കളെ ദൈവം പറുദീസാ ഭരമേല്പിച്ചപ്പോൾ, തോട്ടത്തിന്റെ നടുവിൽ ദൈവം രണ്ട് വൃക്ഷങ്ങളാണ് വളർത്തിയത്: ജീവന്റെ വൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും (ഉൽപത്തി 2:9). ഇതിൽ, "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം ഭക്ഷിക്കരുത്" എന്ന ദൈവകല്പന സാത്താന്റെ പ്രലോഭനത്തിന് വിധേയപ്പെട്ട് ലംഘിച്ചതുവഴിയായി (ഉൽപത്തി 2:17) ആദിമാതാപിതാക്കൾ പറുദീസായിൽ നിന്ന് പുറന്തള്ളപ്പെട്ടു. അപ്രകാരം അവരിരുവരും ദൈവത്തിൽ നിന്നും ജീവന്റെ വൃക്ഷത്തിൽ നിന്നും അകലേണ്ടിവന്നു (ഉൽപത്തി 3:23). ഇതിൽ നിന്ന് അനുമാനിക്കാവുന്ന പ്രധാന വസ്തുത ആദവും ഹവ്വായും ദൈവകല്പന ലംഘിക്കുന്നതു വരെ ജീവവൃക്ഷത്തിൽ നിന്ന് ഭക്ഷിച്ചു എന്നു വേണം. സാത്താന്റെ പ്രവൃത്തി വഴിയായി അറിവിന്റെ വൃക്ഷം 'മരണവിഷം'ഉത്പാദിപ്പിക്കുകയും മനുഷ്യന്റെ മരണത്തിന് കാരണമാവുകയും ചെയ്തു. അതേസമയം, ജീവവൃക്ഷത്തിൽ നിന്നുള്ള ഫലം എല്ലാവരേയും ജീവിതത്തിനായി പോഷിപ്പിക്കുവാനുള്ള ഔഷധമായി വർത്തിക്കുന്നു. ഈ ജീവവൃക്ഷ ഫലത്തിൽ പങ്കുപറ്റുവാൻ മനുഷ്യർക്ക് വീണ്ടും ഭാഗ്യം ലഭിച്ചത് ക്രിസ്തു തന്റെ ശരീരരക്തങ്ങൾ മനുഷ്യർക്കായി കുരിശിൽ പ്രദാനം ചെയ്തപ്പോഴാണ്.



പഴയനിയമത്തിൽ വെളിപ്പെട്ടിരിക്കുന്നതെല്ലാം പുതിയനിയമത്തിൽ സംഭവിച്ച യാഥാർത്ഥ്യത്തിന്റെ പ്രതിച്ഛായയോ മുൻനിഴലോ ആണ്. അതുകൊണ്ട് ജീവവൃക്ഷത്തെ ഒരു ബിംബമായി, സംജ്ഞയായി നാം മനസ്സിലാക്കണം. എപ്രകാരമാണ് സുറിയാനി സഭ ജീവവൃക്ഷഫലത്തെ മനസ്സിലാക്കുന്നതെന്ന് ആരാധനാക്രമ-പ്രാർത്ഥനാ-ഗീതങ്ങളിൽ കാണുവാൻ സാധിക്കും.

ദുഃഖവെള്ളിയാഴ്ച കുരിശ് ഉയർത്തുന്ന സമയത്ത് (സ്ലീബാ ആഘോഷം) ആലപിക്കുന്ന സ്തുതിഗീതത്തിൽ ഇപ്രകാരം നാം പ്രാർത്ഥിക്കുന്നു:

"ഏദനിൽ പറുദീസായുടെ മദ്ധ്യേ ഉണ്ടായിരുന്ന ജീവവൃക്ഷം ലോകത്തിനു ജീവദായകമായിത്തീർന്ന സ്ലീബായെ സൂചിപ്പിക്കുന്നു. അതിനെ ബഹുമാനിക്കുന്ന ഈ ദിവസം ആകാശവും ഭൂമിയും സന്തോഷത്തോടെ പെരുന്നാൾ ആഘോഷിക്കുന്നു."

മാമോദീസ കഴിഞ്ഞയുടൻ ശിശുവിന് ആദ്യമായി വിശുദ്ധ കുർബാന നൽകുമ്പോൾ നാം ഇപ്രകാരം ആലപിക്കുന്നു:

"പറുദീസായിലാദം രുചി നോക്കാത്ത ഫലം
സാമോദം വയ്ക്കുന്നീനാൾ നിൻ നാവിൽ."

ഈ രണ്ട് ആരാധനാഭാഗങ്ങളിൽ 'ജീവവൃക്ഷവും അതിന്റെ ഫലവും' പഴയനിയമത്തിൽ വിശുദ്ധ കുരിശിനെയും കർത്താവിന്റെ ശരീരരക്തങ്ങളെയും ദ്യോതിപ്പിക്കുന്നു.

യേശുവിന്റെ കുരിശ് നാട്ടിയത് ആദത്തെ അടക്കിയ സ്ഥലത്താണെന്നും കർത്താവിന്റെ കുരിശുമരണ വേളയിൽ അവിടുത്തെ വിലാപ്പുറത്തു നിന്ന് ഒഴുകിയ ജലവും രക്തവും (യോഹന്നാൻ 19:34) ആദാമിന്റെ വായിലേക്ക് ഇറ്റുവീണുവെന്നും, തദ്ഫലമായി ആദാം വീണ്ടും ജീവൻ പ്രാപിച്ചു പറുദീസായ്ക്ക് അർഹനായി എന്നും സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. പറുദീസായിൽ സാത്താൻ നൽകിയ വിഷത്തിന് എതിരായി അന്ത്യത്താഴ വേളയിൽ യേശു അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ സ്വയം സമർപ്പിച്ചു. അങ്ങനെ, അപ്പവും വീഞ്ഞും (കർത്താവിന്റെ ശരീരവും രക്തവും) പുതിയനിയമത്തിലെ ജീവവൃക്ഷത്തിന്റെ ഫലമായി മാറി.

## പഴയനിയമത്തിലെ ഇതര പ്രതീകങ്ങൾ

പഴയ ഉടമ്പടിയിലെ പിതാക്കന്മാർ ദൈവപുത്രനെ നേരിട്ട് കണ്ടില്ലെങ്കിലും, പ്രതീകങ്ങളിലൂടെയും അടയാളങ്ങളിലൂടെയും അവർ അവനിൽ പങ്കുചേർന്നു. അവരുടെ നാളുകളിൽ എല്ലാ ദൈവിക പ്രവർത്തനങ്ങളിലും ദൈവപുത്രൻ അദൃശ്യമായി സന്നിഹിതനായിരുന്നു. മിശിഹൈക രക്ഷയെക്കുറിച്ചുള്ള പ്രത്യാശ പഴയനിയമഗ്രന്ഥങ്ങളിൽ തുടർച്ചയായി കാണുവാൻ സാധിക്കും. കർത്താവിന്റെ പ്രതീകമായ പുളിപ്പില്ലാത്ത അപ്പം, ഈജിപ്തിൽ നിന്നുള്ള ആളുകൾക്ക് അന്ത്യത്താഴം വരെ ജീവന്റെ ഔഷധമായി വർത്തിച്ചു. പുത്രൻതമ്പുരാനെ സൂചിപ്പിക്കുന്ന പെസഹാ കുഞ്ഞാട് ഇസ്രായേൽ

www.malankaralibrary.com



ജനത്തിന് ഈജിപ്തിൽ നിന്നുള്ള മോചനത്തിന് കാരണമായപ്പോൾ, പുതിയ നിയമ പെസഹാകുഞ്ഞാടായ യേശുമിശിഹാ തന്റെ ശരീരരക്തങ്ങളിലൂടെ സകല മനുഷ്യകുലത്തിനും ജീവന്റെ ഔഷധമായി മാറി.

മരുഭൂമി വാസത്തിനിടെ ദൈവക്രോധത്തിനിരയായ ഇസ്രായേൽജനം ‘വിഷസർപ്പങ്ങളുടെ’ ദംശനത്തിൽ നിന്ന് രക്ഷപ്പെട്ടത് ദൈവകല്പനയനുസരിച്ച് നിർമ്മിച്ച പിച്ചള സർപ്പത്തെ നോക്കിയാണ് (സംഖ്യ 21: 4–9). ആദാമിനെയും ഹവ്വായെയും വഞ്ചിക്കുകയും തിന്മയെ പ്രതീകപ്പെടുത്തുകയും ചെയ്ത പറുദീസയിലെ സർപ്പത്തിന് വിപരീതമായി, പിച്ചള സർപ്പം ദൈവപുത്രനെ പ്രതീകപ്പെടുത്തുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ നാം ഇപ്രകാരം കാണുന്നു: ‘മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനും ഉയർത്തപ്പെടും’ (യോഹന്നാൻ 3:14). മോശ തൂണിൽ ഉറപ്പിച്ച അടയാളത്തെ ശാരീരിക കണ്ണുകളാൽ നോക്കുന്നവർ ശാരീരികമായി ജീവിച്ചതുപോലെ, കർത്താവിന്റെ ശരീരത്തെ ആത്മീയ കണ്ണുകളാൽ നോക്കുന്നവർ ആത്മികമായി ജീവിക്കുന്നു. പിച്ചള സർപ്പത്തെ നോക്കിയവർക്ക് ലഭ്യമായ ജീവൻ ഭൗതികമായതിനാൽ, അതിന്റെ രോഗശാന്തിയും ശാരീരികം മാത്രമായിരുന്നു. ദൈവപുത്രന്റെ പ്രതീകമായ പിച്ചള സർപ്പത്തിന് മറ്റ് സർപ്പങ്ങളാൽ മുറിവേറ്റ ചില വ്യക്തികളുടെ മുറിവുകൾ സുഖപ്പെടുത്താൻ കഴിഞ്ഞു, പക്ഷേ അതിന് മനുഷ്യരാശിയെ മുഴുവൻ സുഖപ്പെടുത്തുവാൻ കഴിഞ്ഞില്ല. അത് ജീവന്റെ ഔഷധമായ ദൈവപുത്രന്റെ ശരീരരക്തങ്ങൾക്ക് മാത്രമേ സാധിക്കൂ.

**കാൽകഴുകൽ ശുശ്രൂഷ**



പുതുതായി നിർമ്മിക്കപ്പെട്ട കടമാൻകുളം ദൈവാലയത്തിൽ വച്ച് തിരുവല്ല അതിരൂപത അദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഹാശാ ആഴ്ചയിൽ പെസഹാതിരുനാളിന് ഒരുക്കമായ കാൽകഴുകൽ ശുശ്രൂഷ നിർവ്വഹിച്ചപ്പോൾ.

അഗ്നിസർപ്പങ്ങളാൽ കടിയേറ്റ ഇസ്രായേൽ ജനതയ്ക്കായി മരുഭൂമിയിൽ സ്ഥാപിച്ച പിച്ചളസർപ്പം ക്രിസ്തുവിന്റെ ക്രൂശീകരണത്തെ മുൻനിർത്തി. പുതിയ ഇസ്രായേലായ സഭ ക്രിസ്തുവിൽ നിന്ന് ജീവന്റെ ഔഷധം സ്വീകരിക്കുന്നു. ഈ ജീവന്റെ ഔഷധം ക്രിസ്തുവിന്റെ ശരീരമാണ്, അത് പിച്ചളയിൽ നിർമ്മിച്ച പാമ്പിൽ ചിത്രീകരിച്ചിരിക്കുന്നു. സാറൂഗിലെ യാക്കോബ് വിശദീകരിക്കുന്നു:

“മോശ പിച്ചള കൊണ്ട് നിർമ്മിച്ച പാമ്പിൽ ക്രിസ്തുവിന്റെ ശരീരം ചിത്രീകരിച്ചു,

എന്തെന്നാൽ, പാമ്പുകളാൽ മുറിവേറ്റവരെയെല്ലാം അതിലൂടെ അവൻ സുഖപ്പെടുത്തി.

ആ പിച്ചള പാമ്പിൽ പാമ്പുകളുടെ വിഷം ഇല്ലായിരുന്നു,

നമ്മോട് സാദൃശ്യമുള്ള നമ്മുടെ കർത്താവിന്റെ ശരീരത്തിൽ പാപം ഇല്ലാതിരുന്നതുപോലെ.”

മുറിവേറ്റവർക്ക് സൗഖ്യം നൽകുന്നത് ക്രിസ്തുവിന്റെ ശരീരമാണ്. കുർബാനയുടെ രോഗശാന്തി സ്വഭാവം ഇവിടെ കാണാം. പിച്ചള സർപ്പം ഇസ്രായേല്യരെ സുഖപ്പെടുത്തിയതുപോലെ, കുരിശിൽ ബലിയായി അർപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ ശരീരം മുഴുവൻ മനുഷ്യരാശിയെയും സുഖപ്പെടുത്തുന്നു. ശരീരത്തിന്റെ പാപമാണ് ആത്മാവിന്റെ രോഗത്തിന് കാരണം. എന്നാൽ ആരെങ്കിലും നമ്മുടെ കർത്താവിന്റെ ശരീരം സ്വീകരിക്കുകയാണെങ്കിൽ, ശരീരത്തിന്റെ പാപം അവനിൽ മരിക്കുകയും അങ്ങനെ, ആത്മാവിന്റെ രോഗം ഭേദമാവുകയും ചെയ്യുന്നു. മരുഭൂമിയിലെ വിഷസർപ്പങ്ങളുടെ കടിയേറ്റവരെ പിച്ചള സർപ്പത്തിന്റെ ദർശനം സുഖപ്പെടുത്തിയതുപോലെ പാപം ചെയ്യുന്നവരെ ക്രിസ്തുവിന്റെ ശരീരം സുഖപ്പെടുത്തുന്നു. ഒരു ക്രിസ്ത്യാനി ക്രിസ്തുവിനോട് ശാരീരികമായി ചേർന്നാൽ, അതിനർത്ഥം, തിരുശരീരരക്തങ്ങളുടെ സ്വീകരണത്തിലൂടെ ജീവനിലേക്ക് കടക്കുന്നു എന്നാണ്.

### മാർ അപ്രേമിന്റെ വീക്ഷണത്തിൽ

കുർബാനയ്ക്കായി മാർ അപ്രേം ഉപയോഗിക്കുന്ന ഏറ്റവും പ്രിയപ്പെട്ട ശീർഷകങ്ങളിലൊന്നാണ് “ജീ

www.malankaralibrary.com





വന്റെ മരുന്ന്". അന്ത്യത്താഴ വേളയിൽ കർത്താവിന്റെ അനുഗ്രഹത്താൽ അപ്പം ജീവന്റെ ഔഷധമായി മാറിയെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, അപ്പവും വീഞ്ഞും വിശ്വാസികൾക്ക് ജീവന്റെ ഔഷധമാണ്; ദിവ്യകാരുണ്യ ശരീരരക്തങ്ങളിൽ മറഞ്ഞിരിക്കുന്ന ക്രിസ്തുവിന്റെ സാന്നിധ്യമാണ് ഈ ജീവന്റെ ഔഷധം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദിവ്യകാരുണ്യശരീരത്തിൽ മറഞ്ഞിരിക്കുന്ന കർത്താവിന്റെ സാന്നിധ്യം നിമിത്തം കുർബാന ജീവന്റെ ഔഷധമായി മാറുന്നു. അതിനാൽ കുർബാന ക്രിസ്തുവിന്റെ ഭൗതിക ശരീരമെന്ന നിലയിൽ രോഗശാന്തിയുടെ ഒരു ഭണ്ഡാരമായി മാറുന്നു. കുർബാനയിൽ പരിശുദ്ധാത്മാവിന്റെ മറഞ്ഞിരിക്കുന്ന സാന്നിധ്യവും യേശുക്രിസ്തുവിന്റെ ജീവൻ നൽകുന്ന സാന്നിധ്യവും അപ്രേം ഊന്നിപ്പറയുന്നു, ഇത് വിശ്വാസികളെ പാപത്തിന്റെ എല്ലാ കറകളിൽ നിന്നും ശുദ്ധീകരിക്കുകയും മനുഷ്യർക്ക് ജീവൻ നൽകുകയും ചെയ്യുന്നു. മാർ അപ്രേം ഇപ്രകാരം പഠിപ്പിക്കുന്നു:

"എന്റെ സഹോദരരേ, ജീവന്റെ ഔഷധത്തോടൊപ്പം

ഭക്ഷണം കഴിക്കരുത്;
ജനങ്ങളുടെ പുളിപ്പില്ലാത്ത അപ്പം
അത് മരണത്തിന്റെ മരുന്നുപ്പോലെയാണ്.
ജനങ്ങളുടെ പുളിപ്പില്ലാത്ത അപ്പത്തിലും
നമ്മുടെ കുർബാനയിലും
ക്രിസ്തുവിന്റെ രക്തം
ഇടകലർന്ന് ഒഴുകുന്നു.
കുർബാനയിൽ അത് കഴിക്കുന്നവൻ
ജീവന്റെ ഔഷധം കഴിക്കുന്നു.
ജനങ്ങളോടൊപ്പം അത് ഭക്ഷിക്കുന്നവൻ,
മരണത്തിന്റെ മരുന്ന് കഴിക്കുന്നു."

ക്രിസ്തുവിനെ അഭിസംബോധന ചെയ്തുകൊണ്ട്, വിശ്വാസത്തെ സംബന്ധിച്ച ഗീതത്തിൽ മാർ അപ്രേം ഇപ്രകാരം പറയുന്നു:"കർത്താവേ, ഞങ്ങൾ നിന്നെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു; നിന്നെ ഭക്ഷിക്കും എന്നല്ല, പിന്നെയോ, നിന്നിലൂടെ ഞങ്ങൾ ജീവിക്കും. നിന്നെ ക്ഷീണിപ്പിക്കാനല്ല, നിന്നാൽ ജീവിക്കുവാനാണ് ഞങ്ങൾ നിന്നെ പാനം ചെയ്തത്." വി. കുർബാനയുടെ സൗഖ്യദായകമായ ശക്തിയെക്കുറിച്ച് മാർ അപ്രേം ഇപ്രകാരം പഠിപ്പിക്കുന്നു: "കർത്താവേ, അങ്ങയുടെ വസ്ത്രങ്ങൾ രോഗശാന്തിയുടെ ഉറവയാണ്; അങ്ങയുടെ ദൃശ്യമായ വസ്ത്രത്തിൽ അങ്ങയുടെ അദൃശ്യശക്തി കുടികൊള്ളുന്നു. അങ്ങയുടെ വായിൽ നിന്ന് അൽപ്പം ഉമിനീർ, അതുവഴി വീണ്ടും ഒരു വലിയ അത്ഭുതം: ചെളിയിൽ നിന്നു കാഴ്ച. അങ്ങയുടെ അപ്പത്തിൽ ഭക്ഷിക്കുവാൻ കഴിയാത്ത ആത്മാവ് മറഞ്ഞിരിക്കുന്നു. അങ്ങയുടെ വീഞ്ഞിൽ കുടിക്കുവാൻ കഴിയാത്ത അഗ്നി വസിക്കുന്നു. അങ്ങയുടെ അപ്പത്തിൽ ആത്മാവ്, അങ്ങയുടെ വീഞ്ഞിൽ അഗ്നി. നമ്മുടെ വായകൾ സ്വീകരിക്കുന്ന ഒരു അത്ഭുതം. നമ്മുടെ കർത്താവ് മനുഷ്യരുടെ ഇടയിൽ ഭൂമിയിലേക്ക് ഇറങ്ങിവന്നപ്പോൾ അവൻ അവരെ ഒരു പുതിയ സൃഷ്ടിയാക്കി – മാലാഖമാരെപ്പോലെ; കാരണം അവൻ അപ്പത്തിലും വീഞ്ഞിലും അഗ്നിയും ആത്മാവും കലർത്തി, അങ്ങനെ അവനെ ഭക്ഷിക്കുന്നവർ അദൃശ്യമായി അഗ്നിയും ആത്മാവും ആയിത്തീരുന്നു. നോക്കൂ, അവനെ പ്രസവിച്ച അവളുടെ ഗർഭത്തിൽ അഗ്നിയും ആത്മാവും; നോക്കൂ, അവൻ സ്നാനമേറ്റ നദിയിൽ അഗ്നിയും ആത്മാവും. അഗ്നിയും ആത്മാവും മാമോദീസാതൊട്ടിയിൽ. അപ്പത്തിലും പാനപാത്രത്തിലും – അഗ്നിയും പരിശുദ്ധാത്മാവും" (വിശ്വാസത്തെക്കുറിച്ചുള്ള ഗീതം).

"സൗഖ്യത്തിന്റെ ഭണ്ഡാരം"എന്ന് വിളിക്കുന്ന ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭൗതിക യാഥാർത്ഥ്യത്തിലേക്ക് മാർ അപ്രേം നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കു

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കാരയ്ക്കൽ**

www.malankaralibrary.com



ന്നതുപോലെ, യേശുവിന്റെ ഭൗതിക ശരീരവും വസ്ത്രങ്ങളുമായുള്ള സമ്പർക്കം മൂലം പലർക്കും രോഗശാന്തി ലഭ്യമായതുപോലെ, ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നവരെ സുഖപ്പെടുത്തുവാനും ജീവൻ നൽകുവാനും വി. കുർബാനയ്ക്ക് കഴിയും എന്ന് അപ്രേം പഠിപ്പിക്കുന്നു. അപ്രേം തന്റെ മറ്റൊരു ഗീതത്തിൽ ഇപ്രകാരം പഠിപ്പിക്കുന്നു: "പര്യാപ്തനായ വൈദ്യൻ തന്റെ ശരീരവും രക്തവും കൊണ്ട് നമ്മുടെ കഷ്ടപ്പാടുകൾ സുഖപ്പെടുത്തി. അവൻ നമ്മുടെ രോഗം ഭേദമാക്കി. ജീവിതത്തിന്റെ ഔഷധത്തിന് സ്തുതി, അവൻ നമ്മുടെ വേദന സുഖപ്പെടുത്തി." അപ്രേമിന്റെ വീക്ഷണത്തിൽ, പാപമോചനം വി. കുർബാനയിൽ നിന്ന് നേരിട്ട് ഒഴുകുന്നു: "... തന്റെ അപ്പത്തിൽ നമുക്കു മോചനം നൽകുകയും തന്റെ പാനപാത്രത്തിൽ നമ്മുടെ കടങ്ങളുടെ പ്രസ്താവന മായ്ക്കുകയും ചെയ്തവൻ ഭാഗ്യവാൻ." കുർബാനയുടെ അയോഗ്യമായ സ്വീകരണം മരണകാരണമായ അപകടത്തെ വിളിച്ചുവരുത്തുന്നുവെന്ന് അപ്രേം മുന്നറിയിപ്പ് നൽകുന്നു. എന്നാൽ, കൃപയുടെ അവസ്ഥയിൽ നാം വി. കുർബാനയെ ഭക്തിപൂർവ്വം സമീപിക്കുമ്പോൾ നമ്മെ കൊല്ലുന്നതിനുപകരം ദൈവത്തിന്റെ അഗ്നി നമ്മെ സുഖപ്പെടുത്തുകയും തന്റെ ജീവൻ കൊണ്ട് നമ്മെ നിറയ്ക്കുകയും ചെയ്യുന്നു:

"ജനം അവരുടെ ആണികളാൽ കുത്തിയ


ആ ശരീരത്തെ വിശുദ്ധമായ രീതിയിൽ നമുക്ക് ഭക്ഷിക്കാം;

അവന്റെ പാർശ്വത്തിൽ നിന്ന് ഒഴുകിയ രക്തം

ജീവന്റെ ഔഷധമായി നമുക്ക് കുടിക്കാം" (അർമേനിയൻ ഗീതങ്ങൾ).

മാർ അപ്രേം ക്രിസ്തുവിന്റെ മനുഷ്യത്വത്തെ രക്ഷയുടെ ഉപകരണമായി കാണുന്നു. പൂർണ്ണതയും ജീവനും തന്റെ ശരീരത്തിൽ ഉള്ള ക്രിസ്തു നമ്മുടെ കുറവുകൾ നികത്തുകയും നമ്മുടെ മർത്യതയ്ക്ക് മരണമില്ലായ്മ നൽകുകയും ചെയ്യുന്നു. അപ്രേം തുടരുന്നു, "മനുഷ്യരാശിയെ അതിന്റെ രോഗാവസ്ഥയിൽ നിന്ന് സുഖപ്പെടുത്തുവാൻ 'ജീവന്റെ ഔഷധമായി' സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന എല്ലാറ്റിന്റെയും വൈദ്യനാണ് അവൻ." തന്റെ 'സുവിശേഷം, അനുകമ്പ, കരുതൽ' എന്നിവയിലൂടെ യേശു മനുഷ്യരാശിക്ക് പൂർണ സൗഖ്യവും പുനഃസ്ഥാപനവും നൽകി. യേശുവിന്റെ പീഡാസഹനം, കുരിശുമരണം, അവന്റെ വസ്ത്രങ്ങൾ, അവന്റെ വാക്കും സ്പർശനവും എന്നിവ പാപം മൂലം ദൈവികജീവൻ നഷ്ടമായ മനുഷ്യകുലത്തിന് രോഗശാന്തി നൽകി. 'ജീവന്റെ ഔഷധവും' 'വൈദ്യനും' ആയ യേശു വി. കുർബാനയിലൂടെ തന്നെത്തന്നെ പൂർണമായി നൽകി ഈ ദൈവികജീവൻ പുനഃസ്ഥാപിച്ചു.

## ആദ്യവ്രത വാഗ്ദാനം ചെയ്ത സിസ്റ്റേഴ്സ്



*ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിൽ 2023 ഏപ്രിൽ 18-ാം തീയതി ആദ്യവ്രത വാഗ്ദാനം ചെയ്ത സിസ്റ്റർ കാതലീൻ, നിത്യവ്രതവാഗ്ദാനം ചെയ്ത സിസ്റ്റർ വിമൽ, സിസ്റ്റർ ജ്യോതിസ്, സിസ്റ്റർ പിയൂഷ, സിസ്റ്റർ ശ്രേയസ് എന്നിവർ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിനോടൊപ്പം.*

www.malankaralibrary.com





## സാറൂഗിലെ യാക്കോബിന്റെ വീക്ഷണത്തിൽ

സാറൂഗിലെ യാക്കോബും വി. കുർബാനയെ ജീവന്റെ ഔഷധമായി തന്റെ രചനകളിൽ പ്രതിപാദിക്കുന്നുണ്ട്. ആദം പറുദീസായിൽ കഴിച്ച "വിഷലിപ്തമായ പഴവും" ആദാമിനെയും അവന്റെ സന്തതികളെയും ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്ന "ജീവന്റെ ഫലവും" തമ്മിൽ താരതമ്യം ചെയ്ത് യാക്കോബ് പഠിപ്പിക്കുന്നു. മാർ അപ്രേമിന്റെ പഠിപ്പിക്കലുകളോട് വളരെ ചേർന്ന് നിൽക്കുന്ന ശൈലിയാണ് മാർ യാക്കോബിന്റേത്.

സ്വർഗത്തിൽ നിന്ന് മരുഭൂമിയിൽ ഇസ്രായേല്യർക്ക് ഭക്ഷണമായി നൽകിയ മന്ന, ലോകത്തെ പോറ്റുവാൻ മനുഷ്യനായി അവതരിച്ച് തന്നെത്തന്നെ നൽകിയ യേശുവിന്റെ ശരീരരക്തങ്ങളുടെ പ്രതീകമായി യാക്കോബ് കാണുന്നു. മാർ യാക്കോബ്, ജീവന്റെ ഔഷധത്തെക്കുറിച്ച് നിരവധി രചനകളിൽ പ്രതിപാദിക്കുന്നു: "ഗോൽഗോഥായിൽ ചൊരിയപ്പെട്ട ക്രിസ്തുവിന്റെ രക്തം ലോകത്തിന് ജീവന്റെ ഔഷധമാണ്. 'ക്രിസ്തുവിന്റെ കുരിശിലെ വീണ്ടെടുപ്പിന്റെ ഫലമാണ് കുർബാന. ക്രിസ്തുവിന്റെ ഏക ത്യാഗം എല്ലാ മനുഷ്യർക്കും എക്കാലവും പാപമോചനത്തിന് അർഹത നൽകി. അതായത്, ദൈവികജീവൻ നൽകി. കുർബാന പാപമോചനത്തിന്റെ വേദിയാണ്. കുർബാനയിൽ നിരവധി പാപമോചന പ്രാർത്ഥനകൾ ഉള്ളതായി കാണുവാൻ സാധിക്കും. സുറിയാനി പാരമ്പര്യത്തിലെ എല്ലാ അനാഫൊറാകളിലും ഈ പ്രമേയം ആവർത്തിക്കുന്നുണ്ട്. അതിനാൽ, മാർ യാക്കോബ് ആരാധനാലയത്തെ 'ക്ഷമയുടെ ഭവനം' എന്നാണ് വിശേഷിപ്പിക്കുന്നത്.

സാറൂഗിലെ മാർ യാക്കോബ് ക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തെയും ജീവന്റെ ഔഷധമായി ചിത്രീകരിക്കുക മാത്രമല്ല, മുറിവുകൾക്കുള്ള മരുന്ന് സ്വീകരിക്കുന്നതിനുള്ള അവസരമെന്ന നിലയിൽ ദിവ്യകാരുണ്യാഘോഷത്തിന് പരമ പ്രാധാന്യം നൽകുകയും ചെയ്യുന്നു:

"സാധാരണയായി ഒരാൾ വൈദ്യന്റെ വീട്ടിൽ പോകാറില്ല.

എന്നാൽ ഒരു വ്രണം വൈദ്യന്റെ അടുത്തേക്ക് പോകുവാൻ അവനെ സമ്മർദ്ദത്തിലാക്കും.

നിങ്ങളുടെ ആത്മാവിൽ ഒരു വ്രണം ഉണ്ടെങ്കിൽ, ഇതേ വ്രണം നിങ്ങളുടെ പാപങ്ങളുടെ പേരിൽ യാചിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്നു.

പ്രതിഫലമില്ലാതെ ചികിത്സിക്കുകയും ആരോഗ്യം നൽകുകയും ചെയ്യുന്ന വൈദ്യനെ നിങ്ങളുടെ വ്രണം കാണിക്കുവാൻ, വേദനയിൽ നിന്ന് പുറത്തുവരുവാൻ; രോഗം നിങ്ങളെ പ്രേരിപ്പിക്കട്ടെ.

ചികിത്സയിലായിരിക്കുമ്പോൾ അകത്തേക്ക് വരിക, അധർമ്മത്തിന്റെ വ്രണങ്ങൾ കാണിക്കുക, പാപികളുടെ എല്ലാ മുറിവുകളും സുഖപ്പെടും."

മാർ യാക്കോബ് വി. കുർബാനയുമായി ബന്ധപ്പെടുത്തി സക്കേവൂസിന്റെ മാനസാന്തരത്തെ കാണുന്നു. സക്കേവൂസ് യേശുവിനെ കണ്ടെത്തുവാൻ ശ്രമിച്ചതുപോലെ, വൈദ്യന്റെ ആവശ്യം അറിയുന്നവർ മാത്രമേ അവനെയും ജീവന്റെ ഔഷധത്തെയും കുർബാനയിൽ കണ്ടെത്തുകയുള്ളൂ. സക്കേവൂസും ക്രിസ്തുവും വഴിയിൽ കണ്ടുമുട്ടിയെങ്കിലും ആത്മീയ രോഗശാന്തിക്ക് അത് പര്യാപ്തമായിരുന്നില്ല. യേശു സക്കേവൂസിന്റെ വീട്ടിൽ ചെന്ന് ഒരുമിച്ചിരുന്ന് അപ്പം ഭക്ഷിച്ചപ്പോൾ മാത്രമാണ് സക്കേവൂസിന് യഥാർത്ഥ മാനസാന്തരം ഉണ്ടായത്. അതിനാൽ, സക്കേവൂസിന്റെ ഭവനത്തിൽ കുർബാനയുടെയും സ്വർഗീയവിരുന്നിന്റെയും ഒരു മുന്നനുഭവം ഉണ്ടായിരുന്നു. ഭക്ഷണവേളയിലാണ് സക്കേവൂസിന്റെ വീട്ടിൽ ആത്മീയ സൗഖ്യം നടന്നത്. ഇതേ സ്വർഗീയവിരുന്നാണ് ദൈവാലയത്തിൽ വിതരണം ചെയ്യുന്നത്. യേശുവൊത്തുള്ള വിരുന്ന് അബ്രഹാമിന്റെ പുത്രനായ സക്കേവൂസിന് ജീവനും രക്ഷയും നൽകിയതുപോലെ, വി. കുർബാനയുടെ വിരുന്ന് വിശ്വാസികൾക്ക് ജീവന്റെ ഔഷധം നൽകുന്നു.

മാർ യാക്കോബ് തുടർന്ന് പഠിപ്പിക്കുന്നു: കുർബാനയിൽ നമുക്ക് സൗഖ്യം ലഭിക്കുന്നു; പുത്രൻ തമ്പുരാൻ തന്റെ ത്യാഗത്താൽ നമ്മോട് ക്ഷമിക്കുന്നു. ഈ അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുന്നത് സാങ്കൽപ്പികവും നിയമപരവുമായ അർത്ഥത്തിലല്ല, മറിച്ച് ദിവ്യബലിയുടെ രഹസ്യത്തിൽ ആത്മാർത്ഥമായി പങ്കെടുക്കുന്നതിലൂടെയാണ്. കുർബാനയിലെ സജീവമായ പങ്കാളിത്തവും വിശുദ്ധ രഹസ്യങ്ങളുടെ സ്വീകരണവും പരിശുദ്ധാത്മാവ് വിശ്വാസികളുടെ ജീവിതത്തിൽ രോഗശാന്തി ഉണ്ടാക്കുന്നതിന് അത്യാവശ്യമാണ്.

രക്തസ്രാവക്കാരി ക്രിസ്തുവിന്റെ വസ്ത്രത്തിൽ സ്പർശിച്ചുകൊണ്ട് സൗഖ്യം പ്രാപിച്ചു. മാർ യാക്കോബ് ക്രിസ്തുവിന്റെ വസ്ത്രത്തെ അവിടുത്തെ ശരീരമായി അവതരിപ്പിക്കുന്നു. സ്ത്രീയെ സുഖപ്പെടുത്തിയത് ദൈവപുത്രന്റെ ശരീരമാണെന്നും യേശുവിന്റെ മേലങ്കിയല്ലെന്നും അദ്ദേഹം വാദിക്കുന്നു.

നല്ല സമരിയാക്കാരന്റെ കഥയിൽ, കവർച്ചക്കാരുടെ ആക്രമണത്തിന് ഇരയായ യഹൂദന്റെ മുറിവുകൾ ചികിത്സിക്കുവാൻ സമരിയാക്കാരൻ എണ്ണയും വീഞ്ഞും ഉപയോഗിക്കുന്നു. നല്ല സമരിയാക്കാരന്റെ (ലൂക്ക. 10:29-37) ഉപമയെക്കുറിച്ച് അഭിപ്രായപ്പെട്ടു

www.malankaralibrary.com



കൊണ്ട്, മാർ യാക്കോബ് ജറുസലേമിനെ പറുദീസയായും ജെറീക്കോയെ ലോകമായും തിരിച്ചറിയുന്നു. നല്ല സമരിയാക്കാരനിൽ ക്രിസ്തുവിനെയും കള്ളന്മാരിൽ മരണത്തെയും സാത്താനെയും അവൻ കാണുന്നു. മാർ യാക്കോബിനെ സംബന്ധിച്ചിടത്തോളം, എണ്ണ മാമോദീസാമുദ്രയുടെ പ്രതീകമാണ്, വീഞ്ഞ് കുർബാനയിലെ തിരുരക്തത്തിന്റെ പ്രതീകമാണ്. ക്രിസ്തുവിന്റെ രക്തമായി മാറുന്ന വീഞ്ഞ് പാപികളുടെ മുറിവുകൾ സുഖപ്പെടുത്തുന്നു. പുരോഹിതന്മാർ അപ്പം മുറിച്ച് പാനപാത്രത്തിൽ കലർത്തി വിശ്വാസികളെ സുഖപ്പെടുത്തുന്ന സ്ഥലം ദൈവാലയമാണ്. മാർ യാക്കോബ് വിശദീകരിക്കുന്നു:

“വീഞ്ഞും എണ്ണയും കൊണ്ട് നല്ല വൈദ്യൻ മുറിവുകൾ ബന്ധിച്ചു,

അഭിഷേകം കൊണ്ടും തന്റെ രക്തംകൊണ്ടും അവൻ ബലഹീനരെ ബന്ധിച്ചു, അവർ എഴുന്നേറ്റു.”

മുറിവേറ്റ മനുഷ്യനെ യേശു വീഞ്ഞും എണ്ണയും കൊണ്ട് കെട്ടുമ്പോൾ, ഈ വീഞ്ഞിലൂടെ കർത്താവിന്റെ രക്തത്തിന്റെ ഔഷധവീര്യം ലഭിക്കുന്നു. അഭിഷേകത്തിലൂടെയും കുർബാനയിലൂടെയും ദുർബലനായ ഒരാൾക്ക് തന്റെ ദുർബലമായ ഘട്ടത്തിൽ നിന്ന് എഴുന്നേൽക്കുവാൻ കഴിയും. പുരോഹിതൻ കർത്താവിന്റെ ശരീരവും രക്തവും ബലഹീനരായവർക്ക് നൽകുന്നു, അങ്ങനെ അവർ ജീവസ്സുള്ളവരാകുന്നു.

മറ്റാർക്കും സുഖപ്പെടുത്തുവാൻ കഴിയാത്ത രോഗാവസ്ഥയിൽ നിന്ന്, ജീവന്റെ ഔഷധം, ഭിഷഗ്വരൻ എന്നീ നിലയിൽ, മനുഷ്യരാശിയുടെ ശത്രുവിനാൽ സംഭവിച്ച ‘അസുഖം’, ‘മുറിവ്’, ‘വ്രണങ്ങൾ’ എന്നിവയിൽ നിന്ന് മനുഷ്യരാശിയെ യേശു സുഖപ്പെടുത്തി. യേശുവിന്റെ രോഗശാന്തി ശുശ്രൂഷ അവനോടൊപ്പം അവസാനിച്ചിട്ടില്ല, എന്നാൽ പുരോഹിത ശുശ്രൂഷയിലൂടെ സഭയിലെ കൂദാശകളിലൂടെ അവ തുടരുന്നു. അങ്ങനെ, ദൈവപുത്രനായ യേശുക്രിസ്തു, മനുഷ്യരാശിയെ മാത്രമല്ല, സൃഷ്ടിയെയും മൊത്തത്തിൽ സുഖപ്പെടുത്താൻ ‘ജീവന്റെ ഔഷധമായി,’ വി. കുർബാനയായി സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നു.

പാശ്ചാത്യസുറിയാനി പാരമ്പര്യത്തിൽ നിരവധി പ്രാർത്ഥനാഗീതങ്ങളിലും സഭാപിതാക്കന്മാരുടെ രചനകളിലും വി. കുർബാനയെ ജീവന്റെ ഔഷധമായി പ്രതിപാദിക്കുന്നത് കാണുവാൻ സാധിക്കും. സ്ഥലപരിമിതി മൂലം നമ്മുക്ക് അവയെല്ലാം ഈ ഒരു ലേഖനത്തിൽ അവതരിപ്പിക്കുക സാധ്യമല്ല. വി. കുർബാനയുടെ സൗഖ്യദായകമായ ഈ ഫലം സുറിയാനി ആരാധനാക്രമത്തിന്റെ പ്രത്യേകതയാണ്.

സാറൂഗിലെ യാക്കോബിന്റെ ഒരു ഗീതശകലം ഉദ്ധരിച്ചുക്കൊണ്ട് ഈ ലേഖനം പൂർത്തിയാക്കാം:

“കന്യകയായ മുന്തിരിവള്ളി ഒരുകുലമുന്തിരി നൽകി, അത് മധുരമുള്ള വീഞ്ഞുനൽകി,

ഇതാ, ലോകത്തിന്റെ നാല് ഭാഗത്തും ജീവന്റെ ഔഷധമായി അതിൽനിന്ന് വലിച്ചെടുക്കുന്നു.

ഉഴവുകാരൻ മുന്തിരി കൃഷി ചെയ്തത്, നശിക്കാതിരിക്കാനാണ്

അവന്റെ വീഞ്ഞ് മരിച്ചവരുടെ ഭൂമിയിലേക്ക് ഇറങ്ങിവന്ന് അവരെ ഉണർത്തി.

അവനിൽ നിന്ന് പുതിയ വീഞ്ഞ് ഗോൽഗോഥായിലേക്ക് ഒഴുകി

ലോകം പാനം ചെയ്തു, എല്ലാ ദുഃഖിതരും ആശ്വസിച്ചു.

ഇതാ, ഭൂമിയിൽ പാപികളുടെ മുമ്പിൽ മേശകൾ ക്രമീകരിച്ചിരിക്കുന്നു

അതിൽനിന്നുള്ള പോഷകങ്ങൾ അവർ ആത്മീയമായി എല്ലാ ദിവസവും കഴിക്കുന്നു.”

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കാരയ്ക്കൽ**

www.malankaralibrary.com



ജാലകം



# പോട്ടെ സാരമില്ല

പാത്രം അറിഞ്ഞ് ഭിക്ഷ കൊടുക്കണമെന്ന് നാം കേട്ടിട്ടുണ്ട്. അത് ഭിക്ഷയാണെങ്കിലും സ്നേഹമാണെങ്കിലും സമയമാണെങ്കിലും അറിഞ്ഞ് കൊടുക്കുവാൻ നമുക്ക് സാധിക്കുമ്പോൾ മാത്രമാണ് പ്രയോജനമുള്ളതായി മാറുന്നത്.

ഒരിക്കൽ മുത്തശ്ശിക്ക് സുഖമില്ലെന്ന് അറിഞ്ഞ് പട്ടണത്തിൽ നിന്ന് ഗ്രാമത്തിലുള്ള മുത്തശ്ശിയെ കാണാൻ അച്ഛന്റെയും അമ്മയുടെയും ഒപ്പം കുഞ്ഞുമോനും ഗ്രാമത്തിലേക്ക് വരികയാണ്. വരുമ്പോൾ കാണുന്ന കാഴ്ച തന്റെ പ്രിയപ്പെട്ട മുത്തശ്ശി തീരെ എഴുന്നേല്ക്കാൻ വയ്യാതെ കിടക്കുകയാണ്. മുത്തശ്ശിയുടെ അടുത്ത് അല്പനേരമൊക്കെ ചിലവഴിച്ചിട്ട് അവൻ മുത്തശ്ശിയോടൊപ്പം കട്ടിലിൽ കയറിയിരുന്നിട്ട് പറഞ്ഞു. മുത്തശ്ശീ, മുത്തശ്ശിക്ക് ഏറ്റവും ഇഷ്ടമുള്ളത് മുത്തശ്ശിയുടെ ചെടികളാണെന്ന് എനിക്കറിയാം. മുത്തശ്ശി ഒന്നുകൊണ്ടും വിഷമിക്കണ്ടാ. മുത്തശ്ശിയുടെ ചെടികളെയെല്ലാം സംരക്ഷിക്കാൻ മോൻ ഇവിടെയുണ്ട് എന്ന് ധൈര്യപ്പെടുത്തി മുത്തശ്ശിയോട് ധൈര്യമായി അവിടെ കിടന്നോളൂ എന്ന് പറഞ്ഞു. ദിവസങ്ങൾ കഴിഞ്ഞു. പരിചരണം കൊണ്ടും സ്നേഹം കൊണ്ടും മുത്തശ്ശി പഴയ സ്ഥിതിയിലായി. നടക്കാൻ ആരംഭിച്ചപ്പോൾ ആദ്യം തന്നെ മുത്തശ്ശി ചെയ്തത് തനിക്ക് ഏറ്റവും പ്രിയപ്പെട്ട പൂന്തോട്ടത്തിലേക്ക് പോവുക എന്നതായിരുന്നു. പൂന്തോട്ടത്തിൽ ചെന്ന ഉടനെ തന്നെ മുത്തശ്ശിയുടെ മുഖഭാവം മാറി. മുത്തശ്ശിക്ക് പെട്ടെന്ന് ദേഷ്യവും സങ്കടവും വന്നു. താൻ പ്രിയപ്പെട്ടതായി ലാളിച്ച് വളർത്തുന്ന ചെടികളിൽ കൂടുതൽ എണ്ണവും കരിഞ്ഞു പോയി. കുറേ വാടി തളർന്ന് നില്ക്കുകയാണ്. തിരിച്ച് വരാൻ വയ്യാത്തവിധം തന്റെ ചെടികൾ നില്ക്കുന്നത് കണ്ടിട്ട് മുത്തശ്ശി അവിടെ നിന്ന് കൊച്ചുമകനെ വിളിച്ച് ചോദിക്കുകയാണ്; മോനെ നീയല്ലേ പറഞ്ഞത് ഈ ചെടിയെല്ലാം നീ നോക്കുന്നുണ്ടെന്നും എന്നും അതിനോടൊപ്പം സമയം ചെലവഴിക്കുന്നുണ്ടെന്നും. എന്നിട്ട് എന്താണ് ഈ ചെടിയെല്ലാം കരിഞ്ഞു പോയിരിക്കുന്നത്? അവൻ പറഞ്ഞു ഞാൻ എന്നും നോക്കു



മെർലിൻ റ്റി. മാത്യു




www.malankaralibrary.com

ന്നുണ്ട്. മുത്തശ്ശി ചോദിച്ചു നീ എങ്ങനെയാണ് ഈ ചെടിയൊക്കെ നോക്കുന്നത്? ഒന്ന് പറഞ്ഞെ നീ എന്താണ് ഇത്രയും ദിവസം ചെയ്തതെന്ന്? അവൻ പറഞ്ഞു, ഞാൻ എല്ലാദിവസവും അമ്മ എനിക്ക് തരുന്ന ബിസ്ക്കറ്റ് ഈ ചെടിയുടെ ചുവട്ടിൽ പൊടിച്ചിടുന്നുണ്ട്. അമ്മ എനിക്ക് തരുന്ന ബ്രെഡ് ഞാൻ ഈ ചെടിക്ക് കൊടുക്കുന്നുണ്ട്. എന്നെപ്പോലെ തന്നെ ഈ ചെടികളും നല്ല ആരോഗ്യമാകാൻ വേണ്ടി എനിക്ക് കിട്ടുന്നതെല്ലാം ഞാൻ അതിനും കൊടുക്കുന്നുണ്ട്. ഇത് കേട്ടിട്ട് മുത്തശ്ശിക്ക് ദേഷ്യം മാറി. അല്പം ചിരിയാണ് വന്നത്. മുത്തശ്ശി ചോദിച്ചു ചെടിക്ക് എന്തിനാ മോനെ ഈ ബ്രെഡും ബിസ്ക്കറ്റുമൊക്കെ? അപ്പോൾ കുഞ്ഞ് പറഞ്ഞു ബ്രെഡും ബിസ്ക്കറ്റുമൊക്കെ കഴിക്കുമ്പോഴാണ് എനിക്ക് കൂടുതൽ ശക്തി വയ്ക്കുന്നതെന്ന്. മുത്തശ്ശിയുടെ ചെടികൾക്ക് കൂടുതൽ ശക്തി വയ്ക്കാനാണ് ഞാൻ ബ്രെഡും ബിസ്ക്കറ്റുമൊക്കെ കൊടുക്കുന്നത്. മുത്തശ്ശി പറഞ്ഞു, മോനെ ചെടികൾക്ക് വേണ്ടത് ബിസ്ക്കറ്റും ബ്രെഡുമല്ല, അവയ്ക്ക് വേണ്ടത് വെള്ളമാണ്. കുഞ്ഞ് ചോദിച്ചു വെറുതെ വെള്ളം കുടിച്ചാൽ ഈ ചെടികൾക്ക് ശക്തി വരുമോ? മുത്തശ്ശി മറുപടിയായി പറഞ്ഞു നമ്മൾ ഒഴിക്കുന്ന വെള്ളം ഈ ചെടിയുടെ വേരിലേക്ക് ചെന്നിട്ട് ഈ വേര് മണ്ണിനടിയിലേക്ക് ആഴ്ന്നിറങ്ങി എല്ലാ വളങ്ങളെയും വലിച്ചെടുത്ത് ചെടിയെ കൂടുതൽ ശക്തിയുള്ളതാക്കി തീർക്കുകയാണ് ചെയ്യുന്നത്.

വെള്ളം ഒഴിച്ചു കൊടുക്കുമ്പോഴാണ് ചെടികൾ ശക്തിപ്പെടുന്നതെന്ന് നമുക്ക് അറിയാവുന്ന കാര്യമാണ്. എന്നിരുന്നാലും ജീവിതത്തിലും ഇതുപോലെ തന്നെയാണ്. ഓരോന്നിനും ആവശ്യമറിഞ്ഞ് പ്രവർത്തിക്കുമ്പോൾ മാത്രമാണ് നമുക്കെല്ലാം ജീവിതത്തിൽ പ്രയോജനമുണ്ടാകുന്നത്. ഒരുപക്ഷേ, നിങ്ങളുടെ കുഞ്ഞ് ആഗ്രഹിക്കുന്നത് ഈ ബിസ്ക്കറ്റും ബ്രെഡും അവർക്കുവേണ്ടി ഓടുന്ന അദ്ധ്വാനവും മാത്രമായിരിക്കില്ല. അവരുടെ കൂടെ അല്പസമയം ഇരിക്കുന്ന അച്ഛനെയും അമ്മയെയും ആയിരിക്കും. നിങ്ങളുടെ ജീവിത പങ്കാളി നിങ്ങളിൽ നിന്ന് ആഗ്രഹിക്കുന്നത് സാരമില്ല പോട്ടെ, ചേട്ടാ ഞാൻ കൂടെയുണ്ട് എന്നു പറയുന്ന ഒരു ഭാര്യയെയായിരിക്കും. ഒരു ഭാര്യ ആഗ്രഹിക്കുന്നത് അവളെ ഒന്ന് കേൾക്കാൻ മനസ്സ് കാണിക്കുന്ന തന്റെ ജീവിത പങ്കാളിയെയായിരിക്കും. സഹോദരർ ആഗ്രഹിക്കുന്നത് ഒരു ആയിരം രൂപ എങ്കിലും കടം ചോദിക്കുവാൻ സ്വാതന്ത്ര്യമുള്ള ഒരു സഹോദരനെയായിരിക്കും. അയൽക്കാരൻ ആഗ്രഹിക്കുന്നത് ഒരുപക്ഷേ ജനൽ തുറന്ന് കാണുമ്പോഴെങ്കിലും ഒന്ന് ചിരിക്കുന്ന സഹജീവിയെയായിരിക്കും. ആവശ്യക്കാരന് ആവശ്യമറിഞ്ഞ് അവന്റെ മുമ്പിൽ നാം ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ആകേണ്ട അവസ്ഥയിലേക്ക് മാറുമ്പോൾ മാത്രമാണ് നമ്മുടെ സ്നേഹം മറ്റുള്ളവർക്ക് പ്രയോജനമായി മാറുന്നത്. സ്നേഹം ഉണ്ട് എന്ന് പറയുകയും അത് ആവശ്യം അറിഞ്ഞ് കൊടുക്കാൻ സാധിക്കുകയും ചെയ്യുന്നില്ലെങ്കിൽ നമ്മൾ നല്ല വ്യക്തികളാകുന്നില്ല. സ്നേഹം ഉണ്ട് എന്ന് പറയുകയും ആവശ്യമറിഞ്ഞ് അവന്റെ മുമ്പിൽ സ്നേഹമാണെങ്കിലും സമയമാണെങ്കിലും അല്പസമയം ഇരിക്കുകയാണെങ്കിലും സാരമില്ല പോട്ടെ എന്നു പറയുന്നതാണെങ്കിലും എന്താണെന്ന് മനസ്സിലാക്കി ജീവിതത്തിൽ പ്രവർത്തിക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ.

## ഉപകാരസ്മരണ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഏലിയാമ്മ വർക്കി, നിരണം**

www.malankaralibrary.com



## അഭിനന്ദനങ്ങൾ



കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ എല്ലാ രൂപതകളിൽ നിന്നുമുള്ള ആനിമേറ്റേഴ്സിന്റെ പ്രതിനിധിയായി സംസ്ഥാന സിൻഡിക്കേറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സി. അലീന എസ്.ഐ.സി. ക്ക് അഭിനന്ദനങ്ങൾ.

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തു കൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, തിരുമൂലപുരം**



**2023 ഫെബ്രുവരി 18 ന്** കൂദാശ ചെയ്യപ്പെട്ട തിരുവല്ല അതിരൂപതയിലെ **കടമാൻകുളം തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം.**



**2023 മെയ് 6 ന്** കൂദാശ ചെയ്യപ്പെട്ട തിരുവല്ല അതിരൂപതയിലെ **തിരുവൻവണ്ടൂർ സെന്റ് ജോൺസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം.**

www.malankaralibrary.com

# ܝܘܠܦܢܐ ܕܠܫܢܐ ܣܘܪܝܝܐ

# സുറിയാനി ഭാഷാ പഠനം



ഫാ. ഡോ. രാജു പറക്കോട്ട്

## പാഠം 15
## പൗരോഹിത്യ തിരുവസ്ത്രങ്ങൾ

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽപ്പെട്ട പുരോഹിതർ വിശുദ്ധ കൂദാശകൾ അനുഷ്ഠിക്കുമ്പോൾ അണിയുന്ന തിരുവസ്ത്രങ്ങളുടെ സുറിയാനി പേരുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മർത്തൂത്തൊ, കറുത്ത കുപ്പായം (mantle, cloak) | ܡܪܛܘܛܐ |
| കുത്തീനോ (വെള്ളമേൽക്കുപ്പായം, ആൽബ്) (white robe) | ܟܘܬܝܢܐ |
| പയ്നൊ, കാപ്പ (cope) | ܦܝܢܐ |
| ഹമ്നീക്കൊ (necklace)<br>ഹൈമ്നിയ എന്നത് ഹമ്നീക്കൊ എന്ന പദത്തിന്റെ വികല രൂപമാണ്. | ܗܡܢܝܟܐ |
| ഊറോറൊ (stole)<br>തോളിൽ നിന്ന് താഴോട്ട് നെഞ്ചിലും പിറകു വശത്തുമായി കുരിശാകൃതിയിലാണ് കോറുയൊ ഊറോറൊ ധരിക്കുന്നത്. ഹെവ്പ്പദ്യക്ക്നൊ വലതു കക്ഷത്തിൽ ചുറ്റി ഇടത്തെ തോളിൽ മുമ്പോട്ടും പിറകോട്ടുമായി ഊറോറൊ ധരിക്കുന്നു. മ്ശംശോനൊ ഊറാറ ഇടത്തെ തോളിൽ മുമ്പോട്ടും പിറകോട്ടുമായി ഇടുന്നു. ഊറാറ എന്നത് ഈ പദത്തിന്റെ പൗരസ്ത്യ സുറിയാനി ഉച്ചാരണമാണ്. | ܐܘܪܪܐ |
| സൂനോറൊ, ഇടക്കെട്ട് (girdle)<br>സൂനാറാ എന്നത് ഈ പദത്തിന്റെ പൗരസ്ത്യ സുറിയാനി ഉച്ചാരണമാണ് | ܙܘܢܪܐ |

www.malankaralibrary.com



| | |
|---|---|
| സെൻദൊ. കൈയ്യുറ (sleeve) | ܙܢܕܐ |
| മ്സോനൊ, ചെരിപ്പ് (sandals) | ܡܣܐܢܐ |
| മസ്നപ്സൊ, ശീലമുടി (mitre, turban) ബിഷപ്പുമാർ വി. കുർബ്ബാനയിൽ സുവിശേഷവായന, അനാഫുറാ എന്നിവ ഒഴികെയുള്ള സമയത്ത് തല മൂടുന്നതിന് ഉപയോഗിക്കുന്ന അംശവസ്ത്രം. | ܡܨܢܦܬܐ |
| ഹുത്റൊ, അംശവടി (staff) | ܚܘܛܪܐ |
| ഊറോറൊ റാബൊ, പത്രസീൻ, വലിയ ഊറാറ (stole that extends both front and back) വി. കുർബ്ബാനയിൽ ബിഷപ്പുമാർ ധരിക്കുന്ന കാപ്പയുടെ മുമ്പിലും പിറകിലുമായി ഹമ്നീക്കോ പോലെ കിടക്കുന്നു. മദ്ധ്യപൂർവ്വദേശത്തുള്ളവർ പത്രസീൻ എന്നല്ല ബത്രശീൽ എന്നാണ് പറയുന്നത്. ബത്രശീൽ എന്നതും സുറിയാനി പദമല്ല. | ܐܘܪܪܐ ܪܒܐ |
| കുബ്ഊനൊ, മുടിതൊപ്പി (black hood worn by bishop) കറുത്ത നിറത്തിലുള്ള കീരിടം പോലെ അണിയുന്ന കുബ്ഊനൊയ്ക്ക് മത്തങ്ങയുടെ രൂപസാദൃശ്യം ഉള്ളതിനാൽ മത്തങ്ങാമുടി എന്നും അറിയപ്പെടുന്നു. | ܟܘܒܥܐ |
| എസ്കീമൊ, (monastic habit) 12 ചെറിയ കുരിശുകൾ മുൻ വശത്തും വലിയ കുരിശ് പിൻവശത്തും ഉള്ള കറുത്ത തുണികൊണ്ടുള്ള ശിരോവസ്ത്രമാണിത്. മദ്ധ്യപൂർവ്വദേശത്ത് എല്ലാ സന്യാസിനി-സന്യാസികളും എസ്കീമൊ ധരിക്കുന്നു. കേരളത്തിൽ ബിഷപ്പുമാരും റമ്പാന്മാരും മാത്രം ഇതു ധരിക്കുകയും മസ്നപ്സ എന്നറിയപ്പെടുകയും ചെയ്യുന്നു. | ܐܣܟܝܡܐ |

www.malankaralibrary.com



# ആന്റീബയോട്ടിക്ക് റെസിസ്റ്റൻസ് : ഒരു നിശബ്ദ മഹാമാരി






**ഡോ. ടീന ജേക്കബ്**
(Senior Resident,
Dept. of Microbiology
Pushpagiri Institute of Medical
Sciences and Research Centre)

**സെപ്റ്റംബർ 28, 1928**

ലണ്ടനിലെ സെന്റ് മേരീസ് ഹോസ്പിറ്റലിലെ ബാക്റ്റീരിയോളജി വിഭാഗം പ്രൊഫസർ ആയിരുന്നു ഡോക്ടർ അലക്സാണ്ടർ ഫ്ളെമിങ്ങ്. സ്റ്റെഫലോകോക്കസ് എന്നയിനം ബാക്ടീരിയയെകുറിച്ച് പഠനം നടത്തുകയായിരുന്നു അദ്ദേഹം. ആ കാലഘട്ടത്തിൽ പരീക്ഷണങ്ങൾക്കായി അദ്ദേഹം അത്തരം ബാക്റ്റീരിയകളെ പെട്രിഡിഷികളിൽ വളർത്തിയെടുത്തിരുന്നു. ഒരിക്കൽ അവധി കഴിഞ്ഞ് തിരിച്ചു വന്ന അദ്ദേഹം തന്റെ പെട്രിഡിഷിൽ പെൻസിലിയെ നോട്ടാറ്റം എന്നയിനം പൂപ്പൽ ബാധിച്ചിരിക്കുന്നതായി കണ്ടു. പൂപ്പൽ ബാധിച്ച ബാക്റ്റീരിയൽ കൾച്ചർ എടുത്തു കളയുന്നതിനു പകരം അദ്ദേഹം അതു നിരീക്ഷിക്കുകയാണ് ചെയ്തത്.

പൂപ്പൽ വളർന്നിരുന്ന ഭാഗങ്ങളിൽ ഉണ്ടായിരുന്ന ബാക്റ്റീരിയകൾ നശിച്ചു പോയിരിക്കുന്നതായി കണ്ടു. ഈ ഫംഗസ്സിൽ നിന്ന് വേർതിരിച്ചെടുത്ത പദാർത്ഥങ്ങൾക്ക് ബാക്റ്റീരിയകളെ നശിപ്പിക്കാൻ ശേഷിയുള്ളതായി അദ്ദേഹം മനസ്സിലാക്കി. ഈ യാദൃശ്ചികതയാണ് (serendipity) ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ കണ്ടെത്തലുകളിലൊന്നായി തീർന്ന പെൻസിലിൻ എന്ന ആന്റീബയോട്ടിക്ക്. മനുഷ്യന്റെ നിലനിൽപ്പിന് നിരന്തരം ഭീഷണിയായിരുന്ന അനേകം സൂക്ഷ് മാണു ബാധകളെ വരുതിയിൽ കൊണ്ടുവന്നതിൽ ആന്റീബയോട്ടിക്കുകൾ വഹിച്ച

www.malankaralibrary.com





**20-ാം നൂറ്റാണ്ട് ആന്റീബയോട്ടിക്കുകളുടെ സുവർണ്ണ കാലഘട്ടമെന്ന് പറയുമ്പോഴും 1940-ൽ തന്നെ പെൻസിലിൻ ആന്റീബയോട്ടിക്കിന്റെ പ്രവർത്തനത്തെ നിഷ്ഫലമാക്കുന്ന പെൻസിലിനേസ് എന്ന ജൈവ രാസപദാർത്ഥം ഉൽപ്പാദിപ്പിച്ച് ആന്റീബയോട്ടിക്കിനെ പ്രിരോധിക്കാൻ ശേഷിയുള്ള ബാക്റ്റീരിയകളെ കണ്ടെത്തിയിരുന്നു.**

പങ്ക് ചെറുതല്ല. 1928-ൽ ആദ്യ ആന്റീബയോട്ടിക്ക് കണ്ടെത്തിയെങ്കിലും 1945-ലെ ലോകമഹായുദ്ധ കാലത്താണ് 'ആന്റീബയോട്ടിക് വിപ്ലവം' ആരംഭിക്കുന്നത്. യുദ്ധത്തിൽ മുറിവേറ്റ ലക്ഷോപലക്ഷം സൈനികരെ മാരക സൂക്ഷ്മാണുബാധയിൽ നിന്ന് സുഖപ്പെടുത്തിയതോടെ തികച്ചും ഒരു അത്ഭുത മരുന്നായി ആന്റീബയോട്ടിക്കുകൾ അംഗീകരിക്കപ്പെട്ടു. അണുബാധമൂലമുണ്ടാകുന്ന മരണങ്ങൾ 50 ശതമാനത്തിൽ നിന്ന് 10-15 ശതമാനമായി കുറഞ്ഞു.

1945-1977 കാലഘട്ടങ്ങളിൽ നിരവധി നൂതന വിഭാഗം (ക്ളാസ്) ആന്റീബയോട്ടിക്കുകൾ ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്തു. എന്നാൽ കഴിഞ്ഞ മുപ്പതു വർഷങ്ങളിൽ ഒരു പുതിയ വിഭാഗം ആന്റീബയോട്ടിക്കുകൾ പോലും ശാസ്ത്രലോകത്തിന് കണ്ടെത്താനായിട്ടില്ല. മുൻപ് വികസിപ്പിച്ചെടുത്ത ആന്റീബയോട്ടിക്കുകളുടെ പരിഷ്കരണം മാത്രമാണ് ഇപ്പോൾ സംഭവിക്കുന്നത്.

20-ാം നൂറ്റാണ്ട് ആന്റീബയോട്ടിക്കുകളുടെ സുവർണ്ണ കാലഘട്ടമെന്ന് പറയുമ്പോഴും 1940-ൽ തന്നെ പെൻസിലിൻ ആന്റീബയോട്ടിക്കിന്റെ പ്രവർത്തനത്തെ നിഷ്ഫലമാക്കുന്ന പെൻസിലിനേസ് എന്ന ജൈവരാസപദാർത്ഥം ഉൽപ്പാദിപ്പിച്ച് ആന്റീബയോട്ടിക്കിനെ പ്രിരോധിക്കാൻ ശേഷിയുള്ള ബാക്റ്റീരിയകളെ കണ്ടെത്തിയിരുന്നു.

1945 ഡിസംബർ 11-ന് അലക്സാണ്ടർ ഫ്ളെമിങ്ങ് തന്റെ നോബൽ പ്രഭാഷണത്തിൽ ഇങ്ങനെ പറയുകയുണ്ടായി 'പെൻസിലിൻ കടകളിൽ ആർക്കും വാങ്ങാവുന്ന കാലം വന്നേക്കാം. അജ്ഞനായ മനുഷ്യൻ സ്വയം അനായാസം മരുന്നു കഴിക്കുകയും മാരകമല്ലാത്ത അളവിലുള്ള മരുന്നിലേക്ക് തന്റെ സൂക്ഷ്മാണുക്കളെ തുറന്നുകാട്ടുകയും ചെയ്യുന്നതിലൂടെ അവയെ പ്രതിരോധിക്കാൻ കഴിയുന്ന അപകടമുണ്ട്". ഇന്ന് അദ്ദേഹത്തിന്റെ മുന്നറിയിപ്പ് സത്യമായി തീർന്നിരിക്കുന്നു.

2019-ലെ ഒരു പഠനത്തിൽ ആന്റീബയോട്ടിക്കുകളെ പ്രതിരോധിക്കുന്ന സൂക്ഷ്മാണുക്കളുമായി ബന്ധപ്പെട്ട അണുബാധകൾ മൂലം പ്രതിവർഷം 10 ലക്ഷത്തിലധികം ആളുകൾ മരണപ്പെടുന്നതായി കണ്ടെത്തി. ആന്റീബയോട്ടിക്ക് പ്രതിരോധത്തെ മനുഷ്യരാശി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി ഇന്ന് വിദഗ്ദ്ധർ വിശേഷിപ്പിക്കുന്നു. ഈ പ്രശ്നം പരിഹരിക്കപ്പെടാതെ തുടരുകയാണെങ്കിൽ ഇതുമൂലം 2050 ഓടെ ഒരു കോടി ആളുകൾ മരണപ്പെടുമെന്ന് അവർ പ്രവചിക്കുന്നു.

## എന്താണ് ആന്റീബയോട്ടിക്ക് റെസിസ്റ്റൻസ്?

ലക്ഷകണക്കിന് മെട്രിക് ടൺ ആന്റീബയോട്ടിക്കുകളാണ് ലോകത്ത് ഉത്പാദിപ്പിക്കപ്പെടുന്നത്. ഈ കനത്ത ആന്റീബയോട്ടിക്ക് പ്രയോഗത്തെ അതിജീവിക്കാനായി സ്വയം പരിഷ്കരിക്കാനുള്ള അസാമാന്യ കഴിവാണ് ബാക്ടീരിയകൾ പ്രകടിപ്പിച്ചുകാണുന്നത്.

www.malankaralibrary.com


ബാക്റ്റീരിയകളുടെ ആവരണത്തേയോ, മറ്റു കോശഘടകങ്ങളേയോ പുനരുൽപാദനത്തേയോ പ്രതികൂലമായി ബാധിച്ചുകൊണ്ടാണ് ഭൂരിഭാഗം ആന്റിബയോട്ടിക്കുകളും അവയെ നശിപ്പിക്കുന്നത്. പല മരുന്നുകളെയും പ്രതിരോധിക്കാൻ പ്രാപ്തിയുള്ള ജനിതകഘടകങ്ങളുള്ള ബാക്ടീരിയകളുടെ സഞ്ചയം, പുരാതനകാലം മുതലെ പ്രകൃതിയിൽ തന്നെ ഉണ്ടായിരുന്നിരിക്കണം. അമിതമായി ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുമ്പോൾ പ്രകൃത്യാ പ്രതിരോധം ഇല്ലാത്ത ബാക്റ്റീരിയകൾ നശിച്ചു പോകുകയും പ്രതിരോധ ജീൻ ഉള്ളവ കൂടുതൽ പെറ്റുപെരുകയും ചെയ്യുന്ന പ്രതിഭാസമാണ്. റെസിസ്റ്റൻസിന് ഒരു കാരണമായി ചൂണ്ടികാണിക്കുന്നത്. ഇതിനുപുറമേ, പുതുതായി വരുന്ന ജനിതകമാറ്റം ബാക്ടീരിയകൾക്ക് ആർജ്ജിത പ്രതിരോധവും നൽകും.



പലവിധ ജനിതക മാറ്റങ്ങൾ കൊണ്ട് നിലവിലുള്ള ആന്റിബയോട്ടിക്ക് ചികിത്സാരീതികൾ ഫലപ്രദമല്ലാതാകുകയും തീവ്ര അണുബാധകൾക്കും ഉയർന്ന മരണനിരക്കുകൾക്കും കാരണമായേക്കാവുന്ന ബാക്റ്റീരിയകളെ 'സൂപ്പർ ബഗുകൾ' എന്നു വിശേഷിപ്പിക്കുന്നു.

ഇത്തരം സൂപ്പർ ബഗുകളുടെ സാന്നിദ്ധ്യം ഏറുമ്പോൾ ആന്റിബയോട്ടിക്ക് യുഗത്തിന് മുൻപിലുള്ള ഒരു രോഗാതുര കാലഘട്ടത്തിലേക്ക് മനുഷ്യരാശി തിരിച്ചു പോകുമോ എന്ന ആശങ്ക ശാസ്ത്രലോകത്തിനുണ്ട്.

## ആന്റിബയോട്ടിക്ക് റെസിസ്റ്റൻസ് എങ്ങനെ നിയന്ത്രിക്കാം

* പൊതുജനങ്ങൾ അനാവശ്യമായി ആന്റിബയോട്ടിക്ക് ആവശ്യപ്പെടുകയോ മരുന്നു കടകളിൽ നിന്ന് വാങ്ങി സ്വയം ചികിത്സ നടത്തുകയോ ചെയ്യരുത്. പ്രത്യേകിച്ച് വൈറൽ അണുബാധകൾക്ക് ആന്റിബയോട്ടിക്കുകൾ ഒരിക്കലും ഫലപ്രദമാകില്ല. ഇന്ത്യയിൽ കോവിഡ് മഹാമാരി പടർന്നു പിടിച്ച സമയത്ത് ആന്റിബയോട്ടിക്കുകൾ വൻ തോതിൽ അനധികൃതമായി ഉപയോഗിക്കപ്പെട്ടു.

* ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുമ്പോൾ ഡോക്ടറുടെ നിർദേശപ്രകാരമുള്ള കാലയളവിലേക്ക് കൃത്യമായ അളവിൽ തന്നെ അത് കഴിക്കുക.

ഡോസുകൾ മുടങ്ങുകയോ, കൃത്യമായ അളവിൽ ആന്റിബയോട്ടിക്ക് കഴിക്കാതിരിക്കുകയോ ചെയ്യുന്നതിലൂടെ ആന്റിബയോട്ടിക്കിനെതിരെ ശക്തി പ്രാപിക്കാൻ ശേഷിയുള്ള ബാക്റ്റീരിയകളുടെ വർദ്ധനവിന് കാരണമാകും. ക്ഷയരോഗ ചികിത്സ പോലെ നീണ്ടു നിൽക്കുന്ന ആന്റിബയോട്ടിക്ക് ചികിത്സ എടുക്കുമ്പോൾ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

* ഒരാൾക്ക് ഒരു പ്രത്യേക അണുബാധക്ക് ഉപയോഗിച്ച ആന്റിബയോട്ടിക്ക് മറ്റൊരാൾക്ക് അതേ രോഗത്തിന് ചിലപ്പോൾ ഫലപ്രദമാകില്ല. അതിനാൽ, രോഗം വരുമ്പോൾ സ്വയം ചികിത്സ നടത്താതെ വിദഗ്ധ ചികിത്സക്കു ഡോക്ടറെ സമീപിക്കുക. 'culture & sensitivity test' ചെയ്തതിനു ശേഷം ഉചിതമായ ആന്റിബയോട്ടിക്ക് ഉപയോഗിച്ച് ചികിത്സ നേടുക.

ചികിത്സാ കേന്ദ്രങ്ങളിൽ ശാസ്ത്രീയവും ഏകീകൃതവുമായ ആന്റിബയോട്ടിക്ക് പോളിസികൾ പ്രകാരം ചികിത്സ നൽകുവാൻ ഡോക്ടർമാർ പ്രത്യേകം ശ്രദ്ധിക്കുക.

ആന്റിബയോട്ടിക്ക് റെസിസ്റ്റൻസ് ഉണ്ടാകാനുള്ള മറ്റൊരു പ്രധാന കാരണം, കൃഷിയിടങ്ങളിലും വളർത്തു മൃഗങ്ങളിലുമുള്ള അശാസ്ത്രീയമായ ആന്റിബയോട്ടിക്ക് ഉപയോഗമാണ്. അനിയന്ത്രിതമായ ആന്റിബയോട്ടിക്ക് പ്രയോഗം തീർത്തും അപകടകരമാണ്.

ആന്റിബയോട്ടിക്ക് റെസിസ്റ്റൻസ് എന്നത് ഒരു സുപ്രധാന പൊതുജനരോഗ്യ പ്രശ്നമാണ്. ഒരു കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ ഈ നിശബ്ദ മഹാമാരിയെ നിയന്ത്രിക്കുവാൻ സാധിക്കുകയുള്ളൂ. ആരോഗ്യ വിദഗ്ധർ, ശാസ്ത്രജ്ഞർ, നിയമനിർമ്മാണകർ എന്നീ രംഗത്തുള്ളവരുടേയും പ്രത്യേകിച്ച് പൊതുജനങ്ങളുടേയും ബോധപൂർവമായ ശ്രമങ്ങൾ ഇതിന് ആവശ്യമാണ്.

ഒരു പുതിയ ആന്റിബയോട്ടിക്ക് നിലവിൽ വന്നാലും അതിനെ പ്രതിരോധിക്കാൻ കെൽപ്പുള്ള ബാക്ടീരിയകൾ അധികം വൈകാതെ ഉത്ഭവിക്കും. അതിനാൽ നിലവിലുള്ള ആന്റിബയോട്ടിക്കുകൾ ശാസ്ത്രീയമായി ഉപയോഗിക്കുക.

www.malankaralibrary.com



## സുവിശേഷസംഘാംഗങ്ങളുടെ സംഗമം



*തിരുവല്ല അതിരൂപതയിലെ കൈവയ്പ്പ് ലഭിച്ച സുവിശേഷസംഘാംഗങ്ങളുടെ സംഗമം 2023 ഏപ്രിൽ 21 ന് ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെട്ടു.*

## പ്രഥമവ്രതവാഗ്ദാനവും ജൂബിലി ആഘോഷവും



*ഹോളിസ്പിരിറ്റ് സന്യാസിനി സമൂഹത്തിലെ 2023 ഏപ്രിൽ 19-ാം തീയതി പ്രഥമവ്രതവാഗ്ദാനം നടത്തിയ സി. മേരി ജോസഫൈൻ, സി. ദീപ്തി, സി. മേരി സിസിലിയ, സി. മേരി റ്റിൻസി എന്നിവരും സിൽവർ ജൂബിലി ആഘോഷിച്ച സിസ്റ്റേഴ്സും അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായോടും പ്രൊവിൻഷ്യാൾ സി. അന്നമ്മ, ചാപ്ളെയിൻ റവ. ഫാ. സന്തോഷ് അഴകത്ത് എന്നിവരോടൊപ്പം.*


**കുടുംബ പ്രേഷിത കാര്യാലയം, ശാന്തിനിലയം**
**തിരുവല്ല അതിഭദ്രാസനം**

**വിവാഹ ഒരുക്ക സെമിനാർ**

**2023**



**ജൂൺ**
**13, 14**

**സി. ഷീബ ഒ.എസ്.എസ്.**
സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്
9495124446
8078390259

**ജൂലൈ**
**11, 12**

**ഫാ. തോമസ് തോപ്പിൽകളത്തിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്
9447271784
9497462813

www.malankaralibrary.com

## യുദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

## യുദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**തോപ്പിൽകളത്തിൽ, തോട്ടഭാഗം**

# Remembrance - MAY




Rt. Rev. Remban John Melamparampil
**2011 May 14**




Fr. Kuriakose Thalichira
**1982 May 14**



Fr. John Kunnath
**1989 May 19**



Fr. P. M. Abraham Puthenpeedikayil
**2004 May 23**




Fr. Abraham Kalakkudi
**2012 May 24**



Fr. Jacob Vazhuthalakatt
**1990 May 25**



Fr. George, Panakezham
**2021 May 26**



Fr. Zacharias Kumblakkunnel
**1992 May 27**



Malankara Matrimony



**MM - 142**

തിരുവല്ല അതിരൂപതയിൽ നിരണം മേഖലയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 27 വയസ്സ്, 159 c.m. ഇടത്തരം കുടുംബം. നേഴ്സായി ഖത്തറിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിദ്യാഭ്യാസവും ജോലിയുമുള്ള (ഖത്തറിൽ ജോലിയുള്ളവർക്ക് മുൻഗണന) യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 9947482400, 9526065809

**MM - 143**

ബത്തേരി രൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 26 വയസ്സ്, 158 c.m., weight 55 kg, Qualification - MSC Clinical Psychology, സൈക്കോളജിയിൽ പി.എച്ച്.ഡി. ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 9495662115

**MM - 144**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 29 വയസ്സ്, 178 c.m., Qualification - B.Sc Nurse, കുവൈറ്റിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. കുവൈറ്റിൽ ജോലിയുള്ള നഴ്സുമാർക്ക് മുൻഗണന. (ജൂൺ 1 ന് അവധിയ്ക്ക് നാട്ടിൽ വരും). Contact No. - 9598934156, 9400847511

**MM - 145**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 30 വയസ്സ്, 171 c.m., Qualification - B.com, ഷാർജയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 7558970308, 9497048308

**MM - 146**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 28 വയസ്സ്, 167 c.m., Qualification - B.Tech (Mechanical), ബഹ്റൈനിൽ സേഫ്റ്റി ഓഫീസറായി ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact No. - 9400585597, 9744286355

**MM - 147**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 29 വയസ്സ്, 165 c.m., weight - 54 kg, Qualification - B. Sc Nurse, ദുബായിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ ആൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 8330832547, 9188330547

**MM - 148**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 27 വയസ്സ്, 178 c.m., Qualification - B.Tech, M.Tech, മെക്കാനിക്കൽ എഞ്ചിനിയറിങ്ങിൽ റിസർച്ച് ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact No. - 6282069702, 9846921576

www.malankaralibrary.com





## മല്പാനോട് ചോദിക്കാം ? 11

# കറുത്തവനായ അബ്ഗാർ!!!

"കറുത്തവനായ അബ്ഗാറിന്റെ അപേക്ഷ കേട്ട് വേദനകളിൽനിന്നും രോഗങ്ങളിൽനിന്നും അവനു സ്വസ്ഥത നല്കിയതുപോലെ ബലഹീനരും പാപികളുമായ നിന്റെ ദാസരാകുന്ന ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട് നിന്റെ സ്ലീബായാൽ ഞങ്ങളുടെ മുറിവുകളെ സൗഖ്യമാക്കേണമെ"

പകുതി നോമ്പിന്റെ പ്രത്യേക ശുശ്രൂഷയായ സ്ലീബാ ആഘോഷത്തിൽ കാർമ്മികൻ വടക്ക് അഭിമുഖമായി നിന്നുകൊണ്ട് ചൊല്ലുന്ന ആദ്യ പ്രാർത്ഥനയിലെ ഒരു ഭാഗമാണ് മേലുദ്ധരിച്ചത്. ഇവിടെ പരാമർശിക്കപ്പെടുന്ന കറുത്തവനായ അബ്ഗാർ ആരാണ്? എന്തായിരുന്നു അദ്ദേഹത്തിന്റെ രോഗം? ആരാണ് അദ്ദേഹത്തിന് സൗഖ്യം നല്കിയത്?

പുരാതന മെസപ്പൊട്ടാമിയയിലെ എഡേസ്സ എന്ന രാജ്യത്തിലെ രാജാവായിരുന്ന കറുത്തവൻ (ഊക്കോമൊ) എന്ന് വിളിക്കപ്പെട്ടിരുന്ന അബ്ഗാർ (ബി.സി 1 – എ.ഡി. 50). ഇദ്ദേഹം യേശുവിന്റെ സമകാലികനും കുഷ്ഠരോഗബാധിതനുമായിരുന്നു. രോഗികളെ സൗഖ്യമാക്കുന്ന യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കേട്ടിരുന്ന അബ്ഗാർ യേശുവിനെ എഡേസ്സായിലേക്ക് ക്ഷണിച്ചുകൊണ്ടും, തന്റെ രോഗം സൗഖ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഒരു കത്ത് യേശുവിന് ദൂതൻ മുഖേന കൊടുത്തുവിടുന്നു. തന്നെ കാണാതെ തന്നെ തന്നിൽ വിശ്വസിച്ച അബ്ഗാറിന്റെ വിശ്വാസത്തെ പ്രശംസിച്ചും തന്റെ സ്വർഗ്ഗാരോഹണ ശേഷം തന്റെ ശിഷ്യരിലൊരുവൻ എഡേസ്സായിൽ വന്ന് അദ്ദേഹത്തെ സുഖപ്പെടുത്തുമെന്നും യേശു തന്റെ മറുപടി കത്തിൽ അബ്ഗാറിന് ഉറപ്പുകൊടുക്കുന്നു. ഇതനുസരിച്ച് മാർ അദ്ദായി ശ്ലീഹാ അബ്ഗാറിന് രോഗസൗഖ്യം നല്കുന്നു.

എ.ഡി. 4-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട എവുസേബിയൂസിന്റെ സഭാചരിത്രത്തിലും എ.ഡി. 5-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട മാർ അദ്ദായിയുടെ പ്രബോധനം (Doctrine of Addai) എന്ന ഗ്രന്ഥത്തിലും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല – 689 101. ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com




## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.


**ഒരു വിശ്വാസി, കാരയ്ക്കൽ**

## ഉപകാരസ്മരണ



**സൂസമ്മ രാജു, ആലപ്പുഴ**

www.malankaralibrary.com



www.malankaralibrary.com


# ചരമവാർഷികം



**കെ.കെ. ജോസഫ്**
വേർപാടിന്റെ 11–ാം വർഷം
06–03–2012

**തങ്കമ്മ ജോസഫ്**
വേർപാടിന്റെ 25–ാം വർഷം
23–05–1998

**തെങ്ങ്ളാവിൽ, തെങ്ങേലി**

പ്രാർത്ഥനയോടെ,
മക്കൾ : അമ്മിണി, ശാന്തമ്മ, വി.ജെ. കുര്യാക്കോസ്, രമണി, സജി, സുജ
മരുമക്കൾ, കൊച്ചുമക്കൾ

"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"



*Manufactures of*

**Office, House Hold,
Hospital Furniture
Gate, Grill,
Rolling Shutters,
Roof Works etc.**



Your safety Partner
Effehta
Since 1984

**EFFEHTA**
**PRODUCTION CENTRE**
STEEL FURNITURE UNIT

Mallappally P.O., Pathanamthitta Dist., Kerala, India - 689 585
E-mail: effehta@yahoo.com
An ISO 9001-2000 certififed Steel Furniture Unit
MANAGED BY TASTE
OWNED BY ARCH DIOCESE OF TIRUVALLA

Ph: 0469 2780552, 9447505105, 94472 87249

www.malankaralibrary.com

Date of Publication : 01-05--2023
Price Rs. 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
MAY 2023




www.pulimoottilonline.com pulimoottil.tvla
**KOLLAM I KOTTAYAM I PALA I THODUPUZHA I THRISSUR**

**M C ROAD, THIRUVALLA**
**PH: 0469 2602221, 97782 94521**

Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil